
# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ




## ജൂൺ - ജൂലൈ 2021

# പാപ്പുവ ന്യൂഗ്വിനിയയിലെ
# ഐതപ്പെ രൂപതാ
# നിയുക്ത മെത്രാൻ



## അഴങ്ങാട് ഇടവകാംഗമായ
## അഭിവന്ദ്യ സിബി മാത്യു പീടികയിൽ പിതാവിന്
## രൂപതാകുടുംബത്തിന്റെ
## പ്രാർത്ഥനാശംസകൾ



# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 6-7

ജൂൺ - ജൂലൈ 2021

കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രൊക്കുറേറ്ററായി
സ്ഥാനമേറ്റ



പെരിയ ബഹുമാനപ്പെട്ട
ഫിലിപ്പ് തടത്തിലച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രൊക്കുറേറ്ററായി
സേവനമനുഷ്ഠിച്ചതിനുശേഷം
പൊടിമറ്റം സെന്റ് മേരീസ് ഇടവകയുടെ
വികാരിയായി സ്ഥാനമേറ്റ



ബഹുമാനപ്പെട്ട
മാർട്ടിൻ വെള്ളിയാംകുളം അച്ചന്
രൂപതാകുടുംബത്തിന്റെ
സ്നേഹാദരവുകൾ.



ജൂലൈ 15–ാം തീയതി
നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന



സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട
കുര്യൻ താമരശ്ശേരി അച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാനിർഭരമായ
തിരുനാളാശംസകൾ!

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.6-7 ജൂൺ - ജൂലൈ 2021


| | | |
|---|---|---|
| ഇടയലേഖനം - സഭാദിനം | - | 6 |
| സർക്കുലർ - യുവജനദിനം | - | 15 |
| ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ | - | 20 |
| കച്ചേരിക്കാര്യം | - | 25 |
| അനുസ്മരണം | - | 35 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 43 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 52 |
| അജപാലനോത്തേജനവിഭാഗം | - | 53 |
| വിശ്വാസജീവിതപരിശീലനരംഗം | - | 59 |
| ചെറുപുഷ്പ മിഷൻലീഗ് | - | 66 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 68 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 70 |
| കുടുംബപ്രേഷിതത്വം | - | 76 |
| പിതൃവേദി | - | 77 |
| നസ്രാണി റിസേർച്ച് സെന്റർ | - | 79 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 80 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 83 |
| സന്യസ്തർ | - | 90 |
| കെ.സി.എസ്.എൽ. | - | 100 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 101 |
| കത്തോലിക്കാകോൺഗ്രസ് | - | 104 |
| ഫ്രാൻസിസ്കൻ അല്മായസഭ | - | 106 |
| ഡി.സി.എം.എസ്. | - | 107 |
| വിൻസെൻഷ്യൻ വേദി | - | 108 |
| വിമല പബ്ലിക്കേഷൻസ് | - | 110 |
| Special Care Homes & Charitable institution | - | 111 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 113 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 117 |
| രൂപതാവാർത്തകൾ | - | 120 |
| Bishop's Engagements | - | 128 |

Prot. No.0671/2021

# ഇടയലേഖനം
# ദുക്റാനതിരുനാൾ
# സഭാദിനം

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്**

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതു പോലെ കോവിഡ്-19ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടിവരുന്നത്.

**മഹാമാരിയുടെ പശ്ചാത്തലം**

കോവിഡ്-19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങ

ളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യ പ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന്

എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

**മാർ തോമാ ചൈതന്യവും മാതൃകയും**

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാ ഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽ നിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു നമുക്കും അവനോടുകൂടി പോയി മരിക്കാം (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു ഈശോയോടൊപ്പം മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷ ത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടു

തന്നെ ചോദിച്ചു മനസ്സിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും? എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, ഞാനാകുന്നു വഴിയും സത്യവും ജീവനുമെന്ന (യോഹ.14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി. ബി. സി. ഐ., കെ. സി. ബി. സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ്

നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർ സഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും!

നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും

സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലനപദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സീറോമലബാർ വിഷൻ, മൗണ്ട് വിഷൻ എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ

ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമ പ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ.സി.ബി.സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി.ഒ.സി. കേന്ദ്രമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിത സമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദ്ദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തുനിന്നുണ്ടാകരുത്. സമൂഹമാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായസംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ

കാലഘട്ടം നമുക്കു നൽകുന്നുണ്ട്. കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല...മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമറിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂൺ 27 -ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# യുവജനദിനം 2021, ജൂലൈ 4, ഞായർ
# കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജന ദിനമായി ആചരിക്കുന്നു. ഏവർക്കും കെ.സി.ബി.സി. യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് - 19 ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭാ നേതൃത്വത്തോടൊപ്പം നില കൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോളകത്തോലിക്കാസഭയുടെപരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരള സഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ടുതന്നെ കേരളത്തിലെ യുവജനശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും. ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ എന്നിവയാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകൻ പരിശ്രമിക്കണമെന്ന്

സഭ ആഗ്രഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളോടെയുള്ള മാധ്യമവിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സാർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമ്മപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസപരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

**യുവജനങ്ങൾ കാവൽക്കാർ**

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണ്ണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരുക്തരായും യുവജനസമൂഹം ഈ തീർത്ഥാടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ, അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീക്ഷ്ണത, സത്യത്തിൽ നിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരെയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ, അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളു.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കൂറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു.

സാർവത്രിക സഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനം

കൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുല തകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷ്ണത യോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടി കൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാ ധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങ ളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവ ശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവ രുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനു ധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടി കൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗി കൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവ രുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കു വാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടും ബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2, 52) യേശുവിനോട് അനുരൂപരായി തീരു വാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തി ലെത്തിച്ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാ ത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം

പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം., ജീസസ് യൂത്ത്, സി.എൽ.സി., മിജാർക്ക്, AICUF, യുക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റെയും ജീവിതങ്ങളുടേയും കാവലാളാകാൻ സർവ്വേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.
(ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ)

ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ)

ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682025

# ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങൾ അയയ്ക്കുന്നത് സംബന്ധിച്ച്

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ,

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥകൾ പഠിക്കുന്നതിനും പ്രതിസന്ധി നേരിടുന്ന മേഖലകൾ കണ്ടെത്തി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി റിട്ട. ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായുള്ള കമ്മീഷനെ 2020 നവംബർ അഞ്ചാം തീയതി കേരള സർക്കാർ നിയമിച്ചത് അറിഞ്ഞിരിക്കുമല്ലോ. 2021 മാർച്ച് മാസം മുതൽ പ്രവർത്തനം ആരംഭിച്ച കമ്മീഷൻ കേരളത്തിലെ ക്രൈസ്തവരുടെ പ്രശ്നങ്ങൾ ശ്രവിക്കുന്നതിനായി എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തുമെന്നാണ് അറിയുന്നത്. അതോടൊപ്പം തപാലും ഇ-മെയിലുംവഴി നിവേദനങ്ങളയച്ച് ഓരോരുത്തർക്കും തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കമ്മീഷനെ ബോധ്യപ്പെടുത്തുന്നതിനും സാധിക്കും.

നമ്മുടെ യഥാർത്ഥ അവസ്ഥയെന്തെന്ന് സർക്കാരിനെ ബോധ്യപ്പെടുത്തുവാൻ ചുമതലയുള്ള കമ്മീഷന്റെ മുമ്പിൽ നമ്മുടെ പ്രശ്നങ്ങൾ അറിയിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഗൗരവമായ കടമയാണ്. ഭാവിയിൽ ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള നയങ്ങളും കർമ്മപദ്ധതികളും സർക്കാർ വിഭാവനം ചെയ്യുന്നത് ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും എന്ന പ്രതീക്ഷയാണ് നമുക്കുള്ളത്. അതിനാൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ അപൂർവ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്കു കഴിയണം. ഇതുമായി ബന്ധപ്പെട്ട് ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു

1) ഇടവകകളിൽനിന്നു വ്യക്തിപരമായും ഔദ്യോഗികമായും പരാതികൾ അയയ്ക്കുന്നതിനെ ഏകോപിപ്പിക്കുന്ന കോ-ഓർഡിനേറ്റേഴ്സിന്റെ സമ്മേളനം ഇടവക തലത്തിൽ ഇതിനോടകം കൂടിയിട്ടുണ്ടാകുമല്ലോ. ഇല്ലെങ്കിൽ എത്രയുംവേഗം കൂടേണ്ടതാണ്.

2) നമ്മുടെ പിന്നോക്കാവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ നിവേദനങ്ങളിലൂടെ കൈമാറാവുന്നതാണ്. രൂപത, ഫൊറോന, ഇടവക, പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മ, സന്യാസ ഭവനങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽനിന്ന് എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ചുള്ള പൊതുനിവേദനങ്ങളും ഓരോ സ്ഥലങ്ങളിലെയും പ്രത്യേക സാഹചര്യം പരിഗണിച്ചുള്ള പ്രത്യേക നിവേദനങ്ങളും (ഉദാ. വന്യമൃഗശല്യം, കാർഷിക മേഖലയെങ്കിലും കട്ടപ്പന മുനിസിപ്പാലിറ്റി എന്ന നിലയിൽ EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ etc.) നൽകേണ്ടതാണ്. ഔദ്യോഗികമായി അയയ്ക്കുന്ന നിവേദനങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാനാവുംവിധം കവറുകളുടെ പുറത്ത് അത് രേഖപ്പെടുത്തുന്നതിനും ലെറ്റർ ഹെഡിൽ പരാതികളെ ഴുതുന്നതിനും ശ്രദ്ധിക്കുമല്ലോ.

3) ജനപ്രതിനിധികൾ, നിയമവിദഗ്ദ്ധർ, അധ്യാപകർ, നിയമപാലകർ, പൊതുപ്രവർത്തകർ, വിവിധ മേഖലകളിലെ പ്രമുഖവ്യക്തികൾ എന്നിവരെക്കൊണ്ട് ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലുകളും നിവേദനങ്ങളും അയപ്പിക്കുന്നതിന് ഇടവകതലത്തിലും ഫൊറോനാതലത്തിലും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) രൂപതയിലെ എല്ലാ സംഘടനകളും ഡിപ്പാർട്ട്മെന്റുകളും മുമ്പു സൂചിപ്പിച്ചതുപോലെ പൊതുനിവേദനങ്ങളും പ്രത്യേക നിവേദനങ്ങളും തയ്യാറാക്കി അയയ്ക്കേണ്ടതും തങ്ങളുമായി

ബന്ധപ്പെട്ട സംവിധാനങ്ങളെല്ലാം ഈ വിധത്തിൽ നിവേദനങ്ങൾ സമർപ്പിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് . സംഘടനകളുമായി ബന്ധപ്പെട്ട് ഇടവക, ഫൊറോനാ തലങ്ങളിൽ അയയ്ക്കുന്ന ഔദ്യോഗിക പരാതികളുടെ ഒരു കോപ്പി സംഘടനകളുടെ രൂപതാ ഓഫീസുകളിൽ എത്തിക്കുന്നതിന് നിർദ്ദേശം നൽകുമല്ലോ.

5) ഓരോ ഇടവകയും സംഘടനകൾ, കുടുംബ കൂട്ടായ്മകൾ എന്നിവ ഉൾപ്പെടുന്ന സംവിധാനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി പരമാവധി ആളുകളെക്കൊണ്ട് വ്യക്തിപരമായ നിവേദനങ്ങളും സമർപ്പിക്കേണ്ടതാണ്. ലഭ്യമായിരിക്കുന്ന മാതൃകാപരാതികളെ അവലംബമാക്കി വ്യക്തിപരമായി പരാതികൾ അയയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതും ഈ വിധത്തിൽ തയ്യാറാക്കിയ പരാതികൾ ഒരു നിശ്ചിതദിവസം ശേഖരിച്ച് ഓരോ പരാതിയുടെയും മൂന്നു കോപ്പികൾ കവറിലാക്കി അയക്കുന്നതിന് കോഡിനേറ്റർമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്. കാർഷികപ്രശ്നങ്ങൾ, കടബാധ്യത, വിദ്യാഭ്യാസ പ്രതിസന്ധി, തൊഴിലില്ലായ്മ പഠനത്തിനും തൊഴിലിലും സംവരണമില്ലായ്മ, വന്യമൃഗശല്യം തുടങ്ങിയ വിവിധ വിഷയങ്ങളിൽ വ്യക്തിപരമായ പരാതികൾ അയയ്ക്കാവുന്നതാണ്. വ്യക്തിപരമായി അയയ്ക്കുന്ന പരാതികളുടെയും ഒരു കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.

6) നമ്മൾ അയയ്ക്കുന്ന പരാതികളിൽ തെളിവുകൾകൂടി നൽകി പരാതികളുടെ ആധികാരികത കമ്മീഷനെ ബോധ്യപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ. സർക്കാർ ഉത്തരവുകൾ, വിവരാവകാശരേഖകൾ, പത്രവാർത്തകൾ, ഗവൺമെൻറ് വെബ്സൈറ്റ്, ഫോട്ടോ, വീഡിയോ എന്നിവയും വിവിധ മേഖലകളിലെ പ്രമുഖവ്യക്തികളെ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ എന്നിവയും തയ്യാറാക്കി തെളിവുകളെന്ന നിലയിൽ അവ കമ്മീഷന് അയയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) ഫൊറോനാ, ഇടവകതലങ്ങളിൽ പൊതുനിവേദനങ്ങളും പ്രത്യേക നിവേദനങ്ങളും തയ്യാറാക്കുന്നതിന് വ്യക്തികളെയോ ഗ്രൂപ്പുകളെയോ ചുമതലപ്പെടുത്തേണ്ടതാണ്. ഫൊറോനാ തലത്തിലോ ഇടവകതലത്തിലോ പ്രതിനിധികളെ ഉൾപ്പെടുത്തി കാര്യങ്ങൾ വിശദീകരിക്കുന്നതിന് ഓൺലൈൻ മീറ്റിംഗുകൾ ക്രമീകരിക്കുന്നതിന് ആവശ്യമെങ്കിൽ പാസ്റ്ററൽ ആനിമേഷൻ ഡിപ്പാർട്ട്മെന്റിനെ സമീപിക്കാവുന്നതാണ്.

8) പരാതികളയയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഫൊറോനയിലെ പ്രവർത്തനങ്ങൾ ഫൊറോനാ വികാരിയച്ചനും ഇടവകകളിലേത് വികാരിയച്ചന്മാരും നിയന്ത്രിക്കുന്നതാണ്. വ്യക്തിപരമായ പരാതികളും ഇടവക, ഫൊറോനാ തലങ്ങളിലുള്ള പരാതികളും അയച്ചുവെന്ന് വികാരിയച്ചന്മാർ ഉറപ്പു വരുത്തുമല്ലോ.

9) ഇടവകതലത്തിലും ഫൊറോനാതലത്തിലും ഔദ്യോഗികമായി അയയ്ക്കുന്ന പരാതികളുടെ ഒരു കോപ്പി രൂപതാ പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ നൽകേണ്ടതാണ്.

10) വ്യക്തിപരമായ പരാതികൾ ജൂലൈ അഞ്ചിന് മുമ്പും വിവിധ തലങ്ങളിലുള്ള ഔദ്യോഗിക പരാതികൾ ജൂലൈ 15 ന് മുമ്പും താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കാൻ കോർഡിനേറ്റർമാർ ശ്രദ്ധിക്കുമല്ലോ. ഓരോ പരാതിയുടെയും മൂന്നു കോപ്പികൾ വീതമാണ് അയയ്ക്കേണ്ടതെന്ന് പ്രത്യേകം ശ്രദ്ധിക്കുക. ഒരാൾക്ക് ഒന്നിൽ കൂടുതൽ വിഷയങ്ങളിൽ പരാതികളയയ്ക്കാവുന്നതാണെന്ന വിവരവും ഓർമ്മിപ്പിക്കുന്നു.

സെക്രട്ടറി ,
ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ,
രണ്ടാം നില, ഹൗസിങ് ബോർഡ് ബിൽഡിങ് ,
പനമ്പള്ളി നഗർ, കൊച്ചി -682036
Email: christianminoritycommission@gmail.com

11) മുകളിൽ വിവരിച്ച വിഷയങ്ങളിൻമേലുള്ള സംശയങ്ങൾക്ക് രൂപതാ പാസ്റ്ററൽ ആനിമേഷൻ ഓഫീസിനെ (9496033110) സമീപിക്കാവുന്നതാണ്.

നമ്മുടെ സമൂഹവുമായി ബന്ധപ്പെട്ട ഗൗരവമായ ഈ വിഷയത്തിൽ രൂപതാ പബ്ലിക് അഫയേഴ്സ് കമ്മറ്റിയുടെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്രൈസ്തവ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥ ശാസ്ത്രീയമായി പഠിക്കുന്നതിനായുള്ള സാമ്പിൾ സർവ്വേയും നമ്മുടെ രൂപതയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ മേഖലകളിലെല്ലാം വിവിധ തലങ്ങളിൽ സഹകരിക്കുന്നവരെ നന്ദിയോടെ ഓർക്കുന്നതിനൊപ്പം എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയിലും സ്നേഹത്തിന്റെ കൂട്ടായ്മയിലും നിങ്ങൾ ഓരോരുത്തരോടും ഒപ്പമായിരുന്നുകൊണ്ട്,

**മാർ ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
21.06.2021

# കച്ചേരിക്കാര്യം

### 1. സഭാദിനം

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മദിനമായ ജൂലൈ 3 സീറോമലബാർ സിനഡിന്റെ നിർദ്ദേശാനുസരണം സഭാദിനമായി ആഘോഷിക്കേണ്ടതാണ്.

### 2. യുവജനദിനം

2021 ജൂലൈ 4-ാം തീയതി ഞായറാഴ്ച യുവജനദിനമായി ആചരിക്കേണ്ടതാണ്.

### 3. സന്യാസിനീ-സന്യാസാർത്ഥികൾക്കുള്ള NOC ലഭിക്കുവാൻ

രൂപതയ്ക്ക് പുറത്തുള്ള സന്യാസിനി സന്യാസ സമൂഹങ്ങളിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപതാകച്ചേരിയിൽനിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) വാങ്ങിയിരിക്കണം. ഈ സർട്ടിഫിക്കറ്റ് വാങ്ങുവാൻ വരുമ്പോൾ താഴെപ്പറയുന്ന രേഖകൾ കൊണ്ടുവരേണ്ടതാണ്. **ബഹു. വികാരിയച്ചന്റെ ശുപാർശക്കത്ത്, ചേരുവാൻ ഉദ്ദേശിക്കുന്ന സന്ന്യാസസമൂഹത്തിന്റെ അനുമതിപത്രം, മാമ്മോദീസാ-സ്ഥൈര്യലേപന സർട്ടിഫിക്കറ്റുകൾ**. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 4. Transfers and Appointments
**1. Vicars**

**Rev. Frs.**

| | |
|---|---|
| Alunkel George | Chengalam |
| Mannookulam Jose | Pulinkatta |
| Panachickal Sebastian | Wallardie |

| | |
|---|---|
| Mestriparampil Peter | Kurumpanmoozhy |
| Kulampallil Varghese | Marykulam |
| Kollamkunnel Sebastian (Jr.) | Elangulam |
| Palakudy Martin | Chempanoly |
| Nellimalamattathil Joseph | Nettithozhu |
| Thattamparambil Jose | Co-Vicar, Kumily |
| Velliamkulam Martin | Podimattam |
| Platharavayalil Thomas | Meloram |
| Puthuparmpil Varghese | Erumely |
| Manjakuzhakunnel Varghese | Azhangadu |
| Thekkemury Thomas | Vellaramkunnu |
| Kidangathazhe Sebastian | Valiathovala |
| Mangalathail Thomas | Pullikkanam |
| Chavarapuzha James | Edakkunnam |
| Kochuveettil Abraham | Perunnadu/Bethanimala |
| Kozhimala James | Anavilasm |
| Manniparampil Dominic | Mangapetta |
| Kandaplackal Thomas | Vicar in charge, Grace Mount |
| Thazhathuveettil Sebastian | Mlamala |
| Kanjirakattu Thomas | Meenkuzhy/Koothattukulam |
| Ullattu Sebastian (Jr.) | Nilackal -Thulapally |
| Chirackal Varghese | Poomattam |
| Pannalakunnel Joseph | Chennakunnu |
| Nadackal Mathew | Plachery |
| Kaniamnadackal Varghese | Aniyartholu/Nirmalapuram |
| Panackakuzhiyil Mathew CMF | Niravu |
| Kunnapillil Thomas O.Carm. | Pampadumpara |
| Kizhakayil Michael | Mulankunnu (additional) |
| Maruthukunnel Joseph | Mangapara (additional) |
| Vadakkemuriyil Sebastian | Vicar in Charge, Tharakanattkunnu |

## 2. Assistant Vicars

**Rev. Frs.**

| | |
|---|---|
| Keeranchira Karlose | Anakallu |
| Varickasseril Varghese MCBS | Kumily |
| Arackaparambil Joby John | Elangulam |
| Kuttikattu Martin OSB | Ponkunnam |
| Kunnaplath Sebastian, Bijnor | Koruthodu |
| Ozhukayil George Joseph SAC | Valiathovala |
| Kadavil Joseph MCBS | Chengalam |
| Chemmacheril Joe Jacob SVD | Podimattam |
| Ponnamvarickayil Jordy Babu SVD | Kollamula |
| Parackal Varghese | Kanchiyar (additional) |

## 3. Other Appointments

**Rev. Frs.**

| | |
|---|---|
| Thadathil Philip | Eparchial Procurator |
| Mannamplackal Boby Alex | Manager, Marian College Kuttikanam, MIIM Kuttikanam |
| Ponganthanathu Joseph | Administrator, Marian College Kuttukanam, MIIM Kuttikanam |
| Chittadiyil Jose | Faculty/Hostel Director, MIIM Kuttikanam |
| Velliamkulam Martin | Member, Eparchial Finance Council |
| Pulthakidiyel Joseph | Eparchial Director, KLM |
| Pannalakunnel Joseph | Eparchial Director, KCSL |
| Naripparayil Thomas | Vice Rector/Procurator, Minor Seminary |
| Mattathil Scaria | Asst. Director, Marian Retreat Centre, Anakkara |
| Paikkara Kuruvila | Faculty, Marian College Kuttikanam |
| Nadackal Mathew | Faculty, Citadel School, Ranni |

**4. Relieved**

**Rev. Frs.**

| | |
|---|---|
| Palakudy Abraham | Vicar, Vellaramkunnu (on leave) |
| Kunnathupurayidom Joseph | Vicar, Tharakanattukunnu (on leave) |
| Pazheparambil Augustine | Vicar, Elangulam (additional) |
| Velliamkulam Martin | Eparchial Procurator |
| Thadathil Philip | Vicar, Marykulam |
| Ponganthanathu Joseph | Vicar, Nettithozhu |
| Kochuveetil Joseph | Asst. Executive Editor, Darshakan Monthly |
| Puthenveettil Manuraj | Spiritual Director, Marian Retreat Centre Anakkara (Study) |
| Marangattu Varghese | Vicar, Plachery, Vice Principal, Citadel Ranni (Study) |
| Parackal Varghese | Vicar, Perunnadu/Bethanimala (Study) |
| Porunnolil John | on leave |
| Kurusummoottil Mathew | Vicar, Mangapara |
| Ullattu Sebastian (Jr.) | Warden, Marian College Kuttikanam |
| Chittadiyil Jose | Vice Principal, Holy Family International School, Elangoi |
| Mattathil Scaria | Vicar, Chennakunnu, Asst. Director, Penuel Emmanuel Ashram, Thampalakadu |
| Thekkel Thomas | Eparchial Director, KLM |
| Naripparayil Thomas | Eparchial Director, KCSL |
| Pannalakunnel Joseph | Procurator, Minor Seminary |
| Mechirakathu Mathew CMF | Vicar, Niravu |
| Karimattathil Sanal O.Carm. | Vicar, Pampadumpara |
| Kuzhikattu Mathew | Asst. Vicar, Chengalam (Study) |
| Rephin Kamal SJ | Asst. Vicar, Nettithozhu |
| Kumpluvelil Priyesh SAC | Asst. Vicar, Kollamula |
| Kochery Tison CMI | Asst. Vicar, Koruthodu |
| Emprayil Sebastian CMI | Asst. Vicar, Mundiyeruma |
| Kothakulathu Cyriac OSH | Asst. Vicar, Elangulam |
| Kumbilimoottil Jorlin OFM Cap | Asst. Vicar, Valiathovala |

## Rescheduled date for submitting accounts of parishes in the Diocesan Curia, Finance Office, Pastoral Centre, Kanjirappally

| Name of Parishes | Date | Time |
|---|---|---|
| Kanjirappally St.Dominic's Cathedral | 12.08.21 | P.M. |
| Alampally St.Dominic's | 11.08.21 | A.M. |
| Amalagiri St.Thomas | 05.08.21 | P.M. |
| Amaravathy St.Josephs | 09.08.21 | A.M. |
| Anakallu St.Antonys | 30.07.21 | A.M. |
| Anakkara St.Thomas Forane | 28.06.21 | A.M. |
| Anavilasam St.George | 27.07.21 | A.M. |
| Anchilippa St.Pius X | 17.07.21 | P.M. |
| Angelvalley St.Marys | 27.07.21 | P.M. |
| Anickadu St.Marys | 08.07.21 | P.M. |
| Aniyartholu St.Thomas | 13.07.21 | A.M. |
| Arayanjalmannu St.Joseph | 08.07.21 | P.M. |
| Azhangadu St.Antonys | 07.08.21 | A.M. |
| Bethany Hills St.Marys | 19.07.21 | P.M. |
| Chakkupallom Carmel Matha | 06.08.21 | A.M. |
| Chamampathal Fathima Matha | 10.08.21 | P.M. |
| Chellarcoil Mar Sleeva | 29.07.21 | A.M. |
| Chemmannu St.Thomas | 27.07.21 | A.M. |
| Chembalam St.Marys | 30.06.21 | A.M. |
| Chempanoly St.Sebastians | 19.07.21 | P.M. |
| Chengalam St.Antonys | 22.07.21 | A.M. |
| Cheenkalthadam(Mailapara)St.Josephs | 15.07.21 | A.M. |
| Chenkal Sacred Heart | 01.07.21 | P.M. |
| Chennakunnu St.George | 05.07.21 | P.M. |
| Cheruvallikulam St.George | 15.07.21 | P.M. |

| | | |
|---|---|---|
| Cheruvally St.Marys | 14.07.21 | P.M. |
| Chinnar St.George | 09.08.21 | P.M. |
| Chottupara St.Gianna | 11.08.21 | A.M.. |
| Cumbummettu St.Josephs | 26.07.21 | A.M. |
| Edakunnam Velankanni Matha | 30.06.21 | P.M. |
| Edamon St.Marys | 07.08.21 | A.M. |
| Elamgulam St.Marys | 09.07.21 | P.M. |
| Elangoi Holy Cross | 30.07.21 | P.M. |
| Elappara St.Alphonsa | 10.07.21 | A.M. |
| Elikulam Infant Jesus | 06.07.21 | P.M. |
| Elivalikara St.Antonys | 09.07.21 | A.M. |
| Eruthuapuzha Infant Jesus | 14.07.21 | P.M. |
| Erumely Assumption Forane | 13.07.21 | A.M. |
| Grace Mount Grace Matha | 29.07.21 | A.M. |
| Greenvalley Infant Jesus | 23.07.21 | A.M. |
| Inchiyani Holy Family | 24.07.21 | P.M. |
| Kalthotty Holy Family | 26.07.21 | A.M. |
| Kanamala St.Thomas | 05.07.21 | P.M. |
| Kanayankavayal St.Marys | 23.07.21 | A.M. |
| Kanchiyar St.Marys | 10.07.21 | A.M. |
| Kannampally St.Marys | 03.08.21 | A.M. |
| Kannimala St.Josephs | 31.07.21 | P.M. |
| Kappadu Holy Cross | 13.07.21 | P.M. |
| Karikattoor St.Antonys | 07.08.21 | P.M. |
| Karikulam Fathima Matha | 27.07.21 | P.M. |
| Karunapuram St.Marys | 06.07.21 | A.M. |
| Kattappana St.George Forane | 21.07.21 | A.M. |
| Keerikara St.Antonys | 21.07.21 | P.M. |
| Kizhakkemattukatta St.Thomas | 24.07.21 | A.M. |

| | | |
|---|---|---|
| Kochera St.Josephs | 28.07.21 | A.M. |
| Kochuthovala St.Josephs | 17.07.21 | A.M. |
| Kollamula St.Maria Goretti | 30.06.21 | P.M. |
| Konni St.Jude | 08.07.21 | A.M. |
| Koovappally St.Josephs | 02.07.21 | P.M. |
| Koothattukulam Assumption | 12.07.21 | A.M. |
| Koratty Puthenpalli St.Josephs | 29.07.21 | P.M. |
| Koruthodu St.George | 23.07.21 | P.M. |
| Kozhencherry Holy Family | 16.07.21 | A.M. |
| Kumily(Attapallom)St.Thomasl | 05.07.21 | A.M. |
| Kunnumbhagom St.Josephs | 10.07.21 | P.M. |
| Kurupanmoozhy St.Thomas | 12.07.21 | P.M. |
| Kuzhitholu St.Sebastians | 01.07.21 | A.M. |
| Kuttikanam St.Mathews | 12.08.21 | A.M. |
| Madukka St.Mathews | 10.08.21 | P.M. |
| MangapettaSt.Thomas | 09.07.21 | P.M. |
| Mangappara Nityasahayamatha | 15.07.21 | P.M. |
| Manipuzha Christ Raj | 31.07.21 | P.M. |
| Mariagiri St.Sebastian | 17.07.21 | A.M. |
| Marykulam St.George | 08.07.21 | A.M. |
| Meenkuzhy Little Flower | 12.07.21 | A.M. |
| Melorem St.Sebastians | 05.08.21 | A.M. |
| Meppara Lourdu Matha | 06.07.21 | A.M. |
| Mlamala Fathima Matha | 16.07.21 | A.M. |
| Mukkoottuthara St.Thomas | 05.08.21 | A.M. |
| Mukkulam St.George | 06.07.21 | P.M. |
| Mulamkunnu Infant Jesus | 04.08.21 | P.M. |
| Mundakayam Our Lady of Dolours Forane | 26.07.21 | P.M. |
| Mundakayam St.John Paul II | 06.08.21 | P.M. |

| | | |
|---|---|---|
| Mundiyeruma Assumption Forane | 05.07.21 | A.M. |
| Murinjapuzha(Christunagar)St.George | 04.08.21 | A.M. |
| Nallathanny Holy Family | 26.07.21 | P.M. |
| Nariampara Holy Cross | 03.08.21 | A.M. |
| Nasranipuram St.Mathews | 15.07.21 | A.M. |
| Nettithozhu St.Isidor | 07.07.21 | A.M. |
| Neyyattusserry St.George | 03.08.21 | P.M. |
| Nilackal Thulappally Mar Thoma Sleeha | 20.07.21 | A.M. |
| Niravu St.Marys | 01.07.21 | P.M. |
| Nirmalagiri St.Antonys | 02.07.21 | A.M. |
| Nirmalapuram Holy Family | 13.07.21 | A.M. |
| Padanilam St.Sebastians | 04.08.21 | P.M. |
| Palampra Gathsemene | 29.07.21 | P.M. |
| Palapra Vimala Matha | 20.07.21 | P.M. |
| Paloorkavu St.George | 07.07.21 | P.M. |
| Pampadumpara St.George | 09.08.21 | A.M. |
| Panapilavu St.Josephs | 28.07.21 | P.M. |
| Pathanamthitta Mary Matha Forane | 19.07.21 | A.M. |
| Pazhayakoratty St.Marys | 11.08.21 | P.M. |
| Pazhayidom St.Michaels | 30.07.21 | P.M. |
| Peermedu St.Marys | 16.07.21 | P.M. |
| Periyar Vallakadavu St.Josephs | 10.08.21 | A.M. |
| Perunadu St.Jude | 19.07.21 | P.M. |
| Perumthenaruvi St.Josephs | 22.07.21 | A.M. |
| Peruvanthanam St.Josephs Forane | 12.07.21 | A.M. |
| Pezhumpara Sacred Heart | 01.07.21 | A.M. |
| Placherry Fathima Matha | 07.07.21 | A.M. |
| Podimattam St.Marys | 20.07.21 | P.M. |
| Ponkunnam Holy Family Forane | 07.07.21 | P.M. |

| | | |
|---|---|---|
| Poomattam St.Thomas | 17.07.21 | P.M. |
| Pulinkatta St.George | 04.08.21 | A.M. |
| Pulianmala St.Antonys | 24.07.21 | A.M. |
| Pullanithakady St.Ritas | 09.08.21 | P.M. |
| Pullikanam St.Thomas | 10.08.21 | A.M. |
| Punchavayal St.Sebastians | 28.06.21 | A.M. |
| Purakayam St.Josephs | 15.07.21 | P.M. |
| Puttady Velankanni Matha | 19.07.21 | A.M. |
| Rajagiri Christu Raj | 02.07.21 | A.M. |
| Ramakalmettu Sacred Heart | 31.07.21 | A.M. |
| Ranni Infant Jesus Forane | 28.06.21 | P.M. |
| Santhigiri St.George | 02.08.21 | A.M. |
| Sanyasioda Infant Jesus | 30.06.21 | A.M. |
| Seethathodu St.George | 24.07.21 | P.M. |
| Swaraj St.Pauls | 06.08.21 | P.M. |
| Thachapuzha St.Marys | 10.07.21 | P.M. |
| Thamarakunnu St.Ephrems | 22.07.21 | P.M. |
| Thampalakadu St.Thomas | 21.07.21 | P.M. |
| Tharakanattukunnu St.Antonys | 07.08.21 | P.M. |
| Thekkemala St.Marys | 02.08.21 | P.M. |
| Third Camp St.Josephs | 06.08.21 | A.M. |
| Uluppooni St.Alphonsa | 23.07.21 | P.M. |
| Umikuppa Lourdu Matha | 02.07.21 | P.M. |
| Upputhara St.Marys Forane | 28.07.21 | A.M. |
| Vadakkemala St.Sebastians | 03.08.21 | P.M. |
| Vakayar Infant Jesus | 08.07.21 | A.M. |
| Valiathovala Christ Raj | 09.07.21 | A.M. |
| Vallakadavu St.Antonys | 31.07.21 | A.M. |
| Vanchimala St.Antonys | 05.08.21 | P.M. |

| | | |
|---|---|---|
| Vandanmmedu St.Antonys | 20.07.21 | A.M. |
| Vandanpathal St.Pauls | 28.06.21 | P.M. |
| Vechoochria St.Josephs | 28.07.21 | P.M. |
| Velichiyani St.Thomas Forane | 16.07.21 | P.M. |
| Vellaramkunnu St.Marys | 14.07.21 | A.M. |
| Wallardy Holy Cross | 02.08.21 | A.M. |
| Yendayar St.Jude | 02.08.21 | P.M. |
| **Chapels/Shrines/Mission Stations etc.** | | |
| Anakuthymedu St.George,Kattappana | 21.07.21 | A.M. |
| 116 Colony St.Thomas, Koruthodu | 23.07.21 | P.M. |
| Anachari St.Marys, Peruvanthanam | 12.07.21 | A.M. |
| Kalaketty St.Martin de Porus Shrine | 14.08.21 | P.M. |
| Karithodu St.Josephs,Erumely | 13.08.21 | A.M. |
| Kayyoori St.Sebastins, Anickadu | 13.08.21 | P.M. |
| Kizhakkechemmannu St.George, Chemmannu | 27.07.21 | A.M. |
| Koinad St.Antonys, Kanayakavayal | 23.07.21 | A.M. |
| Kochukavu St.Thomas, Elikulam | 06.07.21 | P.M. |
| Manjookulam Sacred Heart, Kappad | 13.07.21 | P.M. |
| Manthara St.Antonys Pilgrimage Centre | 12.08.21 | P.M. |
| Mettukuzhy Velamkanni Matha ,Kattappana | 13.08.21 | P.M. |
| Pachakadu St.Jude,Mlamala | 16.07.21 | A.M. |
| Parumthumala St.Josephs,Thamarakunnu | 13.08.21 | A.M. |
| Sleevamount Mar Sleeva, Keerikara | 12.08.21 | P.M. |
| Thengumpally Infant Jesus | 14.08.21 | A.M. |
| Valakayam St.George | 14.08.21 | P.M. |
| Pious Mount Valiathovala | 09.07.21 | A.M. |

# റവ. ഫാ. ജോസഫ് ചെരുവിൽ
# അനുസ്മരണം



ആരവങ്ങൾക്കും ബഹളങ്ങൾക്കുമിടയിൽ നിശബ്ദനായി നീങ്ങുന്ന പുരോഹിതൻ .....

ലോകം പരിഷ്കാരത്തിന് പിന്നാലെ സഞ്ചരിച്ചിട്ടും അതിനിടയിൽ കൈമോശം വരാത്ത ലാളിത്യത്തിന്റെ മുഖം .....

നേടിയതതൊക്കെ അധികം , നേട്ടങ്ങളൊക്കെ ക്ഷണികം എന്ന് കരുതുന്ന നിഷ്കാമ കർമ്മി ......

വാക്കുകളിൽ ആർഭാടങ്ങളില്ലാത്ത പ്രവർത്തികളിൽ പ്രകടനപരതയില്ലാത്ത തനി നാട്ടിൻപുറത്തുകാരൻ....

81 വർഷം ജീവിച്ചു കടന്നുപോകുന്ന ചെരുവിലച്ചനെ അടയാളപ്പെടുത്തുന്നത് വ്യത്യസ്തമായ ഇത്തരം ഓർമ്മകളാണ്.

കല്ലുകളും കുഴികളും നിറഞ്ഞ ഗ്രാമീണ ഉൾവഴികളുടെ പശ്ചാത്തലത്തിലാണ് അച്ചന്റെ രൂപം ഓർത്തെടുക്കാൻ എളുപ്പം. 1967 ൽ തിരുപ്പട്ടമേറ്റ അച്ചൻ മലനാടിന്റെ അപ്പസ്തോലനും കുടിയേറ്റക്കാരുടെ മധ്യസ്ഥനുമായിരുന്നു.

ചെങ്കൽ ഇടവകയിൽ ചെരുവിൽ തോമസ് - എലിസബത്ത് ദമ്പതിമാരുടെ മകനായി 1940 ഏപ്രിൽ 4-ാം തീയതി ആയിരുന്നു ജോസഫച്ചന്റെ ജനനം. വാഴൂർ സെന്റ് മേരിസ് എൽ.പി.സ്കൂൾ, സെന്റ് ജോർജ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തീകരിച്ചു. തുടർന്ന് ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ അംഗമായി. ആലുവ സെന്റ് ജോസഫ് മേജർ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ നിർവഹിച്ചു. 1967 മാർച്ച് പതിമൂന്നാം തീയതി ചങ്ങനാശ്ശേരിയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച് ചെങ്കൽ തിരുഹൃദയ ദൈവാലയത്തിൽ പ്രഥമദിവ്യബലിയർപ്പിച്ചു. നരിവേലി എലിക്കുളം ഇടവകകളിൽ ഓരോ വർഷം സേവനമനുഷ്ഠിച്ചശേഷം ചെരുവിലച്ചൻ ഹൈറേഞ്ചിന്റെ ചെരുവുകളിലെത്തി. 36 വർഷം കുടിയേറ്റ ജനതയോടൊപ്പം കഠിനാധ്വാനം ചെയ്തു. മലയോരജനതയുടെ ആശകളും ആശങ്കകളും സന്തോഷങ്ങളും ഉത്കണ്ഠകളും അച്ചൻ ഏറ്റെടുത്തു. ഇരുചക്രവാഹനത്തിൽ കാലുകൾ ഇടയ്ക്കിടെ നിലത്തൂന്നി തോളിലൊരു തുണി സഞ്ചിയുമായി നീങ്ങുന്ന അച്ചന്റെ രൂപം ഹൈറേഞ്ചിലെ മിക്കവാറും ഇടവഴികൾക്ക് സുപരിചിതമാണ്. കൊച്ചറ, നസ്രാണിപുരം, കുമളി കണയങ്കവയൽ, കൊച്ചുതോവാള, നെറ്റിത്തൊഴു, ഉപ്പുതറ, വള്ളക്കടവ്, മേരികുളം, മ്ലാമല, കൽത്തൊട്ടി എന്നിവിടങ്ങളിലായി ദീർഘമായകാലം മലനാടിന്റെ കരുതലുള്ള ഇടയനായി ശുശ്രൂഷ ചെയ്തു. വഞ്ചിമലയും പഴയകൊരട്ടിയുമാണ് ഔദ്യോഗിക ജീവിതത്തിന്റെ അവസാനകാലഘട്ടത്തിൽ ശുശ്രൂഷചെയ്ത ഇടവകകൾ. പുത്തൻകൊരട്ടി Acting Vicar ആയും, കൊരട്ടി ഹോം ഓഫ് ഹോസ്പിറ്റാലിറ്റി, പൊൻകുന്നം ആരാധനാമഠം,

തച്ചപ്പുഴ കുരിശുപള്ളി, മുണ്ടക്കയം മെഡിക്കൽ ട്രെസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ചാപ്ലിനായും കാഞ്ഞിരപ്പള്ളി പഴയപള്ളി റെക്ടറായും സേവനം ചെയ്തു.

ഇടവക ശുശ്രൂഷയിൽ നിയതമായ വഴിതെളിച്ചു നീങ്ങുന്ന സൂക്ഷ്മതയുള്ള ഇടയനായിരുന്നു ചെരുവിലച്ചൻ. കുടുംബങ്ങളെയും വ്യക്തികളെയും കേന്ദ്രീകരിച്ചുള്ള അജപാലനശൈലിയായിരുന്നു അച്ചന്റെ ഹൃദയത്തിലുണ്ടായിരുന്നത്. കുഞ്ഞുങ്ങളെന്നോ മുതിർന്നവരെന്നോ വ്യത്യാസമില്ലാതെ സൗഹൃദത്തിൽ എല്ലാവരെയും ചേർത്തുനിർത്തി. മതഭേദമില്ലാതെ സ്നേഹാന്വേഷണങ്ങളുമായി എല്ലാ ഭവനങ്ങളിലും കയറിച്ചെന്നു. ബാല്യത്തിന്റെ നിഷ്കളങ്കതയെ ഇഷ്ടപ്പെട്ടിരുന്ന അച്ചൻ തോൾസഞ്ചിയിൽ അവർക്കായി എപ്പോഴും മധുരപലഹാരങ്ങൾ കാത്തുവച്ചു. പാവങ്ങളുടെയും ആകുലപ്പെടുന്നവരുടെയും മുന്നിൽ കരുണയുള്ള പിതാവായി.

കേരളത്തിൽ കരിസ്മാറ്റിക് പ്രസ്ഥാനം ആരംഭിച്ച കാലംമുതൽ അതിന്റെ സഹയാത്രികനാണ് ജോസഫച്ചൻ. ധ്യാനവേദികളിൽ ആത്മീയ ശുശ്രൂഷ നൽകാൻ അച്ചനെന്നും ഉത്സാഹിയായിരുന്നു. പ്രാർത്ഥനയുടെ അനുഭവത്തിൽ ആളുകളെ ചേർത്തു നിർത്തിയ ആ മുഖത്ത് എപ്പോഴും ആത്മീയ പ്രസന്നത നിറഞ്ഞുനിന്നു . അഴകാർന്ന പുഞ്ചിരിയും നിഷ്കളങ്കമായ വാക്കുകളും അച്ചന്റെ വ്യക്തിത്വത്തെ ഏവർക്കും പ്രിയങ്കരമാക്കി.

ഇടവക രജിസ്റ്ററുകളും റെക്കോർഡുകളും കൃത്യമായും ഭംഗിയായും എഴുതി സൂക്ഷിക്കുന്നതിലുള്ള അച്ചന്റെ സൂക്ഷ്മത ഏവർക്കും മാതൃകയാണ്. ഫൊറോന വൈദിക സമ്മേളനങ്ങളുടെ ചുമതല പലപ്പോഴും അച്ചനെ ഏൽപ്പിച്ചിരുന്നു. അതിൽ അച്ചന്റേതായ ഒരു അടുക്കും ചിട്ടയും ഉണ്ടായിരുന്നു. കൃത്യമായ

ഓർമ്മപ്പെടുത്തലോടെ പോസ്റ്റ് കാർഡും പിന്നാലെ ഫോൺവിളിയും എത്തുമ്പോൾ ആർക്കുമങ്ങനെ ഒഴിവാകാൻ കഴിയില്ല.

കൊച്ചച്ചന്മാരോട് ഏറെ കരുതലും സ്നേഹവും ചെരുവിലച്ചനുണ്ടായിരുന്നു. സഹശുശ്രൂഷരായ വൈദികർക്ക് ആ സാന്നിധ്യം എന്നും മധുരിക്കുന്ന ഓർമ്മകളാണ്. എല്ലാ വൈദികരെയും സ്നേഹഭാവത്തോടെ അരികിൽ നിർത്തുന്നതിൽ പ്രത്യേകപാടവം ചെരുവിലച്ചനുണ്ടായിരുന്നു.

ഏല്പ്പിക്കപ്പെട്ട ശുശ്രൂഷകളെല്ലാം വിശ്വസ്തതയോടെ നിർവഹിച്ച ജോസഫച്ചൻ 2021 മേയ്മാസം പതിനൊന്നാം തീയതി നിത്യസമ്മാനത്തിനായി യാത്രയായി. മേയ് പതിമൂന്നാം തീയതി ഭൗതികശരീരം ചെങ്കൽ തിരുഹൃദയ ദേവാലയ സെമിത്തേരിയിൽ അടക്കം ചെയ്തു.

പ്രകാശ ധാരികളായ പരിശുദ്ധന്മാരുടെ ഗണത്തിലേക്ക് ഈ പുരോഹിതനെയും സ്വീകരിക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

---

PWA അംഗങ്ങളായ ബഹുമാന വൈദികർ പരേതരായ ഫാ. മാത്യു പിണമറുകിൽ, ഫാ. ജോസഫ് ചെരുവിൽ എന്നിവരുടെ ആത്മശാന്തിക്കായി ഓരോ വിശുദ്ധ കുർബാനവീതം അർപ്പിക്കേണ്ടതാണ്.

പ്രസിഡന്റ്, PWA

# റവ. ഫാ. മാത്യു പിണമറുകിൽ
# അനുസ്മരണം



ദൈവജനത്തിന്റെ മനശാസ്ത്രം വളരെ കൃത്യമായി ഗണിച്ചറിഞ്ഞ് ആത്മീയതയുടെ പ്രായോഗിക പാഠങ്ങൾ വേഗം നിർമ്മിച്ചെടുക്കുന്ന കർമ്മകുശലനായ ഇടവക വികാരി. ആടുകളെ വളരെ അടുത്തറിയുന്ന ഇടയൻ. അതാണ് ഫാദർ മാത്യു പിണമറുകിൽ.

ഇടവക വികാരി, രൂപത പ്രോക്കുറേറ്റർ, രൂപത ആലോചന സമിതി അംഗം, രൂപതാ ഫിനാൻസ് കമ്മിറ്റി അംഗം, ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ, മൈനർ സെമിനാരി അധ്യാത്മിക നിയന്താവ്, എസ്റ്റേറ്റ് മാനേജർ ഇങ്ങനെ ഏൽപ്പിക്കപ്പെട്ട വ്യത്യസ്തമായ ശുശ്രൂഷകളെല്ലാം ജാഗ്രതയോടെ നിർവഹിച്ച് 2021 മെയ് മൂന്നാം തീയതി 82-മത്തെ വയസ്സിൽ മാത്യു പിണമറുകിൽ അച്ചൻ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു.

1939 ഏപ്രിൽ മാസം ഇരുപത്തിയാറാം തീയതി ചെങ്ങളം ഇടവക പിണമറുകിൽ കുരുവിള - ത്രേസ്യ ദമ്പതിമാരുടെ മകനായി ജനിച്ചു. കുടുംബം ഇഞ്ചിയാനിയിലേക്ക് കുടിയേറിയെങ്കിലും മാത്യുവച്ചൻ വല്യപ്പനോടൊപ്പം ചെങ്ങളത്ത് തന്നെ താമസിച്ച് സെന്റ് ആന്റണീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ചു. തുടർന്ന് ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. ആലുവ സെന്റ് ജോസഫ് സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. 1967 മാർച്ച് പതിമൂന്നാം തീയതി ചങ്ങനാശേരിയിൽ വച്ച് പൗരോഹിത്യപട്ടം സ്വീകരിച്ചു. തുടർന്ന് ഇഞ്ചിയാനി തിരുകുടുംബ ദേവാലയത്തിൽവച്ച് പ്രഥമ ദിവ്യബലിയർപ്പിച്ചു.

മണിമല പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയിലെ ചെമ്മണ്ണ്, പുന്നവേലി, അമ്പൂരി എന്നീ ഇടവകകളിൽ വികാരിയായും അമ്പൂരി എസ്റ്റേറ്റിന്റെ മാനേജരായും ശുശ്രൂഷ നിർവഹിച്ചു. ക്ലേശകരമായ സാഹചര്യത്തിൽ കഴിഞ്ഞ ദൈവജനത്തിന്റെ ഭൗതികമായ ആവശ്യങ്ങൾ കണ്ടറിഞ്ഞ് മുന്നോട്ടിറങ്ങിയ യുവ വൈദികൻ നാടിനും നാട്ടുകാർക്കും ആവേശമായി. റോഡു വെട്ടാനും വൈദ്യുതി എത്തിക്കാനും ബസ് കൊണ്ടുവരുവാനും വൈദ്യുതി എത്തിക്കാനും കൃഷി ഇറക്കാനുമൊക്കെ അച്ചൻ മുന്നിൽ നിന്നു. കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായപ്പോൾ തരകനാട്ടു പള്ളിയുടെ വികാരിയായി ചുമതല ഏറ്റെടുത്തു. തുടർന്ന് മുണ്ടക്കയം ഫൊറോന പള്ളിയുടെ വികാരിയായി ദീർഘകാലം ശുശ്രൂഷ ചെയ്തു. ഇതേകാലഘട്ടത്തിൽ രൂപതാ ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടറായും നിർമലഗിരി, വണ്ടൻപതാൽ പള്ളികളുടെ അഡീഷണൽ വികാരിയായും സേവനം നിർവഹിച്ചു. 1991-ൽ രൂപത പ്രൊക്കുറേറ്ററായി നിയമിതനായി. ആറു വർഷക്കാലം ആ തസ്തികയിൽ ശുശ്രൂഷ ചെയ്തു. അതോടൊപ്പം കറിക്കാട്ടൂർ,

കൂത്താട്ടുകുളം, മീൻകുഴി, സീതത്തോട്, ആലംപള്ളി, പുളിങ്കട്ട എന്നീ പള്ളികളിൽ അഡീഷണൽ വികാരിയായും മാറിമാറി സേവന മനുഷ്ഠിച്ചു. പിന്നീട് ആനക്കൽ, പൊൻകുന്നം, കുന്നുംഭാഗം പള്ളികളിൽ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിച്ചതിനുശേഷം രൂപതാ മൈനർ സെമിനാരിയിൽ ആത്മീയ നിയന്താവായി സേവനം അനുഷ്ഠിച്ചു.

ദൈവജന അധ്യാത്മികതയ്ക്ക് പുത്തൻ ഭാഷ്യങ്ങളെ രചിക്കുന്നതിൽ പിണമറുകിലച്ചന് അസാധാരണ വൈഭവം ഉണ്ടായിരുന്നു. ദൈവാലയ നിർമാണത്തിലും ഇതര കെട്ടിടം നിർമ്മിതിയിലും ജനങ്ങളുടെ മനസ്സുകണ്ട് നീങ്ങുവാൻ അച്ചന് പ്രത്യേക പ്രാവീണ്യമുണ്ടായിരുന്നു. നിർബന്ധങ്ങൾ ഇല്ലാതെ ഉദാരമായി നൽകുന്ന ദൈവജനം അച്ചന്റെ പെരുമാറ്റ ശൈലികളിൽ നിന്നും രൂപപ്പെട്ടു വന്നതാണ്. ദൈവജന പരിപാലനത്തിന് ഒരു പിണമറുകിൽ ശൈലി ഉണ്ടായിരുന്നു. മുണ്ടക്കയം, കറിക്കാട്ടൂർ, ആനക്കൽ, പൊൻകുന്നം എന്നിവിടങ്ങളിലെ മനോഹര ദേവാലയങ്ങൾ, മുണ്ടക്കയത്തെയും ആനക്കല്ലിലെയും സ്കൂൾ കെട്ടിടങ്ങൾ, അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ എല്ലാം മാത്യു അച്ചന്റെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ടതാണ്. പണി തീർന്നാലും പണം തീരാത്ത മാജിക് അച്ചന്റെ എല്ലാ സൃഷ്ടികളിലും ഉണ്ടായിരുന്നു.

ഇടവക സമൂഹത്തെ പ്രസാദാത്മകമായി പ്രവർത്തന നിരതരാക്കുന്ന അജപാലനരീതി മാതൃകാപരമാണ്. തിരുനാളുകൾ, സമ്മേളനങ്ങൾ, സെമിനാറുകൾ എന്തുമാകട്ടെ അവയെല്ലാം സ്നേഹവിരുന്നിന്റെ ഊഷ്മളതകൊണ്ട് ജനപ്രിയമാക്കാൻ അച്ചൻ പ്രത്യേകം താൽപര്യം എടുത്തിരുന്നു. വിരുന്നുമേശയുടെ പ്രായോഗിക ശാസ്ത്രത്തെ അജപാലനദൈവശാസ്ത്രവുമായി കൂട്ടിച്ചേർത്ത് ഇടവക കൂട്ടായ്മയ്ക്ക് പുതിയ രുചിക്കൂട്ട് ഒരുക്കുന്നതിൽ അച്ചൻ എന്നും വിജയമായിരുന്നു.

പ്രശ്ന സങ്കീർണമാകാവുന്ന സന്ദർഭങ്ങളെ തന്മയത്വമുള്ള പെരുമാറ്റം കൊണ്ടും വാക്കുകൊണ്ടും മറികടക്കും. ആരോഗ്യസ്ഥിതി എത്ര മോശമായാലും എന്തെങ്കിലും ചെയ്യുവാനുണ്ടെങ്കിൽ അച്ചൻ ഉന്മേഷവാനാകും . പൗരോഹിത്യ ദൈവവിളി ലഭിച്ചതിൽ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്ത അച്ചൻ സ്നേഹം വിതച്ച് സ്നേഹം കൊയ്തെടുത്തു. ശാസനയും വാത്സല്യവും തല്ലും തലോടലും എല്ലാം പിതൃ വാത്സല്യത്തോടെ നൽകി. ആ സ്നേഹമസൃണമായ പെരുമാറ്റശൈലിയും പൈതൃകമായ ഉപദേശവചനങ്ങളും ദൈവജനത്തിന്റെ മനസ്സിൽനിന്നും മായുകയില്ല. ബന്ധങ്ങൾ തകർന്നു പോകാനുള്ളതല്ല ഊട്ടിയുറപ്പിക്കാനുള്ളതാണ് എന്നു വിശ്വസിച്ചിരുന്ന അച്ചൻ ആദ്യ ഇടവകകൾ മുതലുള്ള ബന്ധങ്ങൾ കണ്ണിമുറിയാതെ കാത്തുസൂക്ഷിച്ചിരുന്നു. വിനോദയാത്ര നടത്തിയും വിരുന്നൂട്ടിയും മനുഷ്യഹൃദയങ്ങളെ കയ്യിലെടുത്ത പിണമറുകിലച്ചന് ജനസേവനവും പങ്കുവയ്ക്കലും എന്നും ആനന്ദമായിരുന്നു. രോഗങ്ങളും ബുദ്ധിമുട്ടുകളും എന്നും ഒപ്പം ഉണ്ടായിരുന്നെങ്കിലും അതിന്റെ അസ്വസ്ഥതകളോ ബുദ്ധിമുട്ടുകളോ ഇല്ലാതെ ശുശ്രൂഷകൾ എല്ലാം ഭംഗിയായി നിർവ്വഹിച്ച് എൺപത്തി രണ്ടാമത്തെ വയസ്സിൽ നിത്യപിതാവിന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 2021 മെയ് നാലാം തീയതി ഭൗതിക ശരീരം കാഞ്ഞിര പ്പള്ളി കത്തീഡ്രൽ സെമിത്തേരിയിൽ അടക്കം ചെയ്തു.

ജീവിക്കുന്നവരുടെ നാട്ടിലേക്ക് യാത്ര പുറപ്പെട്ടിരിക്കുന്ന ഈ പുരോഹിതന് ശാന്തിയും ആനന്ദവും പ്രദാനം ചെയ്യണമെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## മിശിഹാനുഭവവും സഭാകൂട്ടായ്മയും

### (തിരുവചനഭാഗം: 1 യോഹ 1,1-10)

യഥാർത്ഥ മിശിഹാനുഭവം ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ട മിശിഹാനുഭവമാണെന്നും അതാണ് സഭയെ ദൈവികകൂട്ടായ്മയായി രൂപപ്പെടുത്തുന്നതെന്നുമാണ് യോഹന്നാൻശ്ലീഹാ ഇവിടെ വ്യക്തമാക്കുന്നത്. ഈ ഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. മിശിഹാനുഭവം (1,1)
2. ശ്ലൈഹികസാക്ഷ്യം (1,2)
3. സഭാകൂട്ടായ്മ (1,3-4)
4. പ്രകാശത്തിൽ സഞ്ചരിക്കുക (1,5-7)
5. വചനത്താൽ വിശുദ്ധീകരിക്കപ്പെടുക (1,8-10)

ശ്ലൈഹികമായ മിശിഹാനുഭവമാണ് സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുന്നതെന്നും ആ കൂട്ടായ്മ പാപത്തിൽനിന്നും ശുദ്ധീകരിക്കപ്പെട്ടവരുടെ കൂട്ടായ്മയാണെന്നും ഈ ലേഖനഭാഗം വ്യക്തമാക്കുന്നു. ഈ ഭാഗത്തുനിന്നും നമുക്കു ലഭിക്കുന്ന ആദ്ധ്യാത്മികവിചിന്തനങ്ങൾ എന്തെന്നു പരിശോധിക്കാം.

**1. മിശിഹാനുഭവം**

*"ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശി*

*ച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു."* (1,1).

ഈശോയുടെ പരസ്യജീവിതകാലത്ത്, അവിടുന്നു തിരഞ്ഞെടുത്ത പന്ത്രണ്ടു ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് ഇവിടെ വിവരിക്കുന്നത്. ഈശോയുടെ വാക്കുകൾ അവർ കേട്ടു. ഈശോയുടെ പ്രവൃത്തികൾ അവർ കണ്ടു. ഈശോയുടെ അത്ഭുതങ്ങൾക്ക് അവർ ദൃക്സാക്ഷികളായി. അതിനുശേഷം ഈശോയുടെ പീഡാനുഭവമരണോത്ഥാനങ്ങൾക്കും അവർ സാക്ഷികളായി. ഈ അനുഭവമാണ് അവരുടെ മിശിഹാനുഭവമായി ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. 'ജീവന്റെ വചനം' എന്നാണ് യോഹന്നാൻ മിശിഹായെ വിശേഷിപ്പിക്കുന്നത്. 'ജീവൻ' എന്നത് 'നിത്യജീവൻ' അഥവാ 'ദൈവികജീവൻ' ആണ്. ദൈവത്തെ വെളിപ്പെടുത്തിയവൻ എന്ന നിലയിലാണ് മിശിഹാ 'ജീവന്റെ വചന'മായത്. ഈശോ മാത്രമാണല്ലോ ദൈവത്തെ വെളിപ്പെടുത്താൻ കഴിവുള്ളവൻ (യോഹ 1,18). ഈശോയുടെ ജീവിതവും മരണവും ഉത്ഥാനവുമെല്ലാം ദൈവത്തെ വെളിപ്പെടുത്തുന്നവയായിരുന്നു. അതുകൊണ്ടാണ് മിശിഹായെ 'ജീവന്റെ വചന'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നത്.

ശ്ലീഹന്മാരോടൊപ്പമുള്ള തന്റെ മിശിഹാനുഭവത്തെയാണ് ഇവിടെ യോഹന്നാൻ വിവരിക്കുന്നത്. എങ്കിലും 'ആദിമുതൽ ഉണ്ടായിരുന്നത്' എന്നും 'ജീവന്റെ വചനം' എന്നും വിശേഷിപ്പിക്കുന്നതുകൊണ്ട് ഇതു കേവലം ചരിത്രപരമായ ഒരനുഭവമല്ല, പ്രത്യുത, ഒരു വിശ്വാസാനുഭവമാണ് എന്നു മനസ്സിലാക്കാം. ഈശോയുടെ വാക്കുകളെയും പ്രവൃത്തികളെയും അത്ഭുതങ്ങളെയും ജീവിതത്തെയുമെല്ലാം 'അടയാളങ്ങൾ' എന്നാണ് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ വിശേഷിപ്പിക്കുന്നത് (20,3-31). തന്റെ അത്ഭുതങ്ങളെ അടയാളങ്ങളായി കാണാത്തവരെ ഈശോ കുറ്റപ്പെടുത്തുന്നുണ്ട് (യോഹ 6,26-27). ഈശോയുടെ വാക്കുകളും പ്രവൃത്തികളും അത്ഭുതങ്ങളുമൊക്കെ അനശ്വരജീവിതം മനുഷ്യർക്കു നല്കുവാൻ സ്വർഗത്തിൽനിന്നിറങ്ങിവന്ന ജീവന്റെ അപ്പമായ മിശിഹായുടെ അടയാള

ങ്ങളായി കാണുവാൻ നമുക്കു കഴിയണം. വചനപ്രഘോഷകരായ വൈദികരെന്ന നിലയിൽ നമ്മുടെ വാക്കുകളും പ്രവൃത്തികളും ജീവന്റെ വചനമായ സുവിശേഷത്തിന്റെ പ്രഘോഷണങ്ങളാക്കുവാൻ നാം ശ്രമിക്കണം.

**2. ശ്ലൈഹികസാക്ഷ്യം**

"*ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. പിതാവിനോടുകൂടി ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു*" (1,2).

ശ്ലൈഹികസാക്ഷ്യത്തെ യോഹന്നാൻ വിശേഷിപ്പിക്കുന്നത് 'സാക്ഷ്യപ്പെടുത്തുന്നു', 'പ്രഘോഷിക്കുന്നു' എന്നീ രണ്ടു വാക്കുകൾകൊണ്ടാണ്. ഇവ ആദിമസഭയിൽ സുവിശേഷപ്രഘോഷണത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്കുകളാണ്. അതുകൊണ്ട് ശ്ലൈഹിക ആധികാരികതയുള്ള വചനപ്രഘോഷണമാണ് ഇവിടെ വിവക്ഷിക്കുന്നത്. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണമാണല്ലോ മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമായി സഭയ്ക്കു ജന്മംകൊടുത്തതും വളർത്തിയതും: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. അവർ ശ്ലീഹന്മാരുടെ പ്രബോധനം, ... എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2,41-42). സഭയിൽ വചനപ്രഘോഷണത്തിനുള്ള പ്രാധാന്യമാണ് ഇതു സൂചിപ്പിക്കുന്നത്. പുരോഹിതശുശ്രൂഷയുടെ പ്രഥമദൗത്യം വചനശുശ്രൂഷയാണെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചിട്ടുള്ളത് (PO 4). ശ്ലൈഹിക ശുശ്രൂഷയുടെ പിൻതുടർച്ചയാണ് സഭയിലെ പൗരോഹിത്യശുശ്രൂഷ. അതുകൊണ്ട് പുരോഹിതൻ വചനശുശ്രൂഷയ്ക്ക് തങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നല്കണം.

"ഞങ്ങൾ അതു കണ്ടു" എന്ന് ഭൂതകാലത്തിലും, "അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു" എന്ന് വർത്തമാനകാലത്തിലു

മാണ് യോഹന്നാൻ വിശദീകരിക്കുന്നത്. ഇതു പിന്നീടും ലേഖനത്തിൽ കാണാവുന്ന ഒരു പ്രതിഭാസമാണ്: “പിതാവു തന്റെ പുത്രനെ ലോക രക്ഷകനായി അയച്ചുവെന്ന് ഞങ്ങൾ അറിഞ്ഞിരിക്കുന്നു. ഞങ്ങൾ അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു” (1 യോഹ 4,14). ഭൂതകാലത്തിൽ “ഞങ്ങൾ കണ്ടു” എന്നു പറയുന്നത് ഈശോയുടെ പരസ്യജീവിതകാലഘട്ടമാണെങ്കിൽ “ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു” എന്നത് ശ്ലീഹന്മാരുടെ ഇപ്പോഴത്തെ അജപാലനശുശ്രൂഷാകാലഘട്ടമാണ് (2,2). ഈശോയോടുകൂടെ ആയിരുന്ന് ആർജ്ജിച്ച വിശ്വാസാനുഭവമാണ് ഇപ്പോൾ ഈശോയെ സാക്ഷ്യപ്പെടുത്തുവാൻ ശ്ലീഹന്മാർക്കു കഴിവു നല്കുന്നത്. പുരോഹിതരും ഇന്ന് ഈശോയോടുകൂടി ആയിരുന്നുകൊണ്ടുവേണം വിശ്വാസാനുഭവം നേടുവാൻ. പരിശുദ്ധ കുർബാന സജീവമായി അർപ്പിച്ചുകൊണ്ടും, കൂദാശകൾ ഈശോയുടെ നാമത്തിൽ പരികർമ്മം ചെയ്തുകൊണ്ടും, യാമപ്രാർത്ഥനകളിലൂടെ ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിച്ചുകൊണ്ടും വിശ്വാസാനുഭവത്തിൽ വളർന്നാലേ പുരോഹിതർക്ക് ശരിയായവിധം വചനപ്രഘോഷകരാകാൻ കഴിയുകയുള്ളൂ.

**3. സഭാകൂട്ടായ്മ**

“*ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കു കൂട്ടായ്മയുണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്. ഞങ്ങൾ ഇതെഴുതുന്നത് ഞങ്ങളുടെ സന്തോഷം പൂർണമാകാനാണ്*” (1,3-4).

ശ്ലൈഹിക ആധികാരികതയോടുകൂടിയ സുവിശേഷപ്രഘോഷണത്തിന്റെ ലക്ഷ്യം കൂട്ടായ്മയാണെന്ന് ഇവിടെ വ്യക്തമാക്കുന്നു. ‘കൂട്ടായ്മ’ എന്ന വാക്കിന് ഗ്രീക്കിൽ ‘കൊയ്നോനിയ’ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരേ അനുഭവത്തിൽ പലർ പങ്കുചേരുന്നതിനെ സൂചിപ്പിക്കാനാണ് ഈ വാക്കുപയോഗിക്കുന്നത്. ശ്ലീഹന്മാരുടെ

മിശിഹാനുഭവത്തിൽ സഭാംഗങ്ങൾ പങ്കുചേരുന്നതിലൂടെ സഭ ഒരു കൂട്ടായ്മയായി തീരുന്നു. ഈ കൂട്ടായ്മ ഒരു ദൈവികകൂട്ടായ്മയാണെന്ന് ഇവിടെ വ്യക്തമാക്കുന്നുണ്ട്: "ഞങ്ങളുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" എന്ന് ഇവിടെ വിശദീകരിക്കുന്നു. ആകയാൽ ശ്ലൈഹിക മിശിഹാനുഭവം വിശ്വാസികളെ ദൈവൈക്യത്തിൽ ഒന്നിപ്പിക്കുന്നു. സഭ ദൈവികകൂട്ടായ്മയിൽ പങ്കുചേരുന്നവരുടെ സമൂഹമാണെന്ന് ഇതു വ്യക്തമാക്കുന്നു. ഇതാണ് സഭയിലെ എല്ലാ കുർബാനക്രമങ്ങളിലുമുള്ള പൗലോസ്ശ്ലീഹായുടെ "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" (2 കോറി 13,13) എന്ന അനുഗ്രഹപ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നത്.

മാമ്മോദീസാ ഈ കൂട്ടായ്മയിലേക്കുള്ള പ്രവേശനമാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ ഈശോ ശിഷ്യരെ സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കുന്ന വാക്കുകൾ ഇതു വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്: "ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28,19-20). ഈ വാക്യം ഗ്രീക്കുമൂലത്തിൽ കാണുന്നതിപ്രകാരമാണ്: "നിങ്ങൾ പോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേയ്ക്ക് മാമ്മോദീസാ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അഭ്യസിക്കുവാൻ അവരെ പഠിപ്പിച്ച്, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ". പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും 'നാമത്തിലേക്ക്' എന്നാണ് ഇവിടെ കാണുന്നത്. 'ത്രിത്വകൂട്ടായ്മയിലേക്ക് അവരെ പ്രവേശിപ്പിച്ച്' എന്നാണിത് അർത്ഥമാക്കുന്നത്. മാമ്മോദീസാ സ്വീകരിച്ചവരെല്ലാം പരിശുദ്ധ ത്രിത്വകൂട്ടായ്മയിലേക്കു പ്രവേശിപ്പിക്കപ്പെട്ടവരാണ്. ഈ

കൂട്ടായ്മയെക്കുറിച്ച് വിശ്വാസികളെ ബോധവൽക്കരിക്കുകയും ആ കൂട്ടായ്മയിൽ അവരെ വളർത്തുകയും ചെയ്യുക എന്നതാണ് പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ ലക്ഷ്യം. അതിനു മാതൃകയാകുന്നവിധം പുരോഹിതസാഹോദര്യം ജീവിക്കുവാനും പുരോഹിതർക്കു കടമയുണ്ട്.

**4. പ്രകാശത്തിൽ സഞ്ചരിക്കുക**

*"ഇതാണ് ഞങ്ങൾ അവനിൽനിന്നു കേൾക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്ന സന്ദേശം: ദൈവം പ്രകാശമാണ്. ദൈവത്തിൽ അന്ധകാരമില്ല. അവിടുത്തോടു കൂട്ടായ്മയുണ്ടെന്നു പറയുകയും അതേസമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജം പറയുന്നവരാകും; സത്യം പ്രവർത്തിക്കുന്നുമില്ല. അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും. അവിടുത്തെ പുത്രനായ ഈശോയുടെ രക്തം എല്ലാ പാപങ്ങളിലുംനിന്നു നമ്മെ ശുദ്ധീകരിക്കുന്നു"* (1,5-7).

ദൈവം പ്രകാശമാണ് (1,5). യോഹന്നാൻ ദൈവത്തിനു കൊടുക്കുന്ന മൂന്നു നിർവചനങ്ങളിൽ ഒന്നാണിത്. ദൈവം സ്നേഹമാണ് (1 യോഹ 4,8.16), ദൈവം അരൂപിയാണ് (യോഹ 4,24) എന്നിവയാണ് മറ്റു രണ്ടു നിർവചനങ്ങൾ. ദൈവം സ്വയം വെളിപ്പെടുത്തുന്നവനാണ് എന്നാണ് ഈ നിർവചനത്തിന്റെ അർത്ഥം. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനെ അഥവാ വചനമായ ഈശോയെ സ്വീകരിക്കുന്നവരാണ് ദൈവത്തിൽ വിശ്വസിക്കുന്നവർ. അപ്രകാരം ഈശോയെ സ്വീകരിച്ചവരാണ് മാമ്മോദീസായിലൂടെ വിശ്വാസികളുടെ സമൂഹമായിത്തീർന്ന സഭാംഗങ്ങൾ. അതുകൊണ്ടാണ് മാമ്മോദീസായെ 'ഹൃദയങ്ങളെ പ്രകാശിപ്പിക്കലാ'യി പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് (2 കോറി 4,6). വിശ്വാസമാകുന്ന പ്രകാശം ലഭിച്ചവർ അവശ്യം ദൈവികകൂട്ടായ്മയിൽ ജീവിക്കുന്നവരായിരിക്കും. കാരണം ദൈവം കൂട്ടായ്മയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വകൂട്ടാ

യ്മ. ആ കൂട്ടായ്മയിലേക്കു പ്രവേശിപ്പിക്കപ്പെട്ട ക്രൈസ്തവരും അവശ്യം പരസ്പരം കൂട്ടായ്മയിൽ ജീവിക്കുന്നവരായിരിക്കും. അതുകൊണ്ടാണ് പരസ്പരം കൂട്ടായ്മയില്ലാതെ ജീവിക്കുന്ന ക്രൈസ്തവർ വ്യാജം പറയുന്നവരായിരിക്കുമെന്ന് യോഹന്നാൻശ്ലീഹാ പറയുന്നത് (1,5).

പരസ്പരം കൂട്ടായ്മയിൽ ജീവിക്കുക എന്നത് ദൈവൈക്യത്തിന്റെ ഫലമായി സംഭവിക്കുന്നതാണ്. ദൈവം സ്നേഹമായതുകൊണ്ട് അവിടുന്നു സ്വയം വെളിപ്പെടുത്തുന്നത് സ്വയം നല്കിക്കൊണ്ടാണ്; തന്റെ സ്നേഹകൂട്ടായ്മ പങ്കുവച്ചുകൊണ്ടാണ്. ആ സ്നേഹകൂട്ടായ്മയിൽ പങ്കുചേരുന്നതുവഴി നാം പ്രകാശത്തിൽ സഞ്ചരിക്കുന്നവരും പരസ്പരം കൂട്ടായ്മയുള്ളവരുമായിത്തീരും. ഇപ്രകാരം പരസ്പര കൂട്ടായ്മയിൽ ജീവിക്കുന്നതാണ് വിശുദ്ധി. സ്നേഹമില്ലായ്മയാണ് പാപം. പത്തു പ്രമാണങ്ങളിൽ ആദ്യത്തെ മൂന്നു പ്രമാണങ്ങൾ ദൈവസ്നേഹത്തിന്റെയും, പിന്നീടുള്ള ഏഴു പ്രമാണങ്ങൾ പരസ്നേഹത്തിന്റെയും പ്രായോഗികമാനങ്ങളാണ്. അതുകൊണ്ട്, സ്നേഹമാകുന്ന ദൈവത്തിന്റെ പ്രകാശത്തിൽ ജീവിക്കുന്നവർ ദൈവസ്നേഹവും പരസ്നേഹവും ജീവിക്കുന്നവരാകും. അപ്രകാരം വിശുദ്ധിയിൽ വ്യാപരിക്കുന്നവരുമാകും. അതുകൊണ്ടാണ് പരസ്പരം കൂട്ടായ്മയുണ്ടെങ്കിൽ ദൈവപുത്രനായ മിശിഹായുടെ രക്തം എല്ലാ പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കും (1,7) എന്നു പറയുന്നത്. വിശുദ്ധിയ്ക്ക് ഒരു മുഖമേയുള്ളു. അത് സ്നേഹത്തിന്റെ മുഖമാണ്. ഈ യാഥാർത്ഥ്യം ജനങ്ങളെ പഠിപ്പിച്ച്, അതു ജീവിക്കുവാൻ അവരെ പരിശീലിപ്പിച്ച്, വിശ്വാസത്തിന്റെ പ്രകാശത്തിൽ ജീവിക്കുവാൻ അജപാലകർ പ്രത്യേകമായി പരിശ്രമിക്കണം.

### 5. വചനത്താൽ വിശുദ്ധീകരിക്കപ്പെടുക

"*നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാക*

*യാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലുംനിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. നാം പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞാൽ നാം അവനെ വ്യാജം പറയുന്നവനാക്കുന്നു. അവന്റെ വചനം നമ്മിൽ ഉണ്ടായിരിക്കുകയുമില്ല."* (1,8-10).

മിശിഹായുടെ രക്തം നമ്മെ പാപങ്ങളിൽനിന്നു വിശുദ്ധീകരിക്കുന്നു (1,7) എന്നതിന്റെ തുടർച്ചയായി വിശുദ്ധീകരണത്തിൽ വചനത്തിനുള്ള പ്രാധാന്യം യോഹന്നാൻ എടുത്തുകാണിക്കുന്നു. വചനത്തിലൂടെയുള്ള വിശുദ്ധീകരണവും രക്തത്താലുള്ള വിശുദ്ധീകരണവും ഒരേ വിശുദ്ധീകരണപ്രക്രിയയുടെ രണ്ടു വശങ്ങളാണ്. മിശിഹായുടെ രക്തം അഥവാ അവിടുത്തെ ബലിയർപ്പണം യാന്ത്രികമായി ആരെയും വിശുദ്ധീകരിക്കുകയില്ല. വചനസ്വീകരണത്തിലൂടെയും അതിനു കൊടുക്കുന്ന പ്രത്യുത്തരമായ വിശ്വാസത്തിലൂടെയുമാണ് മിശിഹായുടെ ബലിയർപ്പണം ഒരുവനിൽ ഫലമുളവാക്കുന്നത്. മിശിഹായുടെ ബലിയർപ്പണം ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് (1 യോഹ 3,16). ഈ സ്നേഹത്തിന്റെ വെളിപ്പെടുത്തലിന് പ്രത്യുത്തരം നല്കുന്നതാണ് വിശ്വാസം. അതുകൊണ്ട് മിശിഹായുടെ ബലിയർപ്പണവും അതിനു മനുഷ്യൻ നല്കുന്ന വിശ്വാസത്തിന്റെ പ്രത്യുത്തരവും ഒന്നുചേർന്നാണ് രക്ഷയും വിശുദ്ധീകരണവും നടക്കുന്നത്. മറ്റുവാക്കുകളിൽ, വചനത്തിലൂടെയും കൂദാശകളിലൂടെയുമാണ് മിശിഹാ തന്റെ വിശുദ്ധീകരണം നിർവഹിക്കുന്നത്.

വിശുദ്ധീകരണം പാപങ്ങളുടെ ഏറ്റുപറച്ചിൽ ആവശ്യപ്പെടുന്നുണ്ട് (1,9). വിശ്വാസത്തിനു പ്രകാശം നല്കുന്നതാണ് പാപങ്ങളുടെ ഏറ്റുപറച്ചിൽ. 'ഏറ്റുപറയുക' എന്നതിന് 'ഹൊമൊളൊഗെയിൻ' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് 'പരസ്യമായ ഏറ്റുപറച്ചിൽ' എന്നാണർത്ഥം. പാപങ്ങൾ പരസ്യമായി ഏറ്റുപറയുന്ന പാരമ്പര്യം പഴയനിയമത്തിലും പുതിയനിയമത്തിൽ സ്നാപകന്റെ ശുശ്രൂഷാവേദിയിലും നാം കാണുന്നുണ്ട്. ആദിമസഭയുടെ പാരമ്പര്യരേഖകളിലും പാപങ്ങളുടെ പരസ്യമായ ഏറ്റുപറച്ചിൽ സഭയിലുണ്ടായിരു

ന്നതായി സൂചനയുണ്ട്. അതുകൊണ്ട് സഭയുടെ ആരാധനക്രമശുശ്രൂഷയുടെ ഭാഗമായിരുന്നു പാപങ്ങളിൽനിന്നുള്ള വിശുദ്ധീകരണ പ്രക്രിയ എന്നതിനു സംശയമില്ല. അതുകൊണ്ട് അനുതാപജന്യമായ വിശ്വാസത്തോടെയും സ്നേഹത്തോടെയും പരിശുദ്ധ കുർബാനയിലും കൂദാശകളിലും സജീവമായി പങ്കുചേർന്ന് സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങൾക്കെല്ലാം കഴിയണം. ആരാധനക്രമാഘോഷത്തിനു നേതൃത്വം കൊടുക്കുന്ന പുരോഹിതർ ഇപ്രകാരം സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കത്തക്കവിധം തങ്ങളുടെ ആരാധനക്രമശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. എന്റെ ജീവിതവും വാക്കുകളും പ്രവൃത്തികളും സുവിശേഷപ്രഘോഷണശേഷിയുള്ളവയാക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
2. പരിശുദ്ധ കുർബാനയർപ്പണത്തിലൂടെയും കൂദാശാപരികർമ്മത്തിലൂടെയും മിശിഹാനുഭവത്തിൽ വളർന്ന് വചനപ്രഘോഷണം നടത്തുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. സഭാകൂട്ടായ്മയ്ക്കു മാതൃകയായി പൗരോഹിത്യസാഹോദര്യം ജീവിക്കുവാനും പരിപോഷിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. പരസ്പരകൂട്ടായ്മയിൽ ജീവിച്ച് വിശ്വാസത്തിന്റെ പ്രകാശത്തിൽ സഞ്ചരിക്കുന്നവരാകുവാൻ ഞാൻ വിശ്വാസികളെ എങ്ങനെ പരിശീലിപ്പിക്കുന്നു?
5. പരിശുദ്ധ കുർബാനയിൽ എല്ലാവരും സജീവമായി പങ്കുചേർന്ന് സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ ഉതകുന്നവിധം കുർബാനയർപ്പിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 12,000/- |

**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

# സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. ഫിലിപ്പ് പരുവനാനി**
**07-07-2012**



**റവ. ഫാ. ജോൺ കുന്നപ്പള്ളി**
**11-07-1993**



**റവ. ഫാ. മാത്യു കാപ്പുകാട്ട്**
**19-07-1990**



**റവ. ഫാ. ജോർജ് കോലത്ത്**
**24-07-2003**

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശശേഖരണം**

ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള ജീവൻ ദശാംശശേഖരണത്തിന് ആത്മാർത്ഥമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇതിനോടകം തന്നെ ഇടവകകൾ ദശാംശശേഖരണം പൂർത്തിയാക്കി തുക എത്തിച്ചുകഴിഞ്ഞു. അർഹതപ്പെട്ടവരുടെ കരങ്ങളിൽ എത്രയും വേഗം സഹായമെത്തിക്കുന്നതിനായി ജീവൻ ദശാംശശേഖരണം കൃത്യമായി പൂർത്തീകരിക്കുവാൻ കോവിഡ് ലോക്ഡൗൺ പോലും തടസ്സമാകാതെ ശ്രദ്ധിച്ച് നേതൃത്വം നല്കിയ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും ഇടവകപ്രതിനിധികളുടെയും സന്യസ്തരുടെയും കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെയും ശുശ്രൂഷകളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഇനിയും ദശാംശശേഖരണം പൂർത്തിയാക്കുവാനുള്ള ഇടവകകൾ ജൂലൈ 15 ന് മുമ്പ് പൂർത്തിയാക്കുമല്ലോ. പതിനായിരം രൂപയും അതിൽ കൂടുതൽ തുകയും അക്കൗണ്ട് ട്രാൻസ്ഫറിലൂടെ മാത്രമാണ് നിലവിലെ നിയമമനുസരിച്ച് സ്വീകരിക്കാനാവുന്നത്. അക്കൗണ്ട് ട്രാൻസ്ഫറിനുശേഷം പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ ഫോണിൽ വിളിക്കുകയോ വാട്ട്സ് ആപ്പ് മെസേജ് നല്കുകയോ ചെയ്യുമല്ലോ (ഫാ. സ്റ്റാൻലി 9446033110)

**രൂപതാദിനം (മെയ് 12) ഓൺലൈനിൽ**

കോവിഡ് ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, രൂപതാദിനം ഓൺലൈനിൽ വൈദികസമ്മേളനമായി നടത്തി. രൂപതയെ നയിച്ച മാർ ജോസഫ് പൗവത്തിൽ, മാർ മാത്യു വട്ടക്കുഴി, മാർ മാത്യു അറയ്ക്കൽ എന്നീ അഭിവന്ദ്യ പിതാക്കന്മാരെയും വിവിധ ശുശ്രൂഷകളി

ലൂടെ രൂപതയെ സമ്പന്നമാക്കിയ വൈദികരെയും സന്യസ്തരെയും അത്മായ പ്രേഷിതരെയും നന്ദിയോടെ സ്മരിക്കുന്നുവെന്നും മുമ്പോട്ടുള്ള യാത്രയിൽ അവരുടെ മാതൃക ശക്തി നൽകുന്നതാണെന്നും മാർ ജോസ് പുളിക്കൽ അധ്യക്ഷപ്രസംഗത്തിൽ അനുസ്മരിച്ചു.

മുഖ്യാതിഥിയായിരുന്ന ബാംഗ്ളൂർ ധർമാരാം കോളജ് റെക്ടർ റവ. ഡോ. പോൾ അച്ചാണ്ടി ദുരിതസാഹചര്യങ്ങളെ പെന്തക്കുസ്താ അനുഭവമാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവയ്ക്കുകയും പ്രതിസന്ധികളിൽ പ്രത്യാശയോടെ മുന്നേറിയ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയെ അനുസ്മരിപ്പിക്കുകയും ചെയ്തു. ഓൺലൈൻ സമ്മേളന ക്രമീകരണങ്ങൾക്ക് കുട്ടിക്കാനം മരിയൻ കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷൈജു കാരിക്കക്കുന്നേൽ, ഫാ. സോബി കന്നാലിൽ എന്നിവർ നേതൃത്വം നൽകി.

ഏറ്റം ബഹുമാനപ്പെട്ട താമരശ്ശേരി കുര്യൻ അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ വിശിഷ്ടവ്യക്തിയായി എത്തിയ റവ. ഡോ. പോൾ അച്ചാണ്ടിയ്ക്ക് ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ നന്ദിയറിയിച്ചു. സമ്മേളനത്തിന് ഏറ്റം ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചൻ നന്ദി അറിയിച്ചു.

### സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ക്വാറന്റീൻ സൗകര്യം

കോവിഡ് ക്വാറന്റീനിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി കഴിയുന്നതിന് മെയ് 24 മുതൽ പാലമ്പ്രയിൽ രൂപതാ യുവദീപ്തി SMYM- ന്റെ നേതൃത്വത്തിൽ ക്വാറന്റീൻ സൗകര്യം ക്രമീകരിച്ചിരുന്നു. രൂപതാ യുവദീപ്തി SMYM പ്രവർത്തകരെയും ക്വാറന്റീൻ കേന്ദ്രത്തിലെത്തുന്നവരെ ശുശ്രൂഷിക്കുന്നതിന് സന്നദ്ധത അറിയിച്ച പാലമ്പ്ര DST കോൺവെന്റിനും ഭക്ഷണക്രമീകരണത്തിന് സന്നദ്ധത അറിയിച്ച FCC പ്രൊവിൻഷ്യൽ ഹൗസ്, സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ്, പാലമ്പ്ര സി.എം.സി. കോൺവെന്റ്, എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസ്, പൊടിമറ്റം സെന്റ് ജോൺ ഓഫ് ഗോഡ് കോൺവെന്റ് എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും 12 വയസിൽ താഴെയുള്ള ആൺകുട്ടികൾക്കുമായിട്ടാണ് സൗകര്യങ്ങൾ ക്രമീകരിച്ചത്.

**വൈദികർക്കായുള്ള വെബിനാറുകൾ**

കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികർക്കായി മെയ് 28 വെള്ളിയാഴ്ച New clothing for a New world എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിക്കപ്പെട്ടു. ന്യൂസ്പേപ്പർ എഡിറ്ററും മാന്നാനം കെ.ഇ. കോളജ് മുൻ അധ്യാപികയുമായ പ്രൊഫ. ലീന ജോസ് റ്റി. പുതിയ ലോകത്തിലെ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്നതിന് സഹായകമാകുന്ന ചിന്തകൾ പങ്കുവച്ചു. രാവിലെ 10.30 മുതൽ 12 വരെ നടന്ന സമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ആമുഖ സന്ദേശം നല്കുകയും പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ നന്ദിപ്രകാശിപ്പിക്കുകയും ചെയ്തു.

സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പിലെ സ്കോളർഷിപ്പുകളുടെ വിതരണത്തിലെ 80:20 അനുപാതത്തിനെതിരായ ഹൈക്കോടതി വിധി നേടിയെടുക്കുവാൻ നേതൃത്വം നല്കി ഹർജി ഫയൽ ചെയ്ത അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ (പാലക്കാട്), പ്രസ്തുത നീക്കവുമായി ബന്ധപ്പെട്ട് എല്ലാക്കാര്യങ്ങളിലും ചുക്കാൻ പിടിച്ച ശ്രീ. അമൽ സിറിയക് (ചങ്ങനാശ്ശേരി) എന്നിവർ ജൂൺ 8 ചൊവ്വാഴ്ച രാവിലെ 11 മുതൽ 12 വരെ രൂപതയിലെ വൈദികരോട് ഓൺലൈനിൽ സംവദിച്ചു. ന്യൂനപക്ഷവിഷയത്തിൽ അർഹതപ്പെട്ടത് നമുക്ക് ലഭിക്കുന്നതിന് ജാഗ്രതയുള്ളവരാകുന്നതിന് ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ഇരുവരും പങ്കുവച്ചു. പാലക്കാട് രൂപത വിശ്വാസപരിശീലന വിഭാഗം കോഡിനേറ്റർ കൂടിയായ അഡ്വ. ജസ്റ്റിനെയും തിരുവനന്തപുരം ലൂർദ് എഞ്ചിനിയറിംഗ് കോളജ് അസി. പ്രൊഫസർ കൂടിയായ ശ്രീ. അമലിനെയും അഭിവന്ദ്യ പിതാവ് സ്വാഗതപ്രസംഗത്തിൽ അഭിനന്ദനം അറിയിച്ചു. ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ ജെ.ബി. കോശി കമ്മീഷന് പരാതികൾ അയയ്ക്കുന്നതിന് രൂപതാ-ഇടവകതലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നല്കുകയും രൂപതാ പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ഫാ. സ്റ്റാൻലി പുള്ളോലിക്കൽ നന്ദി അറിയിക്കുകയും ചെയ്തു.

വൈദികരുടെയും ഇടവകപ്രതിനിധികളുടെയും ഓൺലൈൻ മീറ്റിംഗ് ക്രൈസ്തവരുടെ സാമ്പത്തികാവസ്ഥ പഠിക്കുന്നതിന് സംസ്ഥാന സർക്കാർ നിയോഗിച്ചു. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രായോഗിക നിർദ്ദേശങ്ങൾ നല്കുന്നതിന് എല്ലാ ഇടവകകളിലെയും വൈദികർ, കൈക്കാരന്മാർ, സംഘടനാപ്രസിഡന്റുമാർ, സന്യസ്ത പ്രതിനിധി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, പാസ്റ്ററൽ കൗൺസിലംഗങ്ങൾ എന്നിവർക്കായുള്ള ഓൺലൈൻ മീറ്റിംഗ് ജൂൺ 13 ഞായറാഴ്ച വൈകിട്ട് 6.45 മുതൽ 8 മണിവരെ നടത്തപ്പെട്ടു. സീറോ മലബാർ സഭാ പബ്ലിക് അഫയേഴ്സ് കമ്മീഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെയിംസ് കൊക്കാവയലിൽ (ചങ്ങനാശ്ശേരി) ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ പ്രസക്തിയെക്കുറിച്ച് വിഷയാവതരണം നടത്തി. തുടർന്ന് നടത്തിയ ചർച്ചകൾക്ക് ഫാ. എബ്രാഹം കൊച്ചുവീട്ടിൽ മോഡറേറ്ററായിരുന്നു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് മുഖ്യസന്ദേശം നല്കുകയും ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ പ്രായോഗിക തലത്തിൽ ചെയ്യാനാവുന്ന കാര്യങ്ങളെ കുറിച്ച് നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. രൂപതാ വികാരി ജനറാൾ ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ സമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും രൂപതാ പാസ്റ്ററൽ കൗൺസിൽ, സി.ബി.സി.ഐ. ലെയ്റ്റി കൗൺസിൽ സെക്രട്ടറിയും രൂപതാ പബ്ലിക്ക് അഫയേഴ്സ് കമ്മറ്റി കോഡിനേറ്ററുമായ അഡ്വ. ഷെവ. വി.സി. സെബാസ്റ്റ്യൻ നന്ദി അറിയിക്കുകയും ചെയ്തു. ഇടക്കുന്നം ഇടവകാംഗവും ഡി.സി.എം.എസ്. സംഘടനാംഗവുമായ മിസ് ലിന്റാ റോസ് വർഗീസ് നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ വിവിധ തലങ്ങളിൽ നിന്നായി 850-ഓളം ആളുകൾ പങ്കെടുത്തു.

**സാമ്പിൾ സർവേ**

കാഞ്ഞിരപ്പള്ളി രൂപതയിലെ സാമൂഹിക സാമ്പത്തികാവസ്ഥ പഠിക്കുന്നതിനായി തൃശൂർ പറോക്ക് ഇൻസ്റ്റിട്യൂട്ടിന്റെ സഹകരണത്തോടെ കുട്ടിക്കാനം മരിയൻ കോളജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ രൂപതയിലെ സാമ്പിൾ സർവേക്കായി തെര

ഞ്ഞെടുത്ത മേരികുളം, മേപ്പാറ, വെളിച്ചിയാനി, സീതത്തോട്, ചെങ്കൽ, ചാമംപതാൽ, കണയങ്കവയൽ എന്നീ ഇടവകകളിൽ നിന്നുമുള്ള സർവ്വേകൾ പൂർത്തിയായി.

വിവിധ ഇടവകകളിൽ നിന്നുള്ള 80-ൽ അധികം സർവ്വേ ടെക്കേഴ്സിന്റെ സഹായത്തോടെയാണ് സർവ്വേ പൂർത്തീകരിച്ചത്. നേരിട്ട് വീടുകളിലെത്തി നടത്തുന്നതിന് നിശ്ചയിച്ച സർവ്വേ കോവിഡിന്റെ പശ്ചാത്തലത്തിൽ ഫോണിലൂടെ നടത്തുന്നതിന് തീരുമാനിക്കുകയായിരുന്നു. ഫോണിലൂടെ സർവ്വേ നടത്തുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ കുട്ടിക്കാനം മരിയൻ കോളജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ഷൈജു കാരിക്കക്കുന്നേലും, സർവ്വേ നടത്തുന്നതിന്റെ സാങ്കേതിക വശങ്ങൾ മരിയൻ കോളജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് അസി. പ്രൊഫസർ അനീന അന്ന സെബാസ്റ്റ്യനും മെയ് 27 വ്യാഴാഴ്ച രാവിലെ 10 മണിക്ക് നടന്ന സൂം കോൺഫ്രൻസിൽ നല്കി. ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സ് അച്ചൻ സർവ്വേ ടെക്കേഴ്സായി സന്നദ്ധതയോടെ കടന്നുവന്നവരെ അഭിനന്ദിച്ചു.

സർവ്വേ ടെക്കേഴ്സായെത്തിയിട്ട് പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലം പിൻമാറിയവർക്ക് പകരമെത്തി സർവ്വേ പൂർത്തിയാക്കുവാൻ സന്നദ്ധരായ 15 ഓളം യുവദീപ്തി - എസ്.എം.വൈ.എം. അംഗങ്ങൾക്കായി ജൂൺ 11 വെള്ളിയാഴ്ച വൈകിട്ട് 8 മണി മുതൽ നടത്തപ്പെട്ട സൂം കോൺഫ്രൻസിൽ സർവ്വേ നടത്തുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ മിസ് അനീന അന്ന സെബാസ്റ്റ്യൻ നൽകി.

സർവ്വേ പൂർത്തിയാക്കുവാൻ നേതൃത്വം വഹിച്ച കുട്ടിക്കാനം മരിയൻ കോളജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ഷൈജു കാരിക്കക്കുന്നേൽ, സോഷ്യൽ വർക്ക് വിഭാഗം മേധാവി റവ. ബ്രദർ ജോസഫ് ചാരുപ്ലാക്കൽ, അസി. പ്രൊഫസർ അനീന അന്ന സെബാസ്റ്റ്യൻ സർവ്വേ ടെക്കേഴ്സ്, സർവ്വേ ടെക്കേഴ്സിനെ തെരഞ്ഞെടുത്തു നല്കിയ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, സർവ്വേ നടത്തപ്പെട്ട ഇടവകകളിലെ വികാരിയച്ചന്മാരുടെയും ഇടവക ജനങ്ങളുടെയും ഹൃദയപൂർവ്വമായ സഹകരണം സർവ്വേയിലുടനീളം സഹായകരമായി

രുന്നു.

### സന്യാസിനികളുടെ പ്രൊവിൻഷ്യൽ ടീമംഗങ്ങളുടെ മീറ്റിംഗ്

രൂപതയിലെ സന്യാസിനി സമൂഹങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ, ജനറൽ സുപ്പീരിയർ, ടീമംഗങ്ങൾ, വിവിധ സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികൾ എന്നിവർക്കായി ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങൾ നല്കുന്നതിനെക്കുറിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നല്കുന്നതിനായി ജൂൺ 22 ചൊവ്വാഴ്ച വൈകുന്നേരം 6 മണിമുതൽ 7 മണി വരെ സൂം കോൺഫ്രൻസ് സംഘടിപ്പിക്കപ്പെട്ടു. പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ സ്വാഗതമാശംസിച്ചു. ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ പ്രായോഗിക നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചർച്ചയിൽ മോഡറേറ്ററായിരിക്കുകയും ചെയ്തു. വിവിധ സന്യാസിനീ സമൂഹങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിന് പാസ്റ്ററൽ ആനിമേഷൻ ഡയറക്ടറച്ചൻ നന്ദി അറിയിച്ചു.

### അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ കത്ത്

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങൾ അയയ്ക്കുന്നത് സംബന്ധിച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് രൂപതയിലെ മുഴുവൻ വിശ്വാസികൾക്കുമായി കത്ത് നൽകിയിട്ടുണ്ട്. അഭിവന്ദ്യ പിതാവ് കത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ സംശയങ്ങൾക്ക് വ്യക്തത വരുത്തുന്നതിനായി പാസ്റ്ററൽ ആനിമേഷൻ ഓഫീസിനെ സമീപിക്കാവുന്നതാണ്.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**ആരാധനക്രമാധിഷ്ഠിത വിശ്വാസജീവിതപരിശീലനം: കുടുംബ വേദിയിൽ**

ആരംഭം മുതൽ സഭയിൽ വിശ്വാസകൈമാറ്റം നടന്നിരുന്നത് ആരാധനക്രമത്തിൽ അധിഷ്ഠിതമായാണ്. (Mystagogical Catechesis). വിശ്വാസം ആരാധനയും ആരാധന അനുഭവവും അനുഭവം പരിശീലനവുമായി. ആരാധനക്രമത്തിൽ ഭാഗഭാക്കുകളാക്കിക്കൊണ്ട് മാതാപിതാക്കൾ മക്കളിൽ വിശ്വാസമെന്ന പുണ്യം നട്ടുവളർത്തി. ആരാധനക്രമവത്സര ചൈതന്യത്തിൽ വളർന്ന് യാമപ്രാർത്ഥനകളും കുടുംബപ്രാർത്ഥനയും ഗാർഹികസഭയിലെ പ്രാർത്ഥനാവസരങ്ങളെല്ലാം വിശ്വാസപരിശീലനത്തിന്റെ അവസരങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 'ആരാധനക്രമാധിഷ്ഠിത വിശ്വാസജീവിതപരിശീലനം കുടുംബവേദിയിൽ' എന്ന ആദർശവാക്യമാണ് ഈ വർഷം നാം സ്വീകരിച്ചിരിക്കുന്നത്.

ആരാധനക്രമസംബന്ധമായ അറിവുകൾ ശേഖരിക്കുവാൻ പ്രത്യേകിച്ച് വി. കുർബാനയെക്കുറിച്ച് ആഴമായി പഠിക്കുവാൻ, ശരിയായ ബോധ്യങ്ങളോടെ ആരാധനക്രമാനുഷ്ഠാനം നിറവേറ്റുവാൻ ഈ വിശ്വാസജീവിതപരിശീലന വർഷത്തിൽ നമുക്കു പരിശ്രമിക്കാം. 9-ാം ക്ലാസിലെ പുസ്തകം, കുർബാനപുസ്തകം, ആരാധനക്രമവത്സരകലണ്ടർ, സിനഡൽ കമ്മീഷൻ പ്രസിദ്ധീകരിച്ച ആരാധനക്രമ വിശ്വാസപരിശീലനം എന്നിവ നമുക്ക് പഠനവിഷയമാക്കാം.

**സൺഡേസ്കൂൾ ക്ലാസുകൾ മിനിസ്ക്രീനിൽ**

സീറോമലബാർ സഭയിലാകമാനം ഈ വർഷം ഒരേ ക്ലാസുകൾ നല്കുക എന്ന ലക്ഷ്യത്തോടെ കത്തോലിക്കാ ടി.വി. ചാനലുകൾ വഴി 15 മിനിറ്റ് വീതം ദൈർഘ്യമുള്ള ക്ലാസുകൾ സംപ്രേക്ഷണം

ചെയ്തുവരികയാണ്. ശാലോം ടിവിയിൽ രാവിലെ 11.30 നും ഗുഡ്നെസ് ടിവിയിൽ ഉച്ചയ്ക്ക് 1.30 നും ഷെക്കെയ്ന ടിവിയിൽ വൈകുന്നേരം 5.30 നുമാണ് ക്ലാസുകൾ. കിഡ്സ് മുതൽ 12-ാം ക്ലാസ് വരെ നമ്മുടെ 13 രൂപതകളിലെയും വിശ്വാസജീവിതപരിശീലകർ തയ്യാറാക്കി അവതരിപ്പിക്കുന്ന ക്ലാസുകൾ ഏറെ ഉപകാരപ്രദവും ആകർഷണീയവുമാണ്. അതാതുദിവസം വൈകുന്നേരങ്ങളിൽ പ്രസ്തുത ക്ലാസുകളുടെ യുട്യൂബ് ലിങ്കും ലഭ്യമാക്കുന്നുണ്ട്; ശനിയാഴ്ചകളിൽ എല്ലാ ക്ലാസുകളുടേതുമൊരുമിച്ചും. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ടിവി ചാനലുകളിലൂടെ ലഭിക്കുന്ന ക്ലാസുകൾക്കു പുറമെ സൂം, ഗൂഗിൾമീറ്റ് തുടങ്ങിയവ വഴി വിവിധ ഇടവകകളിൽ വളരെ ഫലപ്രദമായി ക്ലാസുകൾ നടത്തപ്പെടുന്നു എന്നറിയുന്നതിൽ സന്തോഷം. ഇവ കുട്ടികൾക്കും അദ്ധ്യാപകർക്കും പരിചിതമായതിനാൽ സാധിക്കുന്നത്ര പ്രോത്സാഹിപ്പിക്കുമല്ലോ.

**Basic Course for Catechists**

നവാഗതരായ വിശ്വാസജീവിതപരിശീലകർക്കായി സഭാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന BCC കോഴ്സിൽ നമ്മുടെ രൂപതയിൽനിന്നും 272 പേർ പങ്കെടുക്കുന്നു. സൂം പ്ലാറ്റ്ഫോമിൽ 18 ക്ലാസുകളാണ് അവർക്കായി തയ്യാറാക്കിയിരിക്കുന്നത്. ആധികാരികതയും പാണ്ഡിത്യവുമുള്ള അഭിവന്ദ്യ പിതാക്കന്മാരും വൈദികരും അധ്യാപകരുമടങ്ങുന്ന ടീം ക്ലാസുകൾക്കു നേതൃത്വം നൽകുന്നു. ക്ലാസുകളുടെ യുട്യൂബ് ലിങ്കും ലഭ്യമാക്കുന്നതിനാൽ നേരിട്ടുവന്ന് BTC കോഴ്സിൽ പങ്കെടുക്കാൻ കഴിയാത്ത അധ്യാപകർക്ക് ഇത് ഏറെ ഉപകാരപ്രദമാണ്. ഓരോ ക്ലാസിന്റെയും അവസാനം നല്കുന്ന രണ്ടു ചോദ്യങ്ങളുടെ ഉത്തരം എഴുതി ജൂലൈ 15-നു മുമ്പായി സുവാറ ഓഫീസിൽ എത്തിക്കുന്നവർക്ക് (നേരിട്ടോ, E-mail വഴിയോ/പോസ്റ്റു ചെയ്തോ) സീറോ മലബാർ മതബോധന കമ്മീഷന്റെ BCC സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

മറ്റു വിശ്വാസജീവിതപരിശീലകരും പ്രസ്തുത ക്ലാസുകളിൽ പങ്കെടുക്കുന്നത് ഉപകാരപ്രദമാണ്. 18 ക്ലാസുകളുടെയും യുട്യൂബ് ലിങ്ക് ഹെഡ്മാസ്റ്റേഴ്സിന്റെ പക്കൽ നിന്നും ലഭിക്കുന്നതാണ്.

**ഹലോ കേൾക്കാമോ**

Honey Drops for Kids, Honey Drops for Teens എന്നിങ്ങനെ കൊച്ചു കുട്ടികൾക്കും മുതിർന്ന കുട്ടികൾക്കായി കഴിഞ്ഞ വർഷം നല്കിയ വീഡിയോ സന്ദേശങ്ങൾക്കു ശേഷം ഈ വർഷം 'ഹലോ കേൾക്കാമോ' എന്ന പേരിൽ ലഘുവീഡിയോ സന്ദേശങ്ങളാണ് നാം തയ്യാറാക്കുന്നത്. ആദ്യഎപ്പിസോഡുകളെപ്പറ്റി ഏവരും വളരെ നല്ല അഭിപ്രായങ്ങൾ പങ്കുവച്ചു. ഇത് സാധിക്കുന്നത്ര കുട്ടികളിലെത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**2020-21 വിശ്വാസപരിശീലനവർഷത്തിൽ 10, 12 ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടികൾ**

**Class XII**

First Rank - Low Range
ജേക്കബ് ടോം (ആൽഫിൻ) വെട്ടിക്കൊമ്പിൽ, ആനക്കൽ

First Rank - High Range
മരിയാ ജോസഫ് (ഡോണാ), ഐക്കരക്കാലായിൽ, വലിയതോവാള

Second Rank (Common)
ട്രീസാ എഫ്രേം (ടെസ) മൂക്കിലിക്കാട്ട്, എലിക്കുളം

Third Rank
സോന മരിയ മാർട്ടിൻ ചെല്ലന്തറ, ചെങ്കൽ
തോമസ് (ഷാരോൺ) വേലംപറമ്പിൽ, അണക്കര
അൻസു ഷിയോൺ തോമസ് കാവിൽപുരയിടം, കൊച്ചുതോവാള
മറിയം ജോസഫ് (ജാസ്മിൻ) ഐക്കരക്കുന്നേൽ, ഏന്തയാർ

**Class X**

First Rank - Low Range
തെരേസ് ജോഷി (ദിയ) നന്തിക്കാട്ട്, ഇളങ്ങുളം

First Rank - High Range
റോസ് മരിയ തോമസ് (അലീന) തീയാനിയിൽ, മേരികുളം

Second Rank (Common)

തോമസ് ചാക്കോ (അലൻ) മീമ്പന്താനം, അമലഗിരി

Third Rank

എലിസബത്ത് സ്കറിയ (ആൻ മരിയ) എളംപ്ലാക്കാട്ട്, വലിയതോവാള
തെരേസ് ജോർജ് (റിയ) പുളിക്കൽ, പുത്തൻകൊരട്ടി
റോസ് തോമസ് (ആൽബിയ) വണ്ടർകുന്നേൽ, വലിയതോവാള
കുര്യൻ (ബ്ലെയ്സ് ബെന്നി) പതിപ്പള്ളിൽ, ആനക്കല്ല്
എലിസബത്ത് (ഹെലൻ ബിജോയ്) പാമ്പൂരിക്കൽ, തരകനാട്ടുകുന്ന്
മരിയറ്റ് ജിമ്മി ഊട്ടുകളത്തിൽ, കൊല്ലമുള

**ലേഖനമത്സരം :**

വിശ്വാസജീവിതപരിശീലകർക്കായി 'കുടുംബം ഈശോയോടൊത്ത്: 'പ്രതിസന്ധികൾക്കുമപ്പുറത്തേയ്ക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട ലേഖനമത്സരത്തിൽ വിജയികളായവർ.

**സന്യസ്തവിഭാഗം**

1. സി. ബ്ലെസ്സി AO, എലിക്കുളം
2. സി. സിൽവി ആൻ SH, കുട്ടിക്കാനം
3. സി. ജെസ്‌ലെറ്റ് FCC, പുത്തൻകൊരട്ടി

**അല്മായർ വിഭാഗം**

1. നിഷ സോജി ഇടയ്ക്കാട്ട്, അണക്കര
2. ആൻസി ജോസ് ഒഴുകയിൽ, കണയങ്കവയൽ
3. സോഫിയ തോമസ് ചേപ്പിലയ്ക്കൽച്ചിറ, മേരികുളം

**കൈയെഴുത്തു മാസിക**

രൂപതാതലത്തിൽ സൺഡേസ്കൂൾ കുട്ടികൾക്കായി 'കുടുംബം ഭൗമിക പറുദീസ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കൈയെഴുത്തു മാസികാ മത്സരത്തിൽ വിജയികളായവർ.

**A Section**

I സെന്റ് ജോർജ്ജ് സൺഡേസ്കൂൾ, കട്ടപ്പന
II ക്രിസ്തുരാജ് സൺഡേസ്കൂൾ, വലിയതോവാള
III സെന്റ് മേരീസ് സൺഡേസ്കൂൾ, പൊടിമറ്റം

**B Section**

I സെന്റ് തോമസ് സൺഡേസ്കൂൾ, കുരുമ്പൻമൂഴി

II സെന്റ് തോമസ് സൺഡേസ്കൂൾ, മുക്കൂട്ടുതറ

III സെന്റ് ജോർജ് സൺഡേസ്കൂൾ, പുളിങ്കട്ട

**C Section**

I സെന്റ് ജോർജ് സൺഡേസ്കൂൾ, ശാന്തിഗിരി

II സെന്റ് തോമസ് സൺഡേസ്കൂൾ, അന്യാർതൊളു

III സെന്റ് ആന്റണീസ് സൺഡേസ്കൂൾ, കറിക്കാട്ടൂർ

## Teachers Profile

അദ്ധ്യാപകരുടെ Profile update ചെയ്യുമ്പോൾ വികാരി/H.M. മാറിയിട്ടുള്ളവർ പുതിയ ഫോൺ നമ്പറും WhatsApp നമ്പറും കൃത്യമായി ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പുതിയ Tech Supportors ഉണ്ടെങ്കിൽ അവരുടെയും അദ്ധ്യാപകരുടെ Profile പുതിയതായി ഉള്ളവരുടെയും പഴയ അദ്ധ്യാപകരുടെ ക്ലാസ് മാറിയിട്ടുണ്ടെങ്കിൽ അവരുടെയും പേര് കൃത്യമായ ഫോൺനമ്പറോടുകൂടി ചേർക്കണം. Profile update ചെയ്തു കഴിയുമ്പോൾ അത് print എടുത്തു വയ്ക്കാൻ വേണ്ടി സുവാറ ഓഫീസിൽ അറിയിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## Let us chat : Counsellor for Teens

കുട്ടികളുടെ മാനസികാരോഗ്യം ലക്ഷ്യം വച്ച് വിഭാവനം ചെയ്തിരിക്കുന്ന പുതിയ പംക്തിയാണ് Let us chat. റ്റീനേജേഴ്സ് നേരിടുന്ന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവയ്ക്ക് പരിഹാരം കാണാൻ അവരെ സഹായിക്കുന്ന രീതിയിൽ തയ്യാറാക്കിയിരിക്കുന്ന ഈ കുറിപ്പുകൾ സുവാറ അധ്യാപക ഗ്രൂപ്പുകളിലും ഫേസ്ബുക്ക് പേജിലും അപ്‌ലോഡ് ചെയ്യുന്നതാണ്. അൽഫോൻസാ, സെന്റ് തോമസ് വിഭാഗങ്ങളിലെ കുട്ടികളോട് അവ വായിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ എഴുതിവാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ.

## Teachers' List

ഓരോ ക്ലാസിലും പഠിപ്പിക്കുന്ന അധ്യാപകരുടെ പേരും കുട്ടികളുടെ എണ്ണവും ഇനിയും അയച്ചുതരാനുള്ളവർ എത്രയും വേഗം

തന്നെ സുവാറ വാട്ട്സ്ആപ്പ് നമ്പറിൽ അയയ്ക്കാൻ ശ്രദ്ധിക്കേണ്ട താണ്. സൺഡേസ്കൂൾ സ്ഥിതിവിവരം പൂർത്തിയാക്കിയതിനുശേഷം ഓഫീസിൽ അറിയിക്കാനും ശ്രദ്ധിക്കുമല്ലോ.

**യൗസേപ്പ് പിതാവിന്റെ വീട്**

ഒരു കുട്ടിക്ക് വീട് നല്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് 19-ന് നാം നടത്തിയ സ്തോത്രകാഴ്ച സമർപ്പണത്തിൽ 38 ഇടവ കകളിൽ നിന്നായി രണ്ടുലക്ഷത്തി എണ്ണായിരം രൂപ സുവാറ ഓഫീ സിൽ ലഭിച്ചു. സംഭാവന നല്കിയ ഇടവകകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | കുമളി | - | 7000 |
| 2. | വെള്ളാരംകുന്ന് | - | 5000 |
| 3. | കട്ടപ്പന | - | 5000 |
| 4. | ഗ്രീൻവാലി | - | 3000 |
| 5. | മേരികുളം | - | 10000 |
| 6. | സ്വരാജ് | - | 5000 |
| 7. | പുളിങ്കട്ട | - | 5000 |
| 8. | ഇളങ്ങുളം | - | 6100 |
| 9. | എലിക്കുളം | - | 11900 |
| 10. | എരുത്വാപ്പുഴ | - | 2600 |
| 11. | കൊല്ലമുള | - | 5000 |
| 12. | കുറുമ്പൻമൂഴി | - | 3500 |
| 13. | നിരവ് | - | 2100 |
| 14. | തുലാപ്പള്ളി | - | 10700 |
| 15. | ഉമിക്കുപ്പ | - | 2000 |
| 16. | റാന്നി | - | 4000 |
| 17. | പ്ലാച്ചേരി | - | 11500 |
| 18. | പേഴുംപാറ | - | 3500 |
| 19. | ആനക്കല്ല് | - | 5000 |
| 20. | അഞ്ചിലിപ്പ | - | 3000 |
| 21. | കപ്പാട് | - | 18210 |
| 22. | കാരികുളം | - | 3700 |
| 23. | കൊരട്ടി | - | 6120 |
| 24. | പഴയിടം | - | 3000 |
| 25. | ചിറക്കടവ് | - | 17625 |
| 26. | തമ്പലക്കാട് | - | 5060 |
| 27. | ഇഞ്ചിയാനി | - | 3000 |
| 28. | കാരികുളം | - | 3000 |
| 29. | പൊടിമറ്റം | - | 5000 |
| 30. | പൂമറ്റം | - | 5250 |
| 31. | മാങ്ങാപ്പാറ | - | 1000 |
| 32. | നിർമ്മലഗിരി | - | 3050 |
| 33. | പാലൂർക്കാവ് | - | 5700 |
| 34. | വണ്ടൻപതാൽ | - | 3100 |
| 35. | അമലഗിരി | - | 1000 |
| 36. | മുക്കൂട്ടുതറ | - | 5000 |
| 37. | ചെന്നാക്കുന്ന് | - | 2000 |
| 38. | അണക്കര | - | 8000 |
| | **ആകെ** | - | 209715 |

**മതബോധനഞായർ**

മെയ് 30-ാം തീയതി ഞായറാഴ്ച മതബോധനഞായറായി ആചരിച്ചു. രാവിലെ 10.30 ന് നടത്തപ്പെട്ട ഓൺലൈൻ സമ്മേളനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. ത്യാഗോജ്ജ്വലമായി വിശ്വാസജീവിതപരിശീലന ശുശ്രൂഷ നിർവഹിക്കുന്ന മതാധ്യാപകരെ അഭിവന്ദ്യ പിതാവ് അനുമോദിച്ചു. ഫ്രാൻസിസ് മാർപാപ്പ മോത്തുപ്രോപ്രിയ ആയി പ്രസിദ്ധീകരിച്ച AntiquumMinisterium എന്ന അപ്പസ്തോലിക ലേഖനത്തെ അധികരിച്ച് പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വെള്ളമറ്റം മുഖ്യ പ്രഭാഷണം നടത്തി. സൺഡേസ്കൂൾ പരീക്ഷയിൽ റാങ്ക് ജേതാക്കളായ കുട്ടികളുടെയും ലേഖനമത്സരത്തിൽ വിജയികളായ അധ്യാപകരുടെയും പേരുവിവരം സിഞ്ചെല്ലൂസ് പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ പ്രഖ്യാപിച്ചു. ഈ വർഷത്തെ ആദർശവാക്യത്തെക്കുറിച്ചും സൺഡേസ്കൂൾ ഓൺലൈൻ ക്ലാസുകളെക്കുറിച്ചും ഡയറക്ടറച്ചൻ നിർദ്ദേശങ്ങൾ നല്കി. 13 ഫൊറോനാകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മിഷൻലീഗ് പ്രതിനിധികൾ സമ്മേളന സമാപനത്തിൽ തങ്ങളെത്തന്നെ പരിചയപ്പെടുത്തി. അഭിവന്ദ്യ പിതാവിന്റെ സമാപന ആശീർവാദ പ്രാർത്ഥനയോടെ യോഗം സമാപിച്ചു. പ്രസ്തുത സമ്മേളനത്തിൽ രൂപതയിലെ മുഴുവൻ വിശ്വാസജീവിത പരിശീലകരും പങ്കെടുത്തു.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

### പ്ലാറ്റിനം ജൂബിലി

2021 ഒക്ടോബർ 3 മുതൽ 2022 ഒക്ടോബർ 3 വരെ ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലി വർഷമായി ആചരിക്കുന്നു. ഇതിനു മുമ്പായി ജൂലൈ 20 മുതൽ 75 ദിവസങ്ങൾ ഒരുക്കദിനങ്ങളായി പ്രത്യേക നിയോഗങ്ങളോടെ മിഷൻലീഗ് സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം ഓരോ രൂപതയിലും ആചരിക്കുന്നു. പ്രസ്തുത പരിപാടികളിൽ മിഷൻലീഗ് അംഗങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

### പുണ്യാളച്ചൻ Talks

ചെറുപുഷ്പമിഷൻലീഗ് ചെങ്ങളം ശാഖയുടെ സഹകരണത്തോടെ കൊച്ചുകുട്ടികൾക്കായി പുണ്യാളച്ചൻ ടോക്സ് എന്ന പേരിൽ ലഘുവീഡിയോ സന്ദേശങ്ങൾ തയ്യാറാക്കുന്നു. എല്ലാ ഞായറാഴ്ചയും വാട്ട്സ് ആപ്പ് വഴി പ്രസ്തുത സന്ദേശങ്ങൾ സാധിക്കുന്നത്ര കുട്ടികളിലെത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

### വചനക്കളരി

ബൈബിളിലെ 73 പുസ്തകങ്ങളിൽ നിന്നും ഓരോ ദൈവവചനം മനഃപാഠമാക്കാൻ കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടു ദിവസം കൂടുമ്പോൾ ദൈവവചനം അയച്ചു നല്കി വരുന്നു. പുതിയ നിയമപുസ്തകങ്ങളിൽനിന്നുമാണ് ഇപ്പോൾ വചനങ്ങൾ നല്കിവരുന്നത്. 73 വചനങ്ങളും മനപാഠമാക്കുന്ന കുട്ടികളുടെ പേര് മിഷൻലീഗ് ഓഫീസിൽ നല്കിയാൽ അവർക്ക് സർട്ടിഫിക്കറ്റും പുസ്തകങ്ങളും സമ്മാനമായി നല്കുന്നതാണ്.

## റാങ്ക് ഹോൾഡേഴ്സ് മീറ്റ്

സൺഡേസ്കൂൾ 10, 12 ക്ലാസുകളിൽ ആദ്യ അഞ്ചു റാങ്ക് കരസ്ഥമാക്കിയ കുട്ടികളുടെയും ഒന്നുമുതൽ 12 വരെ ക്ലാസുകളിൽ ഒരു ഹാജർ പോലും മുടക്കാത്ത കുട്ടികളുടെയും ഓൺലൈൻ സംഗമം ജൂലൈ 4-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നു. Zoom Platform -ൽ നടത്തപ്പെടുന്ന സമ്മേളനത്തിൽ ഉയർന്ന മാർക്കു നേടി അഭിമാനാർഹമായ വിജയം വരിച്ച കുട്ടികളെ ചെറുപുഷ്പമിഷൻലീഗ് ആദരിക്കുന്നതാണ്. രാവിലെ 11 മണി മുതൽ 12 മണി വരെ നടത്തപ്പെടുന്ന പ്രസ്തുത സംഗമത്തിൽ പങ്കെടുക്കാൻ റാങ്ക് ജേതാക്കളായ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## അനുമോദനങ്ങൾ, പ്രാർത്ഥനകൾ

2020-21 വർഷത്തിൽ ഇടക്കാലശുശ്രൂഷ നിർവഹിച്ചതിനു ശേഷം വൈദികവസ്ത്രം സ്വീകരിച്ച റീജൻസി ബ്രദേഴ്സിന് രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ അനുമോദനങ്ങൾ. പ്രത്യേകിച്ച് സുവാറ, സി.എം.എൽ. ഓഫീസുകളിൽ ശുശ്രൂഷ നിർവഹിച്ച ബ്രദർ ജിതിൻ മണ്ണഞ്ചേരിൽ, ബ്രദർ ജോയ്സ് തെക്കേവയലിൽ, ബ്രദർ അഖിൽ ഏറത്ത് എന്നിവരെ ചെറുപുഷ്പ മിഷൻലീഗ് നന്ദിയോടെ അനുസ്മരിക്കുന്നു. പൗരോഹിത്യപരിശീലനവഴികളിൽ ദൈവാനുഗ്രഹം നേരുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

### വി. മർക്കോസിന്റെ സുവിശേഷം

രൂപതയിലെ അൽമായർക്കും സിസ്റ്റേഴ്സിനുമായി ഏപ്രിൽ - മെയ്- ജൂൺ മാസങ്ങളിലെ ശനിയാഴ്ചകളിൽ നടത്തിയ വി. മർക്കോസിന്റെ സുവിശേഷത്തെക്കുറിച്ചുള്ള ക്ലാസുകൾ അവസാനിച്ചു. ഈ കോഴ്സിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ നന്ദി. ഈ ക്ലാസുകളുടെ വീഡിയോകൾ യുട്യൂബിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്.

### "Fratelli Tutti" from a Biblical Perspective

മാനവസാഹോദരൃത്തേയും സാമൂഹിക സൗഹൃദത്തെയും കുറിച്ചുള്ള ഫ്രാൻസിസ് പാപ്പായുടെ സാമൂഹ്യചാക്രികലേഖനമായ 'Fratelli Tutti' യെക്കുറിച്ച് കട്ടപ്പന സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾക്ക് 22.05.2021 ൽ ഫാ. ജോമിൻ നിരപ്പേൽ ക്ലാസ് നയിച്ചു.

### വി. മത്തായിയുടെ സുവിശേഷം

വി. മത്തായിയുടെ സുവിശേഷത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ് ജൂലൈ 24-ാം തീയതി ആരംഭിക്കുന്നതാണ്. കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് 9659739550 എന്ന വാട്ട്സ് ആപ്പ് നമ്പറിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് സംബന്ധിക്കുന്ന വിശദവിവരങ്ങൾ വാട്ട്സ് ആപ്പ് മുഖേന ലഭിക്കുന്നതാണ്. വി. മർക്കോസിന്റെ സുവിശേഷത്തെക്കുറിച്ചുള്ള ക്ലാസുകളിൽ പങ്കെടുത്തവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. പുതിയ ക്ലാസ് സംബന്ധിച്ച നിർദ്ദേശങ്ങൾ വാട്ട്സ്ആപ്പിലൂടെ അറിയിക്കുന്നതായിരിക്കും.

### കെ.സി.ബി.സി. ബൈബിൾ സാഹിത്യ മത്സരങ്ങൾ - 2021

ലേഖനം, കവിത, കഥ, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്.

പൊതുവിഷയം : കൊറോണക്കാലത്തെ അതിജീവനവും വിശുദ്ധ ഗ്രന്ഥവും. (ഉപകാരപ്രദമായ ഏതാനും വചനഭാഗങ്ങൾ ഹെബ്രാ 13:8; ഫിലി 4:6-7; 2 കോറി 4:16-18; നിയ 31:6, ഏശ 43:19; ജറെ 29:11; ജോബ് 19, 25; ഏശ 61:3; ദാനി 3:27-28; ഹെബ്ര 3:17)

ലേഖനമത്സരം അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറേയായിരിക്കും.

ലേഖനം 10 പേജിലും (പ്രിന്റ് 6 പേജ്) ചെറുകഥ 6 പേജിലും (പ്രിന്റ് 3 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കം 30 മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.

കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD/ Bank transfer to KCBC Bible Commission A/c No. 0423055300006271, IFSC, SIBVL0000423, SWIFT : SOININ55, South Indian Bank, Vennala Branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്.

മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുമ്പ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. കൃതികൾ ലഭിക്കേണ്ട അവസാനതീയതി 2021 ഒക്ടോബർ 1 ആണ്.

കൃതികൾ അയയ്ക്കേണ്ട വിലാസം : സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി 682028.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

## Lectio Youth

ദൈവവചനത്തെ കുറിച്ച് തീക്ഷ്ണമായി പഠിക്കാനും ബൈബിളുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനുമായി 'Lectio Youth' എന്ന പേരിൽ ബൈബിൾ പഠനപദ്ധതി ആരംഭിച്ചു. കാഞ്ഞിരപ്പള്ളി രൂപത ബൈബിൾ അപ്പോസ്റ്റലൈറ്റ് ഡയറക്ടർ റവ. ഫാ. തോമസ് നിരപ്പേൽ നേതൃത്വം നൽകുന്നു.

**വാക്സിനേഷന് മുമ്പ് രക്തദാനം**

18 വയസ്സിന് മുകളിലുള്ളവർക്ക് കോവിഡ് വാക്സിനേഷൻ ആരംഭിക്കുന്നതിനുമുമ്പ് ബ്ലഡ് ബാങ്കുകളിലേക്ക് രക്തം ശേഖരിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 27-ന് കാഞ്ഞിരപ്പള്ളി രൂപതയിലെ യുവജനങ്ങൾ രക്തദാനം ചെയ്തു. രൂപത സമിതി നേതൃത്വം നൽകി.

**സന്നദ്ധ പ്രവർത്തനം**

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ആന്റിജൻ ടെസ്റ്റ് ഡാറ്റാ എൻട്രി ചെയ്യുന്നതിന് കാഞ്ഞിരപ്പള്ളി രൂപതാ SMYM ന്റെ നേതൃത്വത്തിൽ 2021 മെയ് 2 മുതൽ മെയ് 7 വരെ സന്നദ്ധ പ്രവർത്തനത്തിന് നേതൃത്വം നൽകി.

**വെബിനാറുകൾ**

"80:20 അനീതിയുടെ അനുപാതം" എന്ന വിഷയത്തെക്കുറിച്ചു 2021 ജൂൺ 5 ന് വെബിനാർ നടത്തപ്പെട്ടു. ന്യൂനപക്ഷ

അവകാശങ്ങൾക്ക് വേണ്ടി പോരാടി, 80:20 അനീതികളെ തുറന്നു കാണിച്ച അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ശ്രീ അമൽ സിറിയക്ക് എന്നിവരാണ് വെബിനാർ നയിച്ചത്. രൂപതാ ഡയറക്ടർ ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, പ്രസിഡന്റ് ആദർശ് കുര്യൻ, രൂപതാ ഭാരവാഹികൾ, ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് ഉൾപ്പെടെ ഏകദേശം അഞ്ഞൂറോളം പേർ വെബിനാറിൽ പങ്കെടുത്തു.

**BE A NURSE**

നേഴ്സിംഗ് പഠിക്കാൻ ആഗ്രഹിക്കുന്നവർക്കായി 'BE A NURSE' എന്ന പേരിൽ ജൂൺ 13 ന് വെബിനാർ നടത്തപ്പെട്ടു. അങ്കമാലി ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നേഴ്സിങ്ങിലെ Psychiatric നഴ്സിങ്ങിന്റെ HOD പ്രൊഫ. തോമസ് വർഗീസ് ക്ലാസ്സ് നയിച്ചു. മുന്നൂറോളം പേർ പങ്കെടുത്തു.

**ജെ. ബി. കോശി കമ്മീഷന് ഒരു നിവേദനം**

ജെ. ബി. കോശി കമ്മീഷന് നിവേദനം സമർപ്പിക്കുന്നതിന്റെ ഭാഗമായി ജൂൺ 19 ന് രൂപത സെനറ്റ് അംഗങ്ങൾക്ക് പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ബഹു. ഫാ. സ്റ്റാൻലി പുള്ളോലിക്കൽ ക്ലാസ്സ് നയിച്ചു.

**സിവിൽ സർവീസ് കോച്ചിംഗ്**

രാജ്യസേവനത്തിൽ നിന്നും വിരമിച്ച പ്രഗത്ഭരായ സിവിൽ സർവീസ് ഉദ്യോഗസ്ഥർ നേരിട്ട് നിയന്ത്രിക്കുന്ന BEN VEDHIK GURUKULAM BANGALORE മായി കൈകോർത്ത് കാഞ്ഞിരപ്പള്ളി രൂപതയിലെ യുവജനങ്ങൾക്ക് മികച്ച സിവിൽ സർവീസ് പഠനത്തിന് സാധ്യത ഒരുക്കുന്നു. 1)ബാംഗ്ളൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള UG പഠനത്തോടൊപ്പം മൂന്ന് വർഷം കൊണ്ട് സിവിൽ സർവീസ് പഠനം. 2) UG, PG പഠിച്ചു കഴിഞ്ഞവർക്ക് ഒരു വർഷം നീണ്ട സിവിൽ സർവീസ് പഠനം. ഇങ്ങനെ രണ്ടു രീതിയിലുള്ള കോഴ്സുകളാണ് ഒരുക്കുന്നത്.

## എൻട്രൻസ് ക്രാഷ് കോഴ്സ്

പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ KEAM, JEE, NEET, പ്രവേശന പരീക്ഷകൾക്ക് ഒരുക്കുവാൻ എൻട്രൻസ് ക്രാഷ് കോഴ്സ് സംഘടിപ്പിച്ചു. ഓൺലൈനായി ക്രമീകരിച്ചിരിക്കുന്ന ഈ പരിശീലനം തികച്ചും സൗജന്യമാണ്. 80 മണിക്കൂറുകൾ ഉള്ള ഈ കോഴ്സിന്റെ 66 മണിക്കൂറുകൾ മാത്സ്, ബയോളജി, ഫിസിക്സ്, കെമിസ്ട്രി എന്നീ പ്രധാന വിഷയങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. എൻട്രൻസ് പരീക്ഷകൾക്ക് ഒരുങ്ങേണ്ടത് എങ്ങനെയെന്ന് വിദഗ്ധരായ പരിശീലകർ സംസാരിക്കുന്നതിനോടൊപ്പം കരിയർ ഗൈഡൻസ് ക്ലാസുകളും ഈ കോഴ്സിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ വിഷയവും വിശദമായി പ്രതിപാദിക്കുന്ന വീഡിയോസ്, മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ ചർച്ചചെയ്യുന്ന ലൈവ് സെക്ഷനുകൾ എന്നിവ ഈ പരിശീലന പദ്ധതിയെ കൂടുതൽ മികവുള്ളതാക്കുന്നു. ഈ പരിശീലന പദ്ധതിയിൽ അംഗമാകുന്നവർക്ക് എൻട്രൻസ് പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സഹായവും ഏർപ്പെടുത്തിയിരിക്കുന്നു. രണ്ടു ബാച്ചുകളിലായി നടത്തുന്ന ഈ കോഴ്സിന്റെ ആദ്യ ബാച്ച് 2021 മെയ് നാലിന് ആരംഭിച്ചു. രണ്ടാം ബാച്ചിന്റെ പരിശീലനം 2021 ജൂൺ പത്തു മുതൽ ആരംഭിച്ചു.

## Blood Donation Day

ജൂൺ 14 ലോക രക്തദാന ദിനത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ആശുപത്രിയിൽ രക്തദാനക്യാമ്പ് നടത്തി. രൂപത ഡയറക്ടർ ഫാദർ വർഗീസ് കൊച്ചുപുരയ്ക്കൽ രക്തദാനം നടത്തി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ആദർശ് കുര്യൻ രക്തദാന സന്ദേശം നൽകി. നിരവധി യുവജനങ്ങൾ ഈ യത്നത്തിൽ പങ്കാളികളായി. കാഞ്ഞിരപ്പള്ളി ഫൊറോന SMYM നേതൃത്വം നൽകി.

## ചെല്ലാനത്തിന് ഒരു കൈത്താങ്

പേമാരിയും കടലാക്രമണവും മൂലം ദുരിതം അനുഭവിക്കുന്ന ചെല്ലാനം നിവാസികൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.

ഇതിനുവേണ്ടി മൂന്നു ദിവസം കൊണ്ട് 3,42,351 രൂപ സമാഹരിച്ചു. രണ്ടു തവണകളായി 9000 പാക്കറ്റ് പാലും 8500 ബ്രെഡും ആലപ്പുഴ രൂപതയിലെയും കൊച്ചി രൂപതയിലെയും 10 പള്ളികളിലായി വിതരണം ചെയ്തു.

**യുവജനങ്ങൾക്കൊപ്പം വികാരിയച്ചൻ**

കോവിഡ് കാലത്ത് യുവജനങ്ങളെ കർമ്മനിരതരാക്കിയ വികാരിയച്ചന്മാരെ ഓർക്കാനും പ്രോത്സാഹിപ്പിക്കാനുമായി 'ഒപ്പം' എന്ന പേരിൽ ഒരു വീഡിയോ കോമ്പറ്റീഷൻ നടത്തപ്പെട്ടു. 12 ഇടവകകൾ പങ്കെടുത്തു. ഈ വീഡിയോകൾ ജൂൺ 13 മുതൽ 24 വരെ കാഞ്ഞിരപ്പള്ളി രൂപതാ എസ്. എം. വൈ. എം. യുട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്തു.

**MEDIA CELL**

നവമാധ്യമ രംഗത്തെ സാധ്യതകൾ വിനിയോഗിക്കുവാനായി Video Editing, Content Writing, Sound Mixing, Graphic Designing എന്നിവയിൽ പ്രാഗത്ഭ്യമുള്ള യുവജനങ്ങളെ ഒരുമിച്ചുകൂട്ടി മീഡിയ സെൽ രൂപീകരിച്ചു.

**VIBE 2021**

കാഞ്ഞിരപ്പള്ളി രൂപതയിലെ 12 SMYM ഫൊറോനാ സമിതികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുക, രൂപത-ഫൊറോന ബന്ധം വളർത്തുക എന്ന ലക്ഷ്യങ്ങളോടെ VIBE-2021 സംഘടിപ്പിക്കപ്പെട്ടു. രൂപത സമിതി വീഡിയോ കോൺഫറൻസിലൂടെ ഫൊറോന സമിതികളുമായി സംവദിച്ചു.

| | |
|---|---|
| 29/05/2021 | പൊൻകുന്നം |
| 30/05/2021 | അണക്കര, റാന്നി, പത്തനംതിട്ട |
| 31/05/2021 | കട്ടപ്പന, കാഞ്ഞിരപ്പള്ളി |
| 01/06/2021 | മുണ്ടക്കയം, കുമളി |
| 02/06/2021 | വെളിച്ചിയാനി, എരുമേലി |

03/06/2021 മുണ്ടിയെരുമ
04/06/2021 പെരുവന്താനം
05/06/2021 ഉപ്പുതറ

**ക്വാറന്റൈൻ സെന്റർ**

കുട്ടികൾക്കും വനിതകൾക്കും സുരക്ഷിതമായ ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പാലമ്പ്രയിൽ ഒഴിഞ്ഞു കിടന്ന ബാലികാഭവൻ കെട്ടിടത്തിൽ സൗജന്യ ക്വാറന്റൈൻ സെന്റർ ആരംഭിച്ചു.

**VALIANT AWARD 2021**

കാഞ്ഞിരപ്പള്ളി രൂപത എസ്. എം. വൈ. എം. വാലിയന്റ് അവാർഡുകൾ പ്രഖ്യാപിച്ചു. കത്തോലിക്കാ സഭയ്ക്കും സമൂഹത്തിനും സമഗ്ര സംഭാവനകൾ നൽകുന്നവർക്കായി കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ഏർപ്പെടുത്തിയ വാലിയെന്റ് അവാർഡിന് അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, ശ്രീ അമൽ സിറിയക്ക് ജോസ് എന്നിവർ അർഹരായി. ന്യൂനപക്ഷ അവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടത്തിലെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ 80:20 എന്ന അനുപാതത്തിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സർക്കാർ നടപടി ഭരണഘടനാ വിരുദ്ധമാണെന്ന് തെളിയിക്കാൻ അഡ്വക്കെറ്റ് ജസ്റ്റിൻ പള്ളിവാതുക്കൽ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജ്ജിയിലൂടെ സാധിച്ചിരുന്നു. ഇതിനാവശ്യമായ പഠനങ്ങൾ നടത്തുന്നതിനും രേഖകൾ ശേഖരിക്കുന്നതിനും മുൻപന്തിയിൽ പ്രവർത്തിച്ചത് അമൽ സിറിയക്ക് ജോസ് ആയിരുന്നു. 10001 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്.

**കത്തുകൾ അയച്ചു**

1) കേരളത്തിലെ പുതിയ സർക്കാരിന് സമർപ്പിക്കുന്ന ആദ്യ അപേക്ഷ എന്ന നിലയിൽ ന്യൂനപക്ഷ വകുപ്പ് മുഖ്യമന്ത്രി

കൈകാര്യം ചെയ്യുക, അല്ലെങ്കിൽ ഏതെങ്കിലും ക്രൈസ്തവ മന്ത്രിയെ ആ ചുമതല ഏൽപ്പിക്കുക എന്ന ആവശ്യം ഉന്നയിച്ച് മെയ് 3 ന് കേരള മുഖ്യമന്ത്രിക്ക് നിവേദനം അയച്ചു.

2) 2020-2021 അധ്യയന വർഷങ്ങളിലെ ടീച്ചിംഗ് സ്റ്റാഫ് അപ്പോയിൻമെന്റ് നടക്കാത്തതിനാൽ ഉദ്യോഗാർത്ഥികൾ നേരിടുന്ന ആശങ്ക എത്രയും വേഗം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മെയ് 27-ന് കേരള മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും കത്തുകളയച്ചു.

3) ക്രൈസ്തവ പിന്നാക്കാവസ്ഥയെ കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ നിവേദനം സമർപ്പിക്കുന്നതിന്റെ ഭാഗമായി രൂപതാ സമിതി അംഗങ്ങൾ, ഫൊറോന സമിതി അംഗങ്ങൾ എന്നിവരുടെ പേരിൽ ജൂൺ 13 ന് 150 നിവേദനങ്ങൾ അയച്ചു.

**നന്ദി**

നാലു വർഷക്കാലം പൊൻകുന്നം ഫൊറോന ഡയറക്ടറായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ബഹു. ഫാ. സ്കറിയ മറ്റത്തിലിനും ഒരു വർഷക്കാലം വെളിച്ചിയാനി ഫൊറോന ഡയറക്ടറായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ബഹു. ഫാ. കാർലോസ് കീരൻചിറയ്ക്കും രൂപതാ കുടുംബത്തിന്റെ നന്ദി.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ**

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

വിവാഹഒരുക്കത്തിന്റെ ഭാഗമായതിനാൽ വിവാഹാർത്ഥികൾ പ്രീ മാര്യേജ് കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഉറപ്പ് വരുത്തുകയും രജിസ്ട്രേഷനോടൊപ്പം നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ക്ലാസുകളിൽ പൂർണ്ണമായി സംബന്ധിച്ച് പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു എന്ന കാര്യം വിവാഹാർത്ഥികളെ വ്യക്തമായി ധരിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# പിതൃവേദി

### പിതൃവേദി ഉദ്ഘാടനം

കാഞ്ഞിരപ്പള്ളി രൂപത പിതൃവേദി 2021 മേയ് ഒന്നാം തീയതി തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ നടത്തിയ ഓൺലൈൻ മീറ്റിംഗ് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ മുഖ്യ സന്ദേശം നൽകി. പെരിയ ബഹു. ബോബി മണ്ണംപ്ലാക്കൽ അച്ചൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പെരിയ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ പിതൃവേദിയുടെ എബ്ലം പ്രകാശനം ചെയ്തു.

പിതൃവേദി രൂപത ഭാരവാഹികളായി നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രസിഡന്റ് ഡോ. സാജു കൊച്ചുവീട്ടിൽ (വെളിച്ചിയാനി) വൈസ് പ്രസിഡന്റ് ശ്രീ. സുബിൻ കിഴുകണ്ടയിൽ (മണിപ്പുഴ), സെക്രട്ടറി ഡോ. ജൂബി പള്ളിവാതുക്കൽ (കൊല്ലമുള), ജോയിന്റ് സെക്രട്ടറി ശ്രീ. ബിനീഷ് കളപ്പുരയ്ക്കൽ (മേരികുളം), ഖജാൻജി ശ്രീ. സിജോ പുത്തനങ്ങാടിയിൽ (പേഴുംപാറ) എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വം ഏറ്റെടുത്തു. മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി ജേക്കബ് പുളിയംകുന്നേൽ, എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. ആദർശ് കുര്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപതാ പ്രസിഡന്റ് ഡോ. സാജു കൊച്ചുവീട്ടിൽ കൃതജ്ഞത അർപ്പിച്ചു.

### അപ്പനിലൂടെ അതിജീവനം

കോവിഡ് മഹാമാരിയുടെ സംഘർഷങ്ങളിൽ കുടുംബത്തെ നയിക്കാൻ പിതാക്കന്മാർക്ക് ഒരു വഴികാട്ടിയായി കാഞ്ഞിരപ്പള്ളി

രൂപതാ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ "അപ്പനിലൂടെ അതിജീവനം" എന്ന ഓൺലൈൻ ക്ലാസ് 2021 മേയ് 16 ഞായർ വൈകിട്ട് 7.30 മുതൽ 8.30 വരെ നടത്തപ്പെട്ടു. സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജ് ബഹുമാനപ്പെട്ട ജസ്റ്റിസ് കുര്യൻ ജോസഫ് ക്ലാസ് നയിച്ചു.

**സസുഖം സകുടുംബം**

കാഞ്ഞിരപ്പള്ളി രൂപത മാതൃവേദിയും പിതൃവേദിയും ചേർന്നൊരുക്കിയ "സസുഖം സകുടുംബം" എന്ന ഓൺലൈൻ സെമിനാർ പരമ്പര 2021 ജൂൺ 19, 20, 27 തീയതികളിൽ വൈകുന്നേരം 6.30 ന് നടത്തപ്പെട്ടു.

ജൂൺ 19 ശനിയാഴ്ച "കോവിഡ് - 19 രണ്ടാം വരവിന്റെ മുറിവുണക്കാം, മൂന്നാം വരവിനെ ചെറുക്കാം" എന്ന വിഷയത്തിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർ ക്രിസ്റ്റി മരിയ എബിൻ ക്ലാസ് നയിച്ചു.

ജൂൺ 20 ഞായറാഴ്ച "കോവിഡ് - 19 ആകുലതയിൽ നിന്നും ആനന്ദത്തിലേക്ക് ഒരു ആത്മീയയാത്ര" എന്ന വിഷയത്തിൽ കോട്ടയം പൗരസ്ത്യ വിദ്യാപീഠം പ്രൊഫസർ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ് നയിച്ചു.

ജൂൺ 27 ഞായറാഴ്ച "കോവിഡ് കാലത്തെ കുട്ടികളുടെ മാനസികാരോഗ്യം; മാതാപിതാക്കൾ അറിയേണ്ട കാര്യങ്ങൾ" എന്ന വിഷയത്തിൽ കടുത്തുരുത്തി SVD പ്രാർത്ഥനാനികേതനിലെ റവ. ഡോ. ജേക്കബ് മുളവരിക്കൽ ക്ലാസ് നയിച്ചു. എല്ലാ ക്ലാസുകളിലും സംശയനിവാരണത്തിനും സംവാദത്തിനും അവസരമൊരുക്കിയിരുന്നു.

**ഭക്ഷണ കിറ്റ്**

രൂപത എസ് എം വൈ എം നോട് ചേർന്ന് പാണപിലാവിൽ സൗജന്യ ഭക്ഷണ കിറ്റ് നൽകുന്നതിന് ധനസഹായം നൽകി.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ജസ്റ്റീസ് J.B കോശി കമ്മീഷൻ പ്രോജക്റ്റ്**

ക്രൈസ്തവ സഭാസമൂഹങ്ങളിലെ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച J.B. കോശി കമ്മീഷൻ മുൻപാകെ ഒരു ആധികാരിക പഠനറിപ്പോർട്ട് സമർപ്പിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. രൂപതയിലെ വിവിധ ഇടവകകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിന്ന് വിവരശേഖരണം നടത്തിയാണ് റിപ്പോർട്ട് സമർപ്പിക്കുക.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**ആദരാഞ്ജലികളോടെ - ഫാ. ജോസഫ് ചെരുവിൽ**

കാഞ്ഞിരപ്പള്ളി രൂപതാംഗമായ ഫാ. ജോസഫ് ചെരുവിൽ 2021 മേയ് 11-ാം തീയതി നിര്യാതനായി. അച്ചനോട് കരിസ്മാറ്റിക് നവീകരണത്തിന് വലിയ കടപ്പാടുണ്ട്. സോണിന്റെ ശുശ്രൂഷകളിൽ ഒരു പിതൃഹൃദയത്തോടെ ഒപ്പമുണ്ടായിരുന്നു. കേരള, ദേശീയ പ്രോഗ്രാമിലും, അച്ചന്റെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. ജോസഫച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. അച്ചന്റെ നവീകരണ ദർശനം നമുക്കും മാർഗ്ഗദീപമാകട്ടെ. ആദരാഞ്ജലികളോടെ കാഞ്ഞിരപ്പള്ളി സോണൽ സേവനസമിതി

**KAC Core ടീം**

26.06.2021-ൽ KAC Core ടീം മീറ്റിംഗിൽ സോണിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

**ലൈഫ് ഇൻ ദി സ്പിരിറ്റ് (LSS)**

2021 ഏപ്രിൽ 10 ന് ആരംഭിച്ച കാഞ്ഞിരപ്പള്ളി സോണിലെ LSS രണ്ടാംഘട്ട റിസോഴ്സ് ടീമിന്റെ പരിശീലനം 2021 മേയ് മാസം കൊണ്ട് പൂർത്തീകരിച്ചു. ഇപ്പോൾ 72 മെന്റേഴ്സ് കോഴ്സ് പൂർത്തിയാക്കി. തുടർന്ന് ഇടവകകളിൽ നൽകപ്പെടേണ്ട ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാറുകൾക്കും ധ്യാനങ്ങൾക്കുമുള്ള പരിശീലനത്തിനായി ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പ്രത്യേകം സമിതി Good news എന്ന പരിശീലന പ്രോഗ്രാം നടത്തിവരുന്നു. ഇപ്പോൾ 14 പേർ അടങ്ങുന്ന ആദ്യ ടീമിനെ സജ്ജമാക്കിക്കഴിഞ്ഞു. പാരീഷ്

മിനിസ്ട്രി സെൻട്രൽ ടീമാണ് LSS പ്രോഗ്രാം കോർഡിനേറ്ററിനോടൊപ്പം നേതൃത്വം നൽകി വരുന്നത്.

ഈ ജൂൺ മാസം തന്നെ അടുത്ത ബാച്ചിനുള്ള പരിശീലനം ആരംഭിക്കുന്നതാണ്. അതുപോലെ വിവിധ ശുശ്രൂഷകൾക്ക് ടീമുകളെ ഓൺലൈൻ വഴി പരിശീലനം നൽകാൻ പദ്ധതികൾ ക്രമീകരിച്ചുകഴിഞ്ഞു. ഇടവക കേന്ദ്രീകൃതമായ ആത്മീയ ശൈലിയിലേക്ക് വളർത്തുക എന്നതാണ് LSS ന്റെ ലക്ഷ്യം. LSS നടത്തിപ്പിനായുള്ള പഠനരേഖ പൂർത്തിയായി. ഉടൻതന്നെ അത് പ്രിന്റ് ചെയ്തും പി.ഡി.എഫ്. ആയും എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി**

സോൺ സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ ഓൺലൈൻ പ്രാർത്ഥനായോഗങ്ങൾ വിവിധ സബ്സോണുകളിൽ നടന്നുവരുന്നു. ഇതിലും അതോടൊപ്പം കോവിഡ് മഹാമാരിക്ക് ശമനം വരിക്കാൻവേണ്ടി നടത്തപ്പെട്ട വിവിധ പ്രാർത്ഥനകൂട്ടായ്മകളിലും സഹകരിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു. കൂടാതെ 2021 മേയ് 1-ാം തീയതി ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥനാ ദിനമായി മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രിയുടെ സഹകരണത്തോടെ സോണിൽ പ്രാർത്ഥനായജ്ഞം ക്രമീകരിക്കപ്പെട്ടു. മദ്ധ്യസ്ഥ പ്രാർത്ഥനാ സെൻട്രൽ ടീമിന്റെ സോണൽ മിനിസ്ട്രി സന്ദർശനം 06.05.2021 വ്യാഴാഴ്ച 8 p.m. മുതൽ 9.00 p.m. വരെ ഭംഗിയായി നടത്തപ്പെട്ടു.

**ശിഷ്യത്വധ്യാനം**

29.05.2021 ൽ ആരംഭിച്ച വിശ്വാസശക്തീകരണം സാക്ഷ്യജീവിതത്തിന് എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഓൺലൈൻ ഫോർമേഷൻ പ്രോഗ്രാമായ ശിഷ്യത്വപരിശീലന കോഴ്സിൽ സോണിൽ നിന്നും 10 പേർ സംബന്ധിച്ചുവരുന്നു.

**തൂവാനിസാ മിനിസ്ട്രി**

തൂവാനീസാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാലശുശ്രൂഷ മുടങ്ങാതെ നടത്തിവരുന്നു.

**ക്രിസ്റ്റീൻ മിനിസ്ട്രി**

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ പ്രവർത്തനം വളരെ ചിട്ടയായി ക്രമീകരിക്കപ്പെട്ടുവരുന്നു. വടവാതൂർ സെമിനാരിയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ ബിബ്ലിയ 2021 ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ  അനീന തെരേസ് ആന്റണി ആനിക്കാട്, സെന്റ് മേരീസ് ഇടവക, കാഞ്ഞിരപ്പള്ളി ക്രിസ്റ്റിൻ മിനിസ്ട്രി കൂട്ടായ്മ അംഗം കൂടിയാണ്. അഭിനന്ദനങ്ങൾ. കൂടാതെ ഈ മത്സരത്തിൽ $4^{th}$ നേടിയ അനുപമ ജെയിംസ്, കാഞ്ഞിരപ്പള്ളി ക്രിസ്റ്റീൻ മിനിസ്ട്രി അംഗമാണ്. അഭിനന്ദനങ്ങൾ.

റൂഹാ അഭിഷേകധ്യാനം ഓൾകേരള ക്രിസ്റ്റിൻ മിനിസ്ട്രി നടത്തിയ പ്രോഗ്രാമിൽ കാഞ്ഞിരപ്പള്ളി സോണിൽ നിന്നും 150 കുട്ടികൾ പങ്കെടുത്തു.

**ഫാ. മാത്യു ഓലിക്കൽ**

**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**മേയ്**

**ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

മേയ് 1 രാവിലെ 9 മുതൽ വൈകിട്ട് 3 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെട്ടു. ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നല്കി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജിത്തു, ബ്രദർ ജോസ്സി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ഓൺലൈൻ കൃപാനുഭവധ്യാനം**

മേയ് 14, 15, 16 തീയതികളിൽ ഓൺലൈനായി ധ്യാനം നടത്തപ്പെട്ടു. വെള്ളിയാഴ്ച വൈകുന്നേരം 4 മുതൽ 9.30 വരെയും തുടർന്നുള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെയും ധ്യാനശുശ്രൂഷകൾ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നല്കി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജോസ്സി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**പന്തക്കുസ്തായോടനുബന്ധിച്ച് കൺവൻഷൻ**

മേയ് 21, 22, 23 തീയതികളിൽ വൈകുന്നേരം 4 മണി മുതൽ 9.30 വരെ കൺവൻഷൻ നടത്തപ്പെട്ടു. ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## ശാലോം വേൾഡ് - ആരാധന

മേയ 22 രാവിലെ 10.30 മുതൽ 11.30 വരെ ശാലോം വേൾഡ് യുട്യൂബ് ചാനലിലൂടെ എല്ലാവർക്കും വേണ്ടി ആരാധന നടത്തി. ബഹു. ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ബഹു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## പന്തക്കുസ്താ നൈറ്റ് വിജിൽ

മേയ് 23 ഞായറാഴ്ച ഇന്ത്യൻ സമയം രാവിലെ 8 മുതൽ 9.30 വരെ കാനഡയിലുള്ള ടൊറോന്റോ സെന്റ് അൽഫോൻസാ സീറോ മലബാർ കത്തീദ്രൽ ഇടവകയ്ക്കുവേണ്ടി സൂം ഫ്ളാറ്റ്ഫോമിലൂടെ ആരാധന നടത്തി. ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## Pray for India - ആരാധന (ശാലോം ടെലിവിഷനിൽ)

ശാലോം ടെലിവിഷന്റെ നേതൃത്വത്തിൽ കോവിഡ് മഹാമാരിക്കെതിരെ പന്ത്രണ്ടു മണിക്കൂർ ഉള്ള ആരാധനയിൽ അണക്കര ധ്യാനകേന്ദ്രത്തിൽനിന്നുള്ള ആരാധന മേയ് 22 ശനിയാഴ്ച രാത്രി 9 മുതൽ 10.30 വരെ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## ഇന്റർനാഷ്ണൽ നേഴ്സസ് ഏകദിന ധ്യാനം

ലോകമെമ്പാടുമുള്ള നഴ്സുമാർക്കുവേണ്ടിയുള്ള ഏകദിന ധ്യാനം മേയ് 29 ശനിയാഴ്ച രാവിലെ 8 മണി മുതൽ വൈകുന്നേരം 3 വരെ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## ദൈവവചനപ്രഘോഷണവും ആരാധനയും

ഫരീദാബാദ് രൂപതയുടെ നേതൃത്വത്തിൽ മെയ് 29 ശനിയാഴ്ച

വൈകുന്നേരം 6 മണി മുതൽ 7 മണിവരെ ക്രമീകരിച്ച ദൈവവചന പ്രഘോഷണത്തിലും തുടർന്നുള്ള ആരാധനയ്ക്കും ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ബഹു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃതജ്ഞത**

രണ്ടു വർഷങ്ങൾ അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ നിർവഹിച്ച കല്യാൺ രൂപതയിൽ നിന്നുള്ള ബഹു. ജോസഫ് പൊയ്യാനിയിൽ അച്ചനും, സ്പിരിചൽ ഡയറക്ടറായി ശുശ്രൂഷ ചെയ്യുന്ന ബഹു. മനു പുത്തൻവീട്ടിൽ അച്ചനും മെയ് 13 വ്യാഴാഴ്ച അണക്കര മരിയൻ കുടുംബം നന്ദി അറിയിച്ചു.

**സ്വീകരണം**

കല്യാൺ രൂപതയിൽനിന്നു അണക്കര മരിയൻ ധ്യാനകേന്ദ്രത്തിലേയ്ക്ക് ശുശ്രൂഷയ്ക്കായി വന്ന ബഹു. ലിജു കീറ്റിക്കൽ അച്ചന് മെയ് 18 ന് സ്വീകരണം നൽകി.

**ഓൺലൈൻ ശുശ്രൂഷ**

എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ ശുശ്രൂഷകൾ നടക്കുന്നു. 5 മണിക്ക് ജപമാലയും കരുണയുടെ ജപമാലയും തുടർന്ന് ആഘോഷമായ വി. കുർബാനയും ദൈവവചനപ്രഘോഷണവും ദിവ്യകാരുണ്യാരാധനയും നടന്നുവരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കി വരുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

യുട്യൂബ് : Youtube.com/krupavision

ഫേസ്ബുക്ക് : facebook.com./krupavisiontv

വെബ്സൈറ്റ് : www.marianretreatcentre.org

**പറുദീസ**

ശാലോം ടെലിവിഷനിൽ ദൈവവചനം ബഹു. ഡോമിനിക് വാളന്മനാൽ അച്ചൻ പങ്കുവയ്ക്കുന്നു. തിങ്കളാഴ്ച വൈകുന്നേരം 5 മുതൽ 5.30 വരെ ബുധനാഴ്ച രാവിലെ 8.30 മുതൽ 9.00 വരെ. വ്യാഴാഴ്ച വൈകുന്നേരം 11.30 മുതൽ 12.00 വരെ.

**ജൂൺ**

**ആദ്യശനി ഓൺലൈൻ കൺവെൻഷൻ**

ജൂൺ 5 രാവിലെ 9 മുതൽ വൈകിട്ട് 3 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെട്ടു. ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കള പ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ശുശ്രൂഷകർക്കുള്ള ഏകദിന ഓൺലൈൻ ധ്യാനം**

ജൂൺ 10-ാം തീയതി ശുശ്രൂഷകർക്കായി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിനധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷയിൽ ബഹു. ഫാ.തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജെയ്സൺ, ബ്രദർ ജോസി എന്നിവർ സഹായിച്ചു.

## തിരുഹൃദയ തിരുനാൾ ധ്യാനം

ജൂൺ 11-ാം തീയതി വൈകിട്ട് 5 മണി മുതൽ 9 മണിവരെ തിരുഹൃദയതിരുനാൾ കൺവൻഷൻ നടത്തി. ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷ കളിൽ ബഹു. ഫാ.തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാ നിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജോസി എന്നിവർ സഹായിച്ചു.

## വൈദികർക്കുവേണ്ടിയുള്ള ധ്യാനം

ജൂൺ 12-ാം തീയതി വൈകിട്ട് 4 മണി മുതൽ 9 മണിവരെ വൈദികർക്കുവേണ്ടിയുള്ള ധ്യാനം ഓൺലൈനായി നടത്തി. ബഹു മാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂ ഷകളിൽ ബഹു. ഫാ.തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി എന്നിവർ സഹായിച്ചു.

## ആന്തരികസൗഖ്യത്തിന്റെയും വിടുതലിന്റെയും ധ്യാനം - ഇറ്റലി

ജൂൺ 15-ാം തീയതി ഇറ്റലി റൊസല്ലോ പ്രാർത്ഥനാക്കൂട്ടായ്മ യ്ക്കുവേണ്ടി വൈകുന്നേരം 8 മണി മുതൽ 10 മണിവരെ ഓൺലൈ നായി ശുശ്രൂഷ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ഫാ.തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## ഓൺലൈൻ കൃപാനുഭവധ്യാനം (ന്യൂസിലൻഡ്)

ജൂൺ 25, 26, 27 തീയതികളിൽ ന്യൂസിലൻഡിലെ വിശ്വാസി കൾക്കായി കൃപാനുഭവധ്യാനം നടത്തപ്പെട്ടു. രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണിവരെ നടന്ന ശുശ്രൂഷകളിൽ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകുകയും ഫാ.തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി എന്നിവർ സഹായിക്കുകയും ചെയ്തു.

**യാത്രാമംഗളങ്ങൾ**

രണ്ടു വർഷങ്ങൾ അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ നിർവ്വഹിച്ച ബഹു. മനു പുത്തൻവീട്ടിൽ അച്ചന് ജൂൺ 19-ാം തീയതി യാത്രയയപ്പു നല്കി.

**സ്വീകരണം**

ജൂൺ 23-ാം തീയതി ബഹുമാനപ്പെട്ട റോബിൻസ് മറ്റത്തിൽ അച്ചന് അണക്കര മരിയൻ ധ്യാനകേന്ദ്രം സ്വീകരണം നല്കി.

**ഓൺലൈൻ ശുശ്രൂഷ**

എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ ശുശ്രൂഷകൾ ഓൺലൈനായി നടത്തുന്നു. 5 മണിക്ക് ജപമാലയും, 5.30 ന് റംശയും 6 ന് ആഘോഷമായ വിശുദ്ധ കുർബാനയും 7 മണിക്ക് ദൈവവചനപ്രഘോഷണവും 7.30 ന് ദിവ്യകാരുണ്യ ആരാധനയും നടത്തുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ലിജു കീലക്കാട്ട്, ബ്രദർ ജെയ്സൺ, ബ്രദർ സരിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സാഹചര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 9526022215, 7306065493, 7306086060, 7306055176

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

യുട്യൂബ് : youtube.com/krupavision

ഫേസ്ബുക്ക് : facebook.com/krupavisiontv


വെബ്സൈറ്റ് : www.marianretreatcentre.org

**പറുദീസ**

ശാലോം ടെലിവിഷനിൽ ദൈവവചനം ബഹുമാനപ്പെട്ട ഡോമിനിക് വാളമ്മനാൽ അച്ചൻ പങ്കുവയ്ക്കുന്നു. തിങ്കളാഴ്ച വൈകുന്നേരം 5 മുതൽ 5.30 വരെ, ബുധനാഴ്ച രാവിലെ 8.30 മുതൽ 9.00 വരെ, വ്യാഴാഴ്ച വൈകുന്നേരം 11.30 മുതൽ 12 വരെ.

**ഫാ. ഡൊമിനിക് വാളമ്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിചൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ആലുവ ജനറലേറ്റിൽ വച്ചു നടന്ന സോഷ്യൽവർക്ക് കോഴ്സിന്റെ മീറ്റിംഗിൽ സി. അനിത പങ്കെടുത്തു.

- പാറത്തോട് ഗ്രാമപഞ്ചായത്തിനോടു ചേർന്ന് വെട്ടം കോളനി പുലിക്കുന്ന്, വണ്ടംപാറ തുടങ്ങിയ കോളനികളിലേയ്ക്കും 75 കിറ്റ് സി. ടോംസിയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് പായ്ക്ക് ചെയ്തു. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി പാറത്തോട് പഞ്ചായത്ത് പ്രസിഡന്റ് ജോണി മഠത്തിനകത്തിന് കൈമാറി. പ്രസിഡന്റിനോടും ടീമിനോടുമൊപ്പം സി. ജസ്മി, സി. അമലാ റോസ് എന്നിവർ കിറ്റ് വിതരണത്തിനായി പോയി.

- മഠങ്ങൾ ഉള്ള എല്ലാ ഇടവകകളിലും അവരുടെ പഞ്ചായത്തിനോടു ചേർന്ന് ഭക്ഷ്യകിറ്റ്, ചികിത്സ, മറ്റ് അത്യാവശ്യസഹായങ്ങൾ ചെയ്തു കൊടുത്തു.

- സാരഥിയുടെ Help Desk-ൽ സി. റ്റെസിൻ മരിയ, സി. ജസ്മി എന്നിവർ പരിസ്ഥിതി ദിനത്തിൽ സാരഥി അംഗങ്ങൾ വൃക്ഷത്തൈയോ ഔഷധച്ചെടിയോ അവരവരുടെ പറമ്പുകളിൽ നട്ട് പരിസ്ഥിതിദിനം ആചരിച്ചു.

- ആസ്പിരൻസ് ഡാലി, അൽഫോൻസ, ലിയ, ലെയ, മിന്നു എന്നിവർ പ്ലാച്ചേരിയിൽ പോസ്റ്റുലൻസിയിൽ പ്രവേശിച്ചു.

- 2nd year പോസ്റ്റുലൻസ് റീജൻസിയ്ക്കായി വിവിധ മഠങ്ങളിൽ പോയി.

- സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി, ഗോൾഡൻ ജൂബിലി ആഘോഷപരിപാടികൾ ലളിതമായ രീതിയിൽ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.
- ലോക്ക്ഡൗൺ ആയതിനാൽ വിവിധ മഠങ്ങളെ ഉൾപ്പെടുത്തി ഓൺലൈൻ വാർഷിക ധ്യാനം നടത്തി.
- മെയ് 15-ാം തീയതി ഗൂഗിൾമീറ്റിലൂടെ പ്രൊവിൻസ് ഡേ പരിപാടികൾ നടത്തി. സ്വദേശത്തും വിദേശത്തുമുള്ള എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.
- മേജർ സുപ്പീരിയേഴ്സിന്റെ CRI മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി സി.എം.സി. സംബന്ധിച്ചു.
- അദ്ധ്യാപനരംഗത്ത് സ്തുത്യർഹമായി നീണ്ട വർഷക്കാലങ്ങൾ സേവനം ചെയ്തതിനുശേഷം റിട്ടയറാകുന്ന സി. ലിൻസി തെരേസ് (ചക്കുപള്ളം CMI കോർപ്പറേറ്റ് സ്കൂൾ), സി. ജെസ്സിൻ മരിയ (പുളിയന്മല കെ.ഇ.യു.പി. സ്കൂൾ), സി. ജോയ്സ് (കൊച്ചറ, എ.കെ.എം.യു.പി. സ്കൂൾ) എന്നിവർക്ക് നന്ദിയുടെ കൂപ്പുകരങ്ങൾ.
- കോവിഡ് രോഗികളായ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഭക്ഷണകിറ്റ്, സാമ്പത്തിക സഹായങ്ങൾ, മരുന്ന് എന്നിവ നൽകി. കൂടാതെ ഓൺലൈൻ കൗൺസിലിംഗ് നടത്തുകയും ആത്മീയ സഹായങ്ങൾ നൽകുകയും ചെയ്തു.
- പൊടിമറ്റം ഇടവക വികാരിയായിരുന്ന റവ. ഫാ. ജോർജ് ആലുങ്കൽ അച്ചനും കൊച്ചച്ചൻ റവ. ഫാ. ആൽവിൻ കാർലോസ് അച്ചനും സ്ഥലം മാറി പോകുന്നതിനാൽ അവർക്ക് ഹൃദ്യമായ യാത്രയയപ്പ് നൽകി.
- പൊടിമറ്റം ഇടവകയുടെ പുതിയ വികാരിയായി നിയമിതനായ ബഹു. മാർട്ടിൻ വെള്ളിയാംകുളം അച്ചനെയും അസി. വികാരി ബഹു. ജോ ജേക്കബ് ചെമ്മാച്ചേരിൽ അച്ചനെയും പ്രൊവിൻഷ്യൽ

സുപ്പീരിയറും കൗൺസിലേഴ്സും ഇടവകപ്പള്ളിയിൽ പോയി ഹൃദ്യമായി സ്വീകരിച്ചു.

- വൊക്കേഷൻ പ്രൊമോട്ടേഴ്സ് ടീമിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ സി. ടോംസിയുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണവും ഔഷധച്ചെടികളുടെ പ്രദർശനവും പുതിയ ചെടികളുടെ ശേഖരണവും നടത്തി. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി ഉദ്ഘാടനം ചെയ്തു.
- കാറ്റും മഴയും മൂലം വാഴകൃഷി മുഴുവൻ നഷ്ടപ്പെട്ട ഒരു കുടുംബത്തിന്റെ വിളവാകാത്ത കുലകൾ വാങ്ങുകയും അത് 45 കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും സാമൂഹികഅടുക്കളയിലേക്ക് വിതരണം ചെയ്തു. കർഷകന് സാമ്പത്തികമായ സഹായം നൽകി.
- റിവോൾവിംഗ് ഫണ്ടിലൂടെ വിദ്യാഭ്യാസം, സ്വയം തൊഴിൽ, ഭവനനിർമ്മാണം, ഭക്ഷ്യസുരക്ഷ, കൃഷി എന്നിവയ്ക്കാവശ്യമായ സാമ്പത്തിക സഹായം 15 കുടുംബങ്ങൾക്ക് നൽകി.

## ക്ലാരിസ്റ്റ് സന്ന്യാസിനി സമൂഹം (FCC)

- എരുമേലി നിർമ്മല പബ്ലിക്ക് സ്കൂളിന്റെ പ്രവേശനോത്സവത്തിൽ ബഹു. പ്രൊവിൻഷ്യൽ സി. അമല അദ്ധ്യക്ഷപ്രസംഗവും സി. അലീസിയ, സി. ഡെയ്സി എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.
- കോവിഡ് മഹാമാരിയിൽ അത്യാവശ്യത്തിലായിരിക്കുന്നവർക്ക് സഹായഹസ്തവുമായി പാറത്തോട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോണിക്കുട്ടി മഠത്തിനകത്തോട് ചേർന്ന് പ്രൊവിൻഷ്യൽ ഹൗസിൽ നിന്ന് ഭക്ഷണക്കിറ്റ് വിതരണം നടത്തി. കൂടാതെ വെളിച്ചിയാനി, പുഞ്ചവയൽ, പെരുവന്താനം എന്നീ ഇടവകകളിലും ഭക്ഷണക്കിറ്റ് വിതരണം ചെയ്തു.

- KCMS -ന്റെ ജനറൽ ബോഡി മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യൽ സി. അമല പങ്കെടുത്തു.
- ഞങ്ങളുടെ മദർ ജനറൽ ബഹു. സി. ആൻ ജോസഫ് പ്രൊവിൻഷ്യൽ ടീം അംഗങ്ങളെയും, റീജണൽ സുപ്പീരിയേഴ്സി നെയും ടീം അംഗങ്ങളെയും ഗൂഗിൾ മീറ്റിലൂടെ ഒരുമിച്ചുചേർത്ത് ഈ കാലഘട്ടത്തിലെ പ്രത്യേക ജീവിതാനുഭവങ്ങളും പ്രവർത്ത നങ്ങളും പങ്കുവയ്ക്കുന്നതിനുള്ള അവസരം നല്കുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നല്കി സഭാംഗങ്ങളെ പ്രബുദ്ധരാക്കുകയും ചെയ്തു.
- KCMS സംഘടിപ്പിച്ച വൊക്കേഷൻ ഫോർമേറ്റേഴ്സിന്റെ സൂം മീറ്റിംഗിൽ സി. റാണി ജോസ് പങ്കെടുത്തു.
- ജൂണിയേഴ്സ് ഡേയുടെ ഭാഗമായി എല്ലാ ജൂണിയർ സിസ്റ്റേഴ്സി നെയും പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചു ചേർക്കുകയും വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് ക്ലാസുകൾ നല്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും വിവിധ കലാപരിപാടികൾ നട ത്തുകയും ചെയ്തു. കൂടാതെ ഇതിന്റെ അനുസ്മരണമെ ന്നോണം ഇവർ തയ്യാറാക്കിയ 'സോവാർ' എന്ന കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കുകയും ചെയ്തു.
- ബഹു. സി. ജൂലി ഒന്നാം വർഷ നോവിസസിന് ഒരാഴ്ചത്തെ ധ്യാനം നടത്തി.
- കൂവപ്പള്ളി അമൽജ്യോതി കോളേജ് അധ്യാപകർ സംഘടിപ്പിച്ച "Tech Tools for Effective Management of Academic and office Tasks" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മൂന്നു ദിവസത്തെ ക്ലാസിൽ 17 സിസ്റ്റേഴ്സ് പങ്കെടുത്തു.
- പൊടിമറ്റം ഇടവകവികാരി മോൺ. പെരിയ ബഹു. ജോർജ് ആലു ങ്കൽ അച്ചൻ അസി. വികാരി ബഹു. കാർലോസ് കീരഞ്ചിറ എന്നി വർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ യാത്രയയപ്പു നല്കി.

- ആധുനിക മാധ്യമങ്ങളിലൂടെ സുവിശേഷപ്രഘോഷണം ഫല പ്രദമായി നടത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് MCBS എമ്മാവൂസ് പ്രൊവിൻസ് സംഘടിപ്പിച്ച 'ദൈവരാജ്യപ്രഘോ ഷണം മാധ്യമങ്ങളിലൂടെ' എന്ന പഠനശിബിരത്തിൽ സി. മരിയ റ്റോം, സി. റ്റെസ്മി എന്നിവർ പങ്കെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- കേരള റീജൻ മേജർ സുപ്പീരിയേഴ്സിനായി CRI നടത്തിയ Zoom Meeting-ൽ ബഹു. പ്രൊവിൻഷ്യാളമ്മ സംബന്ധിച്ചു.
- കോവിഡ് അതിവ്യാപനത്തിൽ നിന്നും മുക്തി നേടാൻ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിപ്പിതാവിന്റെയും, ബഹു. ജനറാളമ്മയുടെയും നിർദ്ദേശപ്രകാരം ഭവനാടിസ്ഥാന ത്തിൽ അഖണ്ഡജപമാല നടത്തി.
- റവ.ഫാ.പോൾ വടക്കേമുറി CMI-യുടെ നേതൃത്വത്തിൽ ഈ വർഷത്തെ വാർഷികധ്യാനം Online ആയി നടത്തപ്പെട്ടു. വിദേ ശത്തും സ്വദേശത്തും ഉള്ള മുഴുവൻ സിസ്റ്റേഴ്സും ധ്യാനത്തിൽ സംബന്ധിച്ചു.
- തക്കലരൂപതയുടെ രജതജൂബിലിയാഘോഷത്തിന്റെ ഭാഗമായി സുവിശേഷവത്ക്കരണം എന്ന വിഷയത്തെ ആസ്പദമാക്കി നട ത്തിയ 2 ദിവസത്തെ വെബിനാറിൽ പ്രൊവിൻഷ്യൽ കൗൺസി ലർ സി. ദീപ്തി പച്ചിലംകാട്ടിൽ സംബന്ധിച്ചു.
- ബഹു. ജനറാളമ്മയുടെ നിർദ്ദേശപ്രകാരം ആരാധനാസന്യാസി നിസമൂഹത്തിലെ എല്ലാ ഭവനങ്ങളിലും 40 മണിക്കൂർ ആരാധന നടത്തപ്പെട്ടു.
- സന്യസ്തർ അഭിമുഖീകരിക്കുന്ന വിവിധപ്രശ്നങ്ങളെക്കുറിച്ച് അവബോധം നൽകാൻ SMC, Voice of Nuns ചേർന്ന് സംഘടി പ്പിച്ച വെബിനാറിൽ പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു.
- Middle age Crisis എന്ന വിഷയത്തെ ആസ്പദമാക്കി KCMS നട

ത്തിയ Zoom Meeting -ൽ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

- 10 സിസ്റ്റേഴ്സിന്റെ സന്യാസസമർപ്പണത്തിന്റെ ഗോൾഡൻ, സിൽവർ ജൂബിലി ആഘോഷം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി.ബലിയർപ്പിക്കുകയും ജൂബിലിക്കാർക്ക് മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.
- പൊടിമറ്റം ഫോർമേഷൻ ഹൗസിൽ ആസ്പിരൻസിന് 3 ദിവസത്തെ ധ്യാനം പ്രൊവിൻഷ്യൽ കൗൺസിലർ സി.മെർളിൻ കാഞ്ഞിരത്തിങ്കൽ നടത്തി.
- വി.കുർബാനയുടെ ആരാധനാ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകനായ ധന്യൻ മാർ തോമസ്സ് കുര്യാളശ്ശേരിപ്പിതാവിന്റെ ജീവസ്സുറ്റ സംഭവങ്ങളെ അടിസ്ഥാനമാക്കി ഡോ. സി. തെരസ് ആലഞ്ചേരി ആർദ്രം എന്ന പേരിൽ കവിതാവിഷ്ക്കാരം നടത്തി You tube-ൽ upload ചെയ്തു.
- വി.കുർബാനയുടെ ആരാധനാ സന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപകയായ ദൈവദാസി ഷന്താളമ്മയുടെയും സ്ഥാപകനായ ധന്യൻ മാർ തോമസ്സ് കുര്യാളശ്ശേരിപ്പിതാവിന്റെയും ചരമവാർഷികത്തോടനുബന്ധിച്ച് മെയ് 25 നും, ജൂൺ 2 നും നടത്തപ്പെട്ട Online പരിപാടികളിൽ സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിച്ചു.
- ജസ്റ്റീസ് ജെ.ബി കോശി കമ്മീഷനു പരാതികളയയ്ക്കുന്നത് സംബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്ന് നടത്തപ്പെട്ട ഓൺലൈൻ മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയറും പ്രൊവിൻഷ്യൽ ടീമും സംബന്ധിച്ചു.
- ഈശോ സഭാ സ്ഥാപകൻ വി. ഇഗ്നേഷ്യസ് ലയോളയുടെ മാനസാന്തരത്തിന്റെ 500-ാം വാർഷികത്തോടനുബന്ധിച്ച് സി. തെരസ് ആലഞ്ചേരി മുറിവിലെ അഴക് എന്ന കവിത എഴുതി ഇഗ്നേഷ്യൻ ഇയർ ഉദ്ഘാടന ചടങ്ങിൽ ആലപിച്ചു.

- Online ക്ലാസ്സിന്റെ നൂതനങ്ങളായ സാധ്യതകളെപ്പറ്റി അറിവ് നൽകുന്നതിന് തേവര സേക്രട്ട് ഹാർട്ട് കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവി റവ.ഫാ. സാബു കുമ്പുക്കൽ നടത്തിയ ത്രിദിന വീഡിയോ സെമിനാറിൽ നാട്ടിലും മിഷനിലും അധ്യാപകരായിട്ടുള്ള 40 സിസ്റ്റേഴ്സും 15 അധ്യാപകരും സംബന്ധിച്ചു.

- കോവിഡ് മഹാമാരിയുടെ അതിവ്യാപനത്തിൽ ലോക്ക്ഡൗൺ സാഹചര്യത്തിൽ നിർദ്ധനരായ ജനങ്ങൾക്ക് ചിറക്കടവ് ഗ്രാമപഞ്ചായത്തിനോട് സഹകരിച്ച് സിസ്റ്റേഴ്സും പഞ്ചായത്ത് അംഗങ്ങളും ഒന്നിച്ച് 150 ഭക്ഷണക്കിറ്റ് തയ്യാറാക്കി നൽകുകയുണ്ടായി. തദവസരത്തിൽ പരസ്ഥിതിദിനാഘോഷത്തിന്റെ ഭാഗമായി സെന്റ് ജോസഫ്സ് നേഴ്സറി സ്കൂളിൽ എത്തിയ ചീഫ് വിപ്പ് അഡ്വ. ജയരാജ് സാറിന് വൃക്ഷത്തൈ നൽകി ബഹു. പ്രൊവിൻഷ്യലമ്മ സ്വാഗതം ആശംസിച്ചു.

- ഈ കാലയളവിൽ സോഷ്യൽവർക്ക് ഇനത്തിൽ ഭവനനിർമ്മാണത്തിന് 5 പേർക്ക് 39500/-, പഠനസഹായം 3 പേർക്ക് 17500/-, ചികിത്സാസഹായം 60000/-, ഭക്ഷണകിറ്റ് 27000/-, ദൈവാലയ നിർമ്മാണം 80000/- രൂപയും സഹായം നൽകുകയുണ്ടായി.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് താൻ ഹൊയ്സർ OH, നാമകരണ നടപടികളുമായി ബന്ധപ്പെട്ട പുരോഗതി അറിയുവാൻ റോമിലെ പോസ്റ്റുലേറ്റർ ബ്രദർ ഡാരിയോ OH ന്റെ നേതൃത്വത്തിൽ നടത്തിയ സൂം മീറ്റിംഗിൽ സിസ്റ്റർ ലില്ലി ട്രീസ, സിസ്റ്റർ റീന മരിയ, സിസ്റ്റർ നിർമല കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.

- കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിൽ, കോവിഡ് രോഗികളെ ശുശ്രൂഷിക്കാൻ സിസ്റ്റേഴ്സ്, വോളണ്ടിയർ ആയി ശുശ്രൂഷ ആരംഭിച്ചു.

- KCMS കേരള-റീജിയൻ നടത്തിയ ഫോർമേഷനെക്കുറിച്ചുള്ള

സൂം മീറ്റിംഗിൽ സുപ്പീരിയർ ജനറൽ ബഹുമാനപ്പെട്ട സിസ്റ്റർ മേഴ്സി തോമസും മറ്റു ഫോർമേഷൻ ചാർജുള്ള സിസ്റ്റേഴ്സും പങ്കെടുത്തു.

- സുപ്പീരിയർ ജനറൽ ബഹുമാനപ്പെട്ട സിസ്റ്റർ മേഴ്സി തോമസ് കാനോനിക സന്ദർശനം ആരംഭിച്ചു
- ഈ വർഷം, സന്യാസവ്രത ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ് ജൂബിലി തിരി തെളിച്ചു.
- കോവിഡ് 19 മൂലം പലവിധ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി.
- ന്യൂനപക്ഷാവകാശസംരക്ഷണത്തിനു വേണ്ടി സർക്കാർ നിയോഗിച്ച J.B കോശി റിപ്പോർട്ട്, വിശദീകരിച്ചു നൽകുവാൻ കാഞ്ഞിരപ്പള്ളി രൂപത നടത്തിയ സൂം ക്ലാസ്സിൽ ബഹുമാനപ്പെട്ട സിസ്റ്റർ മേഴ്സി തോമസും ജനറൽ ടീമും പങ്കെടുത്തു.
- കോവിഡ് 19 മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ബ്രദർ ഫോർത്തുനാത്തൂസ്- സാരഥിയുടെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റുകൾ നൽകി .
- സെന്റ് ജോൺ ഓഫ് ഗോഡ് ഷെൽട്ടർ ഹോമിൽ നിന്നും കോവിഡ് 19 മൂലം വിഷമിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ നൽകി
- വൊക്കേഷൽ പ്രൊമോട്ടേഴ്സിനുവേണ്ടി CRS നടത്തിയ വെബിനാറിൽ ബഹുമാനപ്പെട്ട സിസ്റ്റർ മേഴ്സി തോമസും ഫോർമേഷൻ കൗൺസിലറും ഫോർമേഷൻ ടീം അംഗങ്ങളും പങ്കെടുത്തു.
- ജസ്റ്റീസ് J.B. കോശി കമ്മീഷൻ ന്യൂനപക്ഷ അവകാശ സംരക്ഷണത്തെക്കുറിച്ചു സമർപ്പിതർക്കുവേണ്ടി കാഞ്ഞിരപ്പള്ളി രൂപത നടത്തിയ സൂം മീറ്റിംഗിൽ സുപ്പീരിയർ ജനറൽ ബഹുമാനപ്പെട്ട സിസ്റ്റർ മേഴ്സി തോമസും ജനറൽ ടീമും

പങ്കെടുത്തു.

- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പഠനസഹായം നൽകി.
- ക്യാൻസർ ബാധിതരായ രണ്ട് രോഗികൾക്ക് ചികിത്സാസഹായം നൽകി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- സമർപ്പണ ജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കുന്ന സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ നേതൃത്വത്തിൽ ബലിയർപ്പിക്കുകയും കുർബാനയ്ക്ക് ശേഷം സഹോദരിമാരെ ആദരിക്കുകയും ചെയ്തു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സി. റിയന്നാ പുലുമ്പേൽതകിടിയിൽ തന്റെ പ്രഥമ വ്രതവാഗ്ദാനവും സി. ലിസ്നാ ജോൺ രാമനാട്ട് എസ്.എച്ച്. തന്റെ നിത്യവ്രതവാഗ്ദാനവും നടത്തി.
- ബഹു. മാത്യു പിണമറുകിൽ, ഫാ. ജോസഫ് ചെരുവിൽ എന്നിവരുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പും സിസ്റ്റേഴ്സും പങ്കെടുത്തു.
- ദിനാചരണം : അമലഗിരി, പഴയിടം എന്നിവിടങ്ങളിൽ വനിതാ ദിനത്തോടനുബന്ധിച്ചു മത്സരങ്ങളും സാംസ്ക്കാരികപരിപാടികളും, ചർച്ചകളും ക്ലാസുകളും നടത്തി.
- കാരുണ്യഭവൻ ഭവനനിർമ്മാണപദ്ധതി കുറുമ്പൻമൂഴി, ആനിക്കാട് എന്നിവിടങ്ങളിൽ പൂർത്തിയായ ഭവനങ്ങളുടെ താക്കോൽദാനം നടത്തി. കൂവപ്പള്ളിയിൽ ഒരു പുതിയ ഭവനത്തിനായി തറക്കല്ലിട്ടു.
- ഫാമിലി ഫെസ്റ്റ് SMYM -ന്റെ നേതൃത്വത്തിൽ പൊടിമറ്റം ഇട

വകയിൽ യുവജനങ്ങൾക്കായി നടത്തിയ പ്രത്യേക പദ്ധതിയുടെ ഭാഗമായി ഇടക്കുന്നം, പാറത്തോട്, പൊടിമറ്റം ഭാഗത്തുള്ള യുവജനങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു പരിപാടിയിലേക്ക് ക്ഷണിച്ചു.

- തിരുഹൃദയ സ്വാശ്രയസംഘം വരുമാനദായക പരിപാടിയുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി ഹാൻഡ്‌വാഷ്, സോപ്പ് പൗഡർപോലെയുള്ളവയുടെ നിർമാണ സാമഗ്രികൾ ഗ്രൂപ്പംഗങ്ങൾക്ക് വിതരണം ചെയ്തു.
- പ്രിസൺ മിനിസ്ട്രിയുടെ ഭാഗമായി പീരുമേട് സബ് ജയിലിൽ ഫാ. സെബാസ്റ്റ്യൻ പെരുനിലം, സി. ട്രീസ അല്ലെസ്, സി. ഷെല്ലി മരിയ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി.
- പ്രൊവിൻസിന്റെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ വിവിധ ഇടവകകളിൽ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു.
- തിരുഹൃദയ തിരുനാൾ ദിനം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ബലിയർപ്പിച്ചു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ 6 അർത്ഥിനികൾ പോസ്റ്റുലൻസിയിൽ പ്രവേശിച്ചു.

# കെ.സി.എസ്.എൽ.

- കെ.സി.എസ്.എൽ. ഡയറക്ടറായി 3 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ഫാ. തോമസ് നരിപ്പാറ കാഞ്ഞിരപ്പള്ളി രൂപതാ മൈനർ സെമിനാരിയിൽ വൈസ് റെക്ടർ, പ്രൊക്കുറേറ്റർ ചുമതലകൾ ഏറ്റെടുത്തു. ജൂൺ 22 ന് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ അച്ചന് യാത്രയയപ്പു നൽകി. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, കെ.സി.എസ്.എൽ. രൂപതാ പ്രസിഡന്റ് സോജൻ ആന്റണി, രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ഡൊമിനിക്ക് അയലൂപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.
- കെ.സി.എസ്.എൽ. ന്റെ പുതിയ ഡയറക്ടറായി ഫാ. ജോസഫ് പന്നലക്കുന്നേൽ ജൂൺ 23-ന് ചാർജ്ജെടുത്തു.
- കുട്ടികൾക്ക് വചനപഠനത്തിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ ബൈബിളിലെ എല്ലാ പുസ്തകങ്ങളിൽനിന്നും ഓരോ വചനം വീതം പരിചയപ്പെടുത്തുന്ന 'വചനക്കളരി' പഴയനിയമ പുസ്തകങ്ങൾ പൂർത്തിയാക്കി പുതിയ നിയമപുസ്തകങ്ങൾ പരിചയപ്പെടുത്തുവാൻ ആരംഭിച്ചു.
- ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് മരത്തൈകൾ നട്ടുപിടിപ്പിച്ച് കെ.സി.എസ്.എൽ. പരിസ്ഥിതിദിനം ആഘോഷിച്ചു.

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ജനറൽ മെഡിസിൻ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ ഡോ. ഷിന്റോ കെ. തോമസ് ചാർജ്ജെടുത്തിരിക്കുന്നു. ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഹോസ്പിറ്റലിൽ ലഭ്യമാണ്.

**അസ്ഥിരോഗവിഭാഗം**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അസ്ഥിരോഗ വിഭാഗം (Orthopedics) ഡോ. അഡോൾസ് ജോർജ് MBBS, MS (Ortho) ചാർജ്ജെടുത്തിരിക്കുന്നു. ഡോക്ടറുടെ സേവനം തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ എം.എം.റ്റി. ക്ലിനിക്കിലും വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ എം.എം.റ്റി. ഹോസ്പിറ്റലിലും ലഭ്യമായിരിക്കും. ഡോ. അരവിന്ദ് മദനൻ MBBS, MS (Ortho) യുടെ സേവനം എല്ലാ ദിവസങ്ങളിലും തുടർന്നും ഹോസ്പിറ്റലിൽ ലഭ്യമായിരിക്കും.

മുട്ട്, ഇടുപ്പ് മാറ്റിവയ്ക്കൽ, സ്പൈൻ സർജറി, കുട്ടികളിലും മുതിർന്നവരിലുമുള്ള എല്ലു സംബന്ധമായ ജനിതകവൈകല്യങ്ങൾ, സ്പോർട്സ് ഇൻജ്വുറി എന്നിവയ്ക്ക് വിദഗ്ദ്ധ ചികിത്സ ഹോസ്പിറ്റലിൽ ലഭ്യമാണ്.

**അത്യാഹിത വിഭാഗം**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അത്യാഹിത വിഭാഗത്തിൽ (Casualty) ഡോ. അഖിൽ MBBS ചാർജ്ജെടുത്തിരിക്കുന്നു.

## കോവിഡ് വാർഡ് പ്രവർത്തനം തുടരുന്നു

കോവിഡ് രോഗത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ നമ്മുടെ പ്രദേശങ്ങളിലെ കോവിഡ് രോഗികൾക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഹോസ്പിറ്റലിൽ കോവിഡ് വാർഡ് പ്രവർത്തനം ആരംഭിച്ചത്. 30 കിടക്കകളോടുകൂടിയ വാർഡിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണ്.

വാർഡ്, സിംഗിൾ റൂം, 6 വെന്റിലേറ്റർ ബെഡ്ഡുകളുള്ള ഐ.സി.യു. തുടങ്ങിയ സൗകര്യങ്ങളോടുകൂടിയാണ് കോവിഡ് വിഭാഗം പ്രവർത്തിക്കുന്നത്.

## മെഡിക്കൽ ക്യാമ്പ്

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും സെന്റ് ജോസഫ് ചർച്ച് അറയാഞ്ഞലിമണ്ണിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് 2021 ജൂൺ 6 ഞായർ രാവിലെ 8 മുതൽ 12.30 വരെ നടത്തപ്പെട്ടു.

ഡോക്ടർമാരായ ഡോ. സിസ്റ്റർ റിയ, ഡോ. സിസ്റ്റർ സൗമ്യ എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി. ക്യാമ്പിൽ 80 പേർ പങ്കെടുത്തു.

ഇടവകവികാരി ഫാ. മാത്യു ഓലിക്കൽ, സിസ്റ്റർ ജയിൻ, റെജി തോമസ്, എബ്രാഹം തോമസ്, കുഞ്ഞുമോൻ എന്നിവർ ക്യാമ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

## കോവിഡ് രോഗികളെ പരിചരിക്കാൻ ഡോക്ടർ സിസ്റ്റേഴ്സ്

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ കോവിഡ് പ്രവർത്തനങ്ങൾക്ക് സഹായവുമായി ഡോ. സിസ്റ്റർ റിയ (സെന്റ് ജോൺ ഓഫ് ഗോഡ്) ഡോ. സിസ്റ്റർ സൗമ്യ (FSSH) എന്നിവർ ഹോസ്പിറ്റലിൽ ചാർജ്ജെടുത്തു. കോവിഡ് രോഗികളുടെ ചികിത്സ, കോവിഡ് രോഗികൾ കൂടുതലായിയുള്ള സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ചെയ്തുവരുന്നു.

## ഡയാലിസിസ് യൂണിറ്റ് ഒന്നാം വർഷം പൂർത്തിയായി

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡയാലിസിസ് യൂണിറ്റ് ഒന്നാം വർഷം പൂർത്തിയാക്കി. വൃക്കരോഗത്താൽ കഷ്ടപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡയാലിസിസ് രോഗികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് എം.എം.റ്റി. ഡയാലിസിസ് സെന്റർ ആരംഭിച്ചത്. വൃക്ക തകരാറിലായ ഒരു രോഗിയെ സംബന്ധിച്ച് ഭീമമായ തുക ചിലവഴിച്ച് വൃക്ക മാറ്റിവയ്ക്കുകയോ ജീവിത അവസാനം വരെ ഡയാലിസിസ് ചെയ്യുകയോ മാത്രമാണ് ചികിത്സാരീതി. മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾക്ക് പുറമേ വലിയ സാമ്പത്തിക ബുദ്ധിമുട്ടും ഇവർ നേരിടുന്നു. ഇവർക്ക് സഹായകമാവുക എന്ന ലക്ഷ്യത്തോടെ HANDS എന്ന പദ്ധതിയും ഹോസ്പിറ്റലിൽ നടത്തിവരുന്നു. വിവിധ ഇടവകകളും വ്യക്തികളും ഈ പദ്ധതിയിൽ ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്. 9 മെഷിനുകളുമായി 52 രോഗികൾക്ക് 4282 ഡയാലിസുകൾ കഴിഞ്ഞ ഒരു വർഷം എം.എം.റ്റി.യിൽ ചെയ്യുവാൻ കഴിഞ്ഞു. ഡയാലിസിസ് രോഗികൾക്കായി സംഭാവനകൾ നൽകുന്ന എല്ലാ വൈദികർക്കും ഇടവകകൾക്കും വ്യക്തികൾക്കും എം.എം.റ്റി. കുടുംബത്തിന്റെ പേരിലുള്ള നന്ദി അറിയിക്കട്ടെ.

## എം.എം.റ്റി. ദന്തരോഗവിഭാഗം ഒന്നാം വർഷത്തിൽ

ഡോ. സൂര്യ കിംഗ്സ്ലി MDS ന്റെ നേതൃത്വത്തിൽ വിദഗ്ദ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ എം.എം.റ്റി. ദന്തരോഗവിഭാഗം ഒന്നാം വർഷം പൂർത്തിയാക്കിയിരിക്കുന്നു. നൂതന ദന്തരോഗചികിത്സാരീതികൾ മിതമായ നിരക്കിൽ ചെയ്തുവരുന്നു. കോവിഡ് സാഹചര്യം നിലനിൽക്കുന്നതിനാൽ ഇവിടെ വരുന്ന രോഗികൾക്ക് എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ചാണ് ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നത്. സൗജന്യദന്തപരിശോധന, ആധുനിക ചികിത്സാരീതികൾ, മുൻകൂർ ബുക്കിംഗിലൂടെ സമയബന്ധിതചികിത്സാ സൗക

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

**കോവിഡ് - 19**

**പ്രത്യാഘാതങ്ങളും കത്തോലിക്കാ കോൺഗ്രസ് ഇടപെടലുകളും**

കാഞ്ഞിരപ്പള്ളി: കോവിഡ് വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ കോവിഡ് പ്രതിരോധ ഷീൽഡുകളും, മാസ്ക്കുകളും, സാനിറ്റൈസറുകളും മറ്റും വിതരണം ചെയ്ത് ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ സംഘടന അംഗങ്ങൾ സജീവമായി.

രണ്ടാം ഘട്ട പ്രവർത്തനങ്ങളായ ഹെൽപ്പ് ഡെസ്കുകൾ, കോവിഡ് ടാസ്ക് ഫോഴ്സ്, ഓൺലൈൻ വാക്സിനേഷൻ ഹെൽപ് ഡെസ്ക്, പ്രവാസി ഹെൽപ്പ് ഡെസ്ക് എന്നിവ ആരംഭിച്ചു.

മൂന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സന്നദ്ധ സേന പ്രവർത്തകർക്ക് PPE, Plusoxy meter, Oxygen booster എന്നിവ ഫൊറോന / യൂണിറ്റ് തലങ്ങളിൽ വിതരണം ചെയ്തു.

---

## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

ര്യം, വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം എന്നിവ എം.എം.റ്റി ദന്ത രോഗവിഭാഗത്തിന്റെ പ്രത്യേകതകളാണ്. ഗർഭിണികൾ, കുട്ടികൾ, പ്രമേഹരോഗികൾ, ഹൃദ്രോഗം, അസ്ഥിസംബന്ധമായ അസുഖം എന്നിവ ഉള്ളവർക്കും ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് വിദഗ്ദ്ധ ദന്തചികിത്സ ലഭ്യമാണ്.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

രൂപത/ഫൊറോന തലങ്ങളിൽ സംഘടന അംഗങ്ങളെ കോർത്തിണക്കി വിവിധ വെബിനാറുകൾ സംഘടിപ്പിച്ചു.

യൂണിറ്റ് തലങ്ങളിൽ നിന്നും വിവിധ ആശ്രമങ്ങളിലേക്ക് നല്കുവാനായി പലചരക്ക് സാധനങ്ങൾ ശേഖരിച്ച് വിവിധ ആശ്രമങ്ങൾക്ക് കൈമാറുകയും യൂണിറ്റ് അടിസ്ഥാനത്തിൽ പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് പലചരക്ക് കിറ്റുകൾ വിതരണം ചെയ്ത് സഹോദര സ്നേഹത്തിന്റെ പുതിയ സന്ദേശമായ 'തോമാച്ചാ, വിഷമിക്കേണ്ട, ഞങ്ങളുണ്ട് കൂടെ' എന്ന ആശയം പങ്കുവെച്ച് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റിലും ഫലവൃക്ഷങ്ങൾ നട്ട് പരിസ്ഥിതി ദിനം ആചാരിച്ചു.

ജൂൺ മാസം 6 മുതൽ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ പഠിക്കുവാൻ ജസ്റ്റീസ് ജെ.ബി കോശി കമ്മീഷൻ മുൻപാകെ സമർപ്പിക്കാനുള്ള നിവേദനങ്ങൾ പൂർത്തിയായി വരുന്നു.

പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജെയിംസ് പെരുമാകുന്നേൽ ചീഫ് - കോഡിനേറ്ററായും ടെസ്സി ബിജു പാഴിയാങ്കൽ, അരുൺ ആലയ്ക്കപറമ്പിൽ, ജോജോ തെക്കുംചേരികുന്നേൽ, ബിജു തോമസ് ആലപ്പുരയ്ക്കൽ , മിനി സണ്ണി മണ്ണംപ്ലാക്കൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജോളി ആന്റണി പുതിയ വീട് , ജിൻസ് പള്ളിക്കാമ്യാലിൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, സിനി ജിബു നീറനാക്കുന്നേൽ, മനോജ് കല്ലുകളം, റെനി ചക്കാലയിൽ, ഷീലാ തോമസ് തൂമ്പുങ്കൽ , ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, ജാൻസി തുണ്ടത്തിൽ, സണ്ണിക്കുട്ടി അഴകംപ്രായിൽ, ബാബു .ടി .ജോൺ, തോമസ് ചെമ്മരപ്പള്ളിൽ, ജോസ് മടുക്കക്കുഴി, ജോബിൻ പ്ലാപ്പള്ളിൽ, ടോംസ് സെബാസ്റ്റ്യൻ കുമ്പളന്താനം, ടോമിച്ചൻ പാലക്കുടി, ജസ്റ്റിൻ കാപ്പാനി എന്നിവരുടെ നേതൃത്വത്തിൽ രൂപത / ഫൊറോനാ തലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തി.

**ഫാ. മാത്യു പാലക്കുടി**
**ഡയറ്കടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഈ കോവിഡ് മഹാമാരിയെ നിയന്ത്രിക്കണമേ എന്നു തീക്ഷ്ണമായ പ്രാർത്ഥനയിലാണ് ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾ. മെയ് മാസത്തിൽ മാതാവിന്റെ പ്രത്യേക വണക്കത്തിനായി ജപമാലകളും പ്രാർത്ഥനകളും നടത്തി. ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകവണക്കമുള്ള ജൂൺ മാസത്തിൽ തിരുഹൃദയത്തോടുള്ള പ്രത്യേക പ്രാർത്ഥനകളും ഉപവാസങ്ങളും ദാനധർമ്മങ്ങളും നടത്തിക്കൊണ്ട് തിരുഹൃദയവണക്കം നടത്തി. ജൂൺ മാസത്തിലെ എല്ലാ ദിവസങ്ങളിലും തിരുഹൃദയവണക്കചിന്തകൾ ഓർമ്മിപ്പിച്ചുകൊണ്ട് രൂപതാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന OFM (Conv.) മാദ്ധ്യമ്മങ്ങളിലൂടെ അംഗങ്ങൾക്ക് സന്ദേശങ്ങൾ അയച്ചിരുന്നു.

കോവിഡ് 19-ന്റെ ഒന്നാംഘട്ടത്തിൽ മുടങ്ങിക്കിടന്നിരുന്ന ഭാതൃത്വകൂട്ടായ്മകൾ കോവിഡ് ഒന്നാംഘട്ടം തീർന്നപ്പോൾ പുനരാരംഭിച്ചുവെങ്കിലും കോവിഡിന്റെ രണ്ടാം ഘട്ടം വന്നപ്പോൾ വീണ്ടും മുടങ്ങിയെങ്കിലും ദൈനംദിന പ്രാർത്ഥനകൾ അംഗങ്ങൾ നടത്തിവരുന്നു.

കോവിഡ് വ്യാപനം കുറയുന്ന മുറയ്ക്ക് എല്ലാ ഭാതൃത്വകൂട്ടായ്മകളും വീണ്ടും തുടങ്ങുന്നതാണ്. രൂപതാതല കൂട്ടായ്മ ആഗസ്റ്റ് മാസത്തിലെ രണ്ടാംശനിയാഴ്ചയാണ് കൂടേണ്ടതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച (08.08.2021) ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് രൂപതാ ഓഫീസിനോട് ചേർന്നുള്ള ഹാളിൽ കൂടുന്നതാണെന്ന് എല്ലാ അംഗങ്ങളേയും അറിയിക്കുന്നു. എല്ലാ ഭാതൃത്വ പ്രതിനിധികളും രൂപതാതല മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സെക്രട്ടറി

# ഡി.സി.എം.എസ്.

- രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡി.സി.എം.എസ്. കുടുംബങ്ങളിൽ കോവിഡ് മുക്തിക്കുവേണ്ടി പ്രാർത്ഥനാദിനാചരണം. അന്നേദിവസം എല്ലാവരും 3 മണിക്കൂർ ഒരേ സമയത്ത് ബൈബിൾ വായനയും ജപമാല അർപ്പണവുമായിട്ട് പ്രാർത്ഥനാസമയം ചിലവഴിച്ചു.

2 സംസ്ഥാന കൗൺസിൽ മീറ്റിംഗിൽ രൂപതാ കൗൺസിലംഗങ്ങൾ പങ്കെടുത്തു. അഭിവന്ദ്യപിതാക്കന്മാരായ മാർ സിൽവെസ്റ്റർ പൊന്നുമുത്തൻ പിതാവ്, മാർ ജേക്കബ് മുരിക്കൻ, മാർ തെയഡോഷ്യസ് പിതാവ് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

3 കോവിഡ് രോഗം പിടിപെട്ട് മരിച്ച ഡി.സി.എം.എസ് കുടുംബത്തിൽപ്പെട്ടവർക്കുവേണ്ടി വിശുദ്ധ കുർബാനയർപ്പിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

4. കോവിഡ് കാലത്ത് ഇടവകകളിൽ ഡി.സി.എം.എസ്. കുടുംബങ്ങൾക്കുവേണ്ടി കിറ്റ് വിതരണം നടത്തി.

5 ഡി.സി.എം.എസ്. രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപതാ പ്രസിഡന്റ് വിൻസെന്റ് ആന്റണി ആനിക്കാട്, ചെങ്ങളം മേഖലയിലുള്ള ഡി.സി.എം.എസ്. കുടുംബാംഗങ്ങൾ മറ്റ് എല്ലാ വിഭാഗത്തിൽപെട്ട പാവങ്ങൾക്കുംവേണ്ടി സൗജന്യകിറ്റ് വിതരണം 'ഒരു പിടി' എന്ന പേരിൽ നടത്തിക്കൊണ്ടിരിക്കുന്നു. ഏകദേശം 400 ഓളം വീടുകൾക്ക് ഇപ്പോൾ ഇത് ഉപകാരമായി മാറി. വിവിധ വ്യക്തികൾ, വ്യാപാരികൾ, സംഘടനകൾ, സൗജന്യമായി നൽകുന്ന ഭക്ഷ്യവസ്തുക്കളും പ്രസിഡന്റ് വിൻസെന്റിന്റെ ഭവനത്തിൽ ശേഖരിച്ച് സൗജന്യമായി കിറ്റ് നൽകിവരുന്നു. പ്രോത്സാഹനം നൽകിയ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ്



# വിൻസെൻഷ്യൻ വേദി

കോവിഡ് എന്ന മഹാമാരി ഏറെക്കുറെ ശാന്തമാകുന്നതിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുണ്ടെങ്കിലും നാം ജാഗരൂകരാകേണ്ടിയിരിക്കുന്നു. സാഹചര്യം കുറെക്കൂടി അനുകൂലമാകുകയും, ദൈവാലയത്തിൽ വി.കുർബ്ബാനയും മറ്റു തിരുക്കർമ്മങ്ങളും ആരംഭിക്കുകയും ചെയ്തതിനു ശേഷം മാത്രമെ കോൺഫ്രൻസുകൾ കൂടേണ്ടതുള്ളു. ഇപ്പോഴത്തെ സാഹചര്യത്തിൽ നാം ദത്തുകുടുംബ സഹായവും അത്യാവശ്യ ചികിത്സാ സഹായവും മുടക്കം കൂടാതെ നൽകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. 2020-21 വർഷത്തെ ഇംഗ്ലണ്ട് ആന്റ് വെയിത്സിന്റെ 4-ാം ഗഡു വിദേശസഹായം (ട്വിന്നേജ് ജനുവരി - മാർച്ച് മാസത്തേത്) കോൺഫ്രൻസുകളുടെ അക്കൗണ്ടിൽ ഇതിനകം എസിയുടെ അക്കൗണ്ടിൽനിന്നും അയച്ചിട്ടുണ്ട്. ആയത് ബാങ്കിൽ നിന്നും പിൻവലിച്ച് അർഹരായവർക്ക് എത്രയും വേഗം നൽകേണ്ടതാണ്.

---

## ഡി.സി.എം.എസ്.

വികാരി ജനറാൾമാരായ ഫാ. ജോസഫ് വെള്ളമറ്റത്തിൽ, ഫാ. കുര്യൻ താമരശ്ശേരി, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, എം.ഡി.എസ്. ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ, ആനിക്കാട് വികാരി ഫാ. ഡോമിനിക്ക് കാഞ്ഞിരത്തിനാൽ, ചെങ്ങളം വികാരി ഫാ. വർഗ്ഗീസ് കുളംപള്ളി എന്നിവർക്ക് നന്ദി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

കെ.ആർ.സി.സി.വനിതാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ മാസം 1 മുതൽ 30 വരെ നടത്തിയ തിരുഹൃദയ വണക്കമാസാചരണത്തിൽ 9.6.2021-ന് കാഞ്ഞിരപ്പള്ളി സിസിയിലെ വനിതകളും വനിതാ പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി.

മുണ്ടക്കയം ഏരിയാ കൗൺസിലിനു കീഴിലുള്ള കോരുത്തോട് സെ.തോമസ് മൗണ്ട് കോൺഫ്രൻസിന് ഇംഗ്ലണ്ട് ആന്റ് വെയിൽസിൽനിന്നും അനുവദിച്ചു കിട്ടിയ 80,000 രൂപയുടെ കുടിവെള്ള ടാങ്ക് പ്രോജക്ട് ഗ്രാന്റ് കോൺഫ്രൻസിന്റെ വിഹിതവും ഉപഭോക്തൃ വിഹിതവും ചേർത്ത് 1 ലക്ഷം രൂപ മുടക്കി വാങ്ങി നൽകിയ 1000 ലിറ്ററിന്റെ 23 വാട്ടർ ടാങ്കുകൾ അർഹരായ കുടുംബങ്ങൾക്കായി വിതരണം ചെയ്യുകയുണ്ടായി. കോവിഡ് പ്രോട്ടോക്കോൾ നില നിൽക്കുന്ന സാഹചര്യത്തിൽ വളരെ കുറച്ച് ആൾക്കാരെ മാത്രം സംഘടിപ്പിച്ച് ബഹു. വികാരി റവ.ഫാ. സക്കറിയാ ഇല്ലിക്കമുറിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഈ ചടങ്ങ് നിർവഹിക്കുകയുണ്ടായി. ഇതിനായി പരിശ്രമിച്ച കോൺഫ്രൻസ് പ്രസിഡന്റിനെയും അംഗങ്ങളെയും സെൻട്രൽ കൗൺസിൽ പ്രത്യേകം അനുമോദിക്കുന്നു.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

1. **Dear Papa St. Joseph : Obiya Jolly ( Exclusive story of St.Joseph)**

പേജ്: 78/ പതിപ്പ്:1/ വില: 150

ദൈവീകദർശനങ്ങൾ വിശ്വസിച്ച നീതിമാൻ.. ദൈവികപദ്ധതികൾക്ക് ആമ്മേൻ പറഞ്ഞ ധീരവിശ്വാസി... തിരുക്കുടുംബത്തിന്റെ കാവൽക്കാരൻ...ദൈവപുത്രന്റെ വളർത്തുപിതാവ്... മൗനവ്രതക്കാരൻ... സഭയുടെയും കുടുബത്തിന്റെയും സംരക്ഷകൻ.... നമ്മുടെ പിതാവായ മാർയൗസേപ്പ്പിതാവിന്റെ ലഘുജീവചരിത്രം. കുട്ടികൾക്ക് മനസ്സിലാകത്തക്കവിധം ലളിതമായ ഇംഗ്ലീഷ് ഭാഷയിൽ ചിത്രകലയ്ക്കുതകുംവിധം കലാഭംഗിയിൽ അണിയിച്ചൊരുക്കിയിരിക്കുന്നു. യൗസേപ്പിതാവിന്റെ വർഷത്തിൽ കുട്ടികൾക്കേകാൻ ഒരു ഉത്തമസമ്മാനം!

**പണിപ്പുരയിൽ**

1. കുപ്പായം : ബ്രദർ അനീഷ് മാളിയേക്കൽ
2. വെളിച്ചത്തിന്റെ പോരാളികൾ: ഫാ. നൗജിൻ
3. അലറുന്ന അരയന്നങ്ങൾ: വിൻസെന്റ് ആനിക്കാട്
4. നിശബ്ദഗായകൻ : ഡോ. ജോർജ്ജ് കുഴിപ്പള്ളിൽ
5. സൗഹൃദതാളം : ഫാ. ജിപ്സൺ ഇടപ്പുളവൻ

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ഏപ്രിൽ മേയ് മാസങ്ങളിൽ 25 കേസുകൾ റിപ്പോർട്ട് ചെയ്തു. കോവിഡ് ബാധിച്ച 11 കുട്ടികളുടെ കേസ് Child line Support - ൽ റിപ്പോർട്ട് ചെയ്തിരുന്നു. അവർക്ക് ആവശ്യമായ കൗൺസിലിംഗും ഭക്ഷ്യകിറ്റും കൊടുത്തു.

15 കേസുകൾ CWC -യ്ക്ക് (ചൈൽഡ് വെൽഫയർ കമ്മിറ്റി) കൊടുക്കുകയും കേസുകളുടെ follow-up കൾ നടത്തുകയും 2 കേസുകൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.

പാറത്തോട് പഞ്ചായത്തിൽ ICDS -ന്റെ കീഴിൽ വരുന്ന അംഗൻവാടി ടീച്ചേഴ്സുമായി ബന്ധപ്പെട്ട് കോവിഡ് ബാധിതരായ കുട്ടികൾക്കും മാതാപിതാക്കൾക്കും മാനസികമായ പിന്തുണയും ടെലിഫോൺ കൗൺസിലിംഗും നല്കി.

**Open House (On line)**

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ 17-ാം വാർഡ് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി Open House എന്ന പരിപാടി നടത്തി. അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയുവാനുള്ള ഒരു വേദിയാണ് ഓപ്പൺഹൗസ്. 17-ാം വാർഡ് മെമ്പർ, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പോലീസ് ഉദ്യോഗസ്ഥർ, എക്സൈസ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, ആശാവർക്കർ, അംഗൻവാടി ടീച്ചേഴ്സ് എന്നിവർ പങ്കെടുത്തു. 60 പേരോളം ഈ പരിപാടിയിൽ പങ്കെടുത്തു. Child line support staff ആണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്.

**അവേർണസ് ക്ലാസ്**

Child line support ഉം ചിറക്കടവ് ഗ്രാമപഞ്ചായത്തും ചേർന്ന് കോവിഡ് രോഗികൾക്കായി ഒരു ഓൺലൈൻ കൗൺസിലിംഗ് പരി

പാടി സംഘടിപ്പിച്ചു. പരിപാടിയിൽ ഡോ. ധന്യ (ആയുർവേദ മെഡിക്കൽ ഓഫീസർ), Psyco Social Counsellors എന്നിവർ ക്ലാസ് നയിച്ചു. അരുൺ ജേക്കബ്, സ്വപ്ന റ്റി.എം. എന്നിവർ ടെലി കൗൺസിലിംഗ് നടത്തി. 45 പേരോളം പരിപാടിയിൽ പങ്കെടുത്തു.

**Child Labour Day**

ജൂൺ 12 ആഗോളബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് കേന്ദ്ര വനിത ശിശുവികസന സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ബാലവേല വിരുദ്ധദിനം വിവിധ പരിപാടികൾ ആയി ആഘോഷിച്ചു.

ചൈൽഡ് ലൈൻ കോട്ടയത്തിന്റെ നേതൃത്വത്തിൽ District Legal Service Authoraty, Labour Office, Child Protection Unit, Child rights centre, Social work എന്നീ ഡിപ്പാർട്ട്മെന്റുകളും ആയി ചേർന്ന് "Child Adolescent Labour" എന്നീ വിഷയത്തെപ്പറ്റി ക്ലാസ് എടുത്തു.

Child line support - ന്റെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി N.H.U.P. സ്കൂളിലെ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) അഡ്വക്കേറ്റും ആയ ശ്രീമതി രാജി മാഡം "Child Labour Act 1986" ഈ വിഷയത്തെപ്പറ്റി ക്ലാസ് എടുത്തു. 60 പേരോളം പരിപാടിയിൽ പങ്കെടുത്തു.

**Online Visit**

Child line India Foundation (CIF) - ൽ നിന്നും സീനിയർ കോ-ഓർഡിനേറ്റർ ശ്രീ. കിരൺദാസ് Online Visit നടത്തി. Accounts, Documents തുടങ്ങിയ എല്ലാ ഫയലുകളും പരിശോധിക്കുകയും വേണ്ട Feed back -കൾ നല്കുകയും ചെയ്തു.

2 വർഷത്തെ സേവനങ്ങൾക്ക് ശേഷം Child line Support Co-ordinator ആയിരുന്ന മിസ് റിസ്റ്റി റോയി തൽസ്ഥാനത്തുനിന്ന് വിരമിക്കുകയും പുതിയ Co-ordinator ആയി മിസ് ഡയാന ജോർജ് ചുമതല ഏറ്റെടുക്കുകയും ചെയ്തു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ഓക്സിജൻ പ്ലാന്റ് നിർമ്മാണം**

കോവിഡ് 19 രണ്ടാം തരംഗത്തെ തുടർന്ന് നാട്ടിൽ ഓക്സിജൻ ദൗർലഭ്യം രൂക്ഷമാകുകയും അനേകം ആളുകൾ ഓക്സിജനു വേണ്ടി ബുദ്ധിമുട്ടുകയും ചെയ്ത സാഹചര്യത്തിൽ മെഡിക്കൽ ഓക്സിജന്റെ ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി മെഡിക്കൽ ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചു. അതിനായി വഞ്ചിമലയിൽ മേരിമാതാ മൈനർ സെമിനാരിയുടെ ഉടമസ്ഥതയിലുള്ള 70 സെന്റ് സ്ഥലം 30 വർഷത്തേയ്ക്ക് വാടകയ്ക്കെടുത്ത് ഏകദേശം മൂന്നുകോടി രൂപാ മുതൽമുടക്കിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ദിവസം ഇരുന്നൂറു മുതൽ ഇരുന്നൂറ്റി നാൽപത് സിലിണ്ടറുകൾ വരെ നിറയ്ക്കുവാനുള്ള സൗകര്യമാണ് ഇവിടെയുള്ളത്.

**കോവിഡ് ബാധിത പ്രദേശങ്ങളിലെ ഭക്ഷ്യവിതരണം**

കോവിഡ് ബാധിത മേഖലകളിൽ രോഗികളായിരുന്നവർക്കും ഹോം ക്വാറന്റൈനിൽ കഴിഞ്ഞവർക്കും കണ്ടെയ്ൻമെന്റ് സോണുകളിൽ ആയിരുന്നവർക്കും തോട്ടം തൊഴിലാളികൾക്കും സാമ്പത്തികമായി ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നവർക്കും ഗ്രാമപഞ്ചായത്തുകൾ മുഖേന ജാതിമത രാഷ്ട്രീയ ഭേദമെന്യേ മലനാട് പാലും ബ്രഡും വിതരണം ചെയ്തു. ഈ പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ അകലക്കുന്നം, ചിറക്കടവ്, എലിക്കുളം, എരുമേലി, കാഞ്ഞിരപ്പള്ളി, കോരുത്തോട്, മുണ്ടക്കയം, പള്ളിക്കത്തോട്, പാറത്തോട് ഗ്രാമപഞ്ചായത്തുകളിലും ഇടുക്കി ജില്ലയിൽ ഏലപ്പാറ, കൊക്കയാർ, പെരുവന്താനം, വണ്ടിപ്പെരിയാർ, പീരുമേട് ഗ്രാമപഞ്ചായത്തുകളിലും പത്തനംതിട്ട ജില്ലയിൽ പെരുനാട് പഞ്ചായത്തിലും തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം, വെള്ളറട, വള്ളിക്കാട്, അമ്പൂരി എന്നീ ഗ്രാമ

പഞ്ചായത്തുകളിലും ബ്രെഡ്ഡും പാലും വിതരണം ചെയ്തു. ഈ ഇനത്തിൽ 74,63,640 രൂപ ചെലവഴിച്ചു.

**കാവലിന് കരുതലായി മലനാട്**

കോവിഡ് കാലഘട്ടത്തിൽ കൈയും മെയ്യും മറന്ന് ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി അത്യധ്വാനം ചെയ്ത കേരള പോലീസിന് സ്നേഹോപഹാരമായി മലനാട് കിറ്റുകൾ നൽകി. പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, എരുമേലി, പെരുവന്താനം, പീരുമേട്, വണ്ടിപ്പെരിയാർ, പോലീസ് സ്റ്റേഷനുകളിൽ കിറ്റുകൾ നൽകി.

**ഏജൻസികൾക്കായുള്ള കോവിഡ് അതിജീവന പദ്ധതി**

മലനാട് മിൽക്കിന്റെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട കച്ചവടക്കാരായ ഏഴായിരത്തോളം വരുന്ന കുടുംബങ്ങൾക്ക് ലോക്ഡൗൺ കാലഘട്ടത്തിൽ നേരിട്ട സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ 26,00,000 രൂപ ചെലവഴിച്ചു.

**കടലോരഗ്രാമങ്ങൾക്ക് കൈത്താങ്ങ്**

കോവിഡ് 19 ന് ഒപ്പം കടൽക്ഷോഭവും ദുരിതത്തിലാക്കിയ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമവാസികൾക്ക് ആലപ്പുഴ സോഷ്യൽ സർവീസ് സൊസൈറ്റി വഴി പാലും ബ്രെഡും തേനും നൽകി.

തിരുവനന്തപുരം ജില്ലയിലെ തുമ്പ, അഞ്ചുതെങ്ങ് എന്നീ കടലോരഗ്രാമങ്ങളിലെ കടലാക്രമണത്തിൽപ്പെട്ട നിവാസികൾക്ക് പാലും ബ്രെഡും തേനും നൽകി.

**ക്ഷീരകർഷകർക്ക് കോവിഡ് അതിജീവന പദ്ധതി**

മലനാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് കോവിഡ് അതിജീവന പദ്ധതിയുടെ ഭാഗമായി 32,40,598 രൂപയുടെ കാലിത്തീറ്റ സൗജന്യമായി നൽകി.

മലനാട് ക്ഷീരകർഷകർക്ക് ലോക്ഡൗൺ കാലത്ത് അളന്ന പാലിന് അധിക വില ഇനത്തിൽ 36,24,000 രൂപ കോവിഡ് അതിജീവനത്തിനായി നൽകി.

**ആരോഗ്യപ്രവർത്തകർക്ക് സ്നേഹോപഹാരം**

കോവിഡ് 19 കാലഘട്ടത്തിൽ ഏറെ ത്യാഗപൂർവം നാടിന്റെ അതിജീവനത്തിനു വേണ്ടി അധ്വാനിച്ച ഇടക്കുന്നം പ്രാഥമികാരോ

ഗ്യകേന്ദ്രം, കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്നേഹോപഹാരം നൽകി.

**കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്ക് സഹായം**

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്കായി ഒരു മാസത്തേക്ക് മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി 18,71,690 രൂപ യുടെ വെള്ളവും പാലും ബ്രെഡും നൽകി.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കോവിഡ് രോഗി കൾക്കും മറ്റു രോഗികൾക്കുമായി മലനാട് ഡവലപ്പ്മെന്റ് സൊസൈ റ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 9,19,914/- രൂപ നൽകി.

**രൂപതയുടെ കാരുണ്യഭവനങ്ങൾക്കുള്ള സഹായം**

**(എ) പെനുവേൽ ഇമ്മാനുവേൽ ആശ്രമം, തമ്പലക്കാട്**

ബഹു. സെബാസ്റ്റ്യൻ പെരുനിലം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന മാനസിക രോഗികൾക്കായുള്ള പെനുവേൽ ആശ്രമ ത്തിലെ അന്തേവാസികൾ കോവിഡ് ബാധിതരായ ദിവസങ്ങളിൽ അവർക്കായി ഭക്ഷണം, വസ്ത്രങ്ങൾ, വാഷിംഗ് മെഷീൻ എന്നിവ നൽകി.

**(ബി) ബേത്‌ലഹേം ആശ്രമം, കാഞ്ഞിരപ്പള്ളി**

ബഹു. ജിൻസ് വാതല്ലൂക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബേത്‌ലഹേം ആശ്രമത്തിലെ അന്തേവാസികൾ കോവിഡ് ബാധിതരായപ്പോൾ അവർക്കാവശ്യമായ ഭക്ഷണം എത്തിച്ചു നൽകി.

**(സി) ആശാനിലയം, പൊൻകുന്നം**

ബഹു. റോയി വടക്കേൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെ ടുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരി ശീലിപ്പിക്കുന്ന ആശാനിലയം സ്കൂളിലെ അധ്യാപകരുടെ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള ഒരു വർഷത്തെ ശമ്പളത്തു കയായ 52,09,560 രൂപയുടെ ചെക്ക് ബഹു. റോയി അച്ചന് നൽകി.

**(ഡി) ഡെയർ പീരുമേട്**

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ രോഗികളുടെ ചികിത്സയ്ക്കായി പീരുമേട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡെയറിന് സഹായമായി 1,20,000 രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

പെരുവന്താനം, ചിറക്കടവ്, പൊടിമറ്റം, പാറത്തോട്, നാരങ്ങാനം എന്നീ സ്ഥലങ്ങളിലുള്ള നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 14,50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 4,48,844/- രൂപ ചിലവഴിച്ചു.

**കരുതൽ - മലനാട് ജീവകാരുണ്യപദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ ജീവകാരുണ്യ പദ്ധതിയിലേക്ക് 8,83,000/- രൂപ ചിലവഴിച്ചു.

**സാന്ത്വനം 2021 - ഡയാലിസിസ് രോഗികൾക്കായുള്ള സഹായ പദ്ധതി**

മലനാട് ഫാർമേഴ്സ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന സാന്ത്വനം 2021 പദ്ധതിയിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നു. കിഡ്നി സംബന്ധമായ രോഗത്താൽ ഡയാലിസിസിന് വിധേയരായിരിക്കുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ രോഗികൾ ഉള്ള കുടുംബങ്ങളിൽ 2021 ജൂലൈ മുതൽ 2022 ജൂൺ വരെ ഒരു വർഷത്തേക്ക് പ്രതിമാസം 3000 രൂപവീതം ചികിത്സാ സഹായം നൽകുന്നതിന് ക്രമീകരിച്ചിരിക്കുന്ന പദ്ധതിയാണ് സാന്ത്വനം 2021. ഒരു ഇടവകയിൽനിന്നും ഒരു കുടുംബത്തിന് എന്ന വിധത്തിലാണ് സാന്ത്വനം 2021 എന്ന പദ്ധതി ക്രമീകരിച്ചിരിക്കുന്നത്.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

**Export:** ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി USA യിലേക്ക് 5 കൺസൈമെന്റും, കൊറിയ, ഇറ്റലി, ഫ്രാൻസ്, സ്വിറ്റ്സർലാൻഡ്, എന്നിവിടങ്ങളിലേക്ക് ഓരോ consignment വീതവും നടന്നു.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

കോവിഡ് പശ്ചാത്തലത്തിൽ റീജണൽ മീറ്റിങ്ങുകളും മറ്റ് ഗ്രാമതല പ്രവർത്തനങ്ങളും വീഴ്ച കൂടാതെ, കോവിഡു മാനദണ്ഡം പാലിച്ചും, ഓൺലൈൻ വഴിയായും നടത്തി പ്പോരുന്നു.

**കോവിഡ് സാന്ത്വനം പദ്ധതി**

കോവിഡ് 19 പശ്ചാത്തലത്തിൽ ഇടവകകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 65 യൂണിറ്റുകളിലായി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന 900 കുടുംബങ്ങൾക്കായി പി.ഡി.എസിന്റെ വിഹിതമായ 6,40,000/രൂപയും സ്വയംസഹായ സംഘങ്ങളുടെയും, ഇടവക കേന്ദ്രീകരിച്ചുള്ള സംഘടനകളുടെയും വിഹിതമായ 2,00,000 രൂപയും ചേർത്ത് 8,40,000/രൂപയുടെ ഭക്ഷ്യ കിറ്റുകൾ എത്തിച്ചുകൊടുത്തു.

ഇതോടൊപ്പംതന്നെ 65 യൂണിറ്റുകളിലും ചികിത്സാ സഹായമായി 6,00,000/രൂപ അതാത് ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അയച്ചു കൊടുക്കുകയും, വിവിധ യൂണിറ്റുകളിലെ

കോളനികൾ കേന്ദ്രീകരിച്ച് 4000 N95, സർജിക്കൽ മാസ്കുകളും വിതരണം ചെയ്യുകയുമുണ്ടായി.

**ടെലി കൗൺസിലിംഗ്**

കോവിഡ് 19 കാലഘട്ടത്തെ ക്രിയാത്മകമായും, ആത്മവിശ്വാസത്തോടെയും അതിജീവിക്കുവാനും, ഇതുമൂലമുണ്ടാകുന്ന മാനസികപിരിമുറുക്കം, മന: സംഘർഷം, മനോവിഭ്രാന്തി, വിഷാദരോഗം, ഉത്കണ്ഠ, ഭയാശങ്ക തുടങ്ങിയവയിൽ നിന്നുള്ള മോചനത്തിനും, കൊറോണയുടെ ഭീതി അകറ്റുവാനും ആത്മവിശ്വാസം ഉണ്ടാകുവാനുള്ള ടെലി കൗൺസിലിംഗ്, കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെൻറർ വഴിയായി നല്കിവരുന്നു .

**വന ജ്യോതിസ്**

കേരളത്തിലെ ആദിവാസി സമൂഹത്തെ ശക്തിപ്പെടുത്തുന്ന വനജ്യോതിസ് പദ്ധതിപ്രകാരം കോഴിമല, കണ്ണംപടി, കൊമ്പുകുത്തി ട്രൈബൽ കോളനികളിൽ താഴെരേഖപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തു.

1. കിണർ പുനരുദ്ധാരണം : 1
2. RWH : 2
3. NTFP. Kit : 20
4. ട്രഡീഷണൽ ഫുഡ് ക്രോപ്സ് കൾട്ടിവേഷൻ കിറ്റ് ഡിസ്ട്രിബ്യൂഷൻ

**സാമ്പത്തിക സഹായങ്ങൾ**

വിവിധ കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായി നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ:

വിദ്യാഭ്യാസസഹായമായി 30000/രൂപയും, ഭവനനിർമ്മാണത്തിനായി 330000/രൂപയും, ചികിത്സാ സഹായമായി 50000/രൂപയും, ചാരിറ്റി

സംഭാവനയായി 9500 /രൂപയും, വിവാഹ സഹായമായി 20000/രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെൻററിൽ ഏപ്രിൽ, മെയ്, ജൂൺ, മാസങ്ങളിലായി 86 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസലിങ് സേവനം ടെലി കൗൺസിലിംഗ് വഴിയായി ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**

# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**മേയ് 2021**

1 കുന്നുംഭാഗം SABS പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി കുർബാന അർപ്പിച്ചു.

– മരിയൻ കോളേജിന്റെ ഓൺലൈൻ ഗവേണിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

– എരുമേലി ഇടവകയിൽ വിശുദ്ധ യൗസേപ്പിന്റെ വർഷാചരണത്തോടനുബന്ധിച്ച് പുതുതായി നിർമിച്ച ഭവനം വെഞ്ചിരിച്ചു.

– രൂപതാ പിതൃവേദിയുടെ ഓൺലൈൻ ഉദ്ഘാടനം നിർവഹിച്ചു.

– കുവൈറ്റ് S.M.C.A സംഘടിപ്പിച്ച വെബിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി.

2 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു

4 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ ബഹുമാനപ്പെട്ട മാത്യു പിണമറുകിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

– മെൽബൺ രൂപതയിലെ വൈദികരുടെ മാസധ്യാനം ഓൺലൈനായി നടത്തി.

8 ഫാദർ ജോൺ വട്ടാങ്കിയുടെ അനുസ്മരണ സമ്മേളനത്തിൽ ഓൺലൈനായി പങ്കെടുത്ത് സന്ദേശം നൽകി.

10 പ്രിസൺ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

12 രൂപതാദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

- L.R.C യുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

13 ചെങ്കൽ ഇടവകയിൽ പരേതനായ ബഹുമാനപ്പെട്ട ജോസഫ് ചെരുവിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

14 K.C.B.C കരിസ്മാറ്റിക് കമ്മീഷൻ സംഘടിപ്പിച്ച ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

16 L.R.C സംഘടിപ്പിച്ച വെബ്ബിനാറിൽ പങ്കെടുത്തു.

17 M.D.S ന്റെ നേതൃത്വത്തിൽ ചെല്ലാനം പ്രദേശത്ത് മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള ഭക്ഷണ കിറ്റുകളുടെ വിതരണം ഫ്ളാഗ് ഓഫ് ചെയ്തു.

18 മരിയൻ കോളേജിൽ നിന്നും വിരമിക്കുന്ന ജെയിംസ് കോഴിമല അച്ചനും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും ആശംസകൾ നേർന്നു.

19 L.R.Cയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

21 പാലാ അൽഫോൻസാ കോളേജിലെ അധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും വേണ്ടിയുള്ള ധ്യാനം ഓൺലൈനായി നയിച്ചു.

22 പാസ്റ്റർ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

24 തിയോളജിക്കൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

26 സീറോ മലബാർ ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫാമിലി ഡിറക്ടേഴ്സിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 കരിസ്മാറ്റിക് ലീഡേഴ്സ്സിനു വേണ്ടിയുള്ള ഓൺലൈൻ ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകി.

28 LRCയുടെ webinar -ൽ പങ്കെടുത്തു.

29 അണക്കര ഇടവകയിൽ പരേതനായ ബഹുമാനപ്പെട്ട

ജോസഫ് തൂങ്കുഴി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദേവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

30 മതബോധന ഞായർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

## ജൂൺ 2021

1 കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ ശ്രീ. ജോണി തുണ്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

1–3 കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

4 സഹ്യാദ്രി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

\- പൗരോഹിത്യ പരിശീലനത്തിൽ ആയിരിക്കുന്ന നമ്മുടെ രൂപതയിലെ 14 വൈദിക വിദ്യാർഥികൾക്ക് പൗരോഹിത്യ വസ്ത്രം നൽകി.

5 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ ശ്രീ ഔസേപ്പച്ചൻ മാളിയേക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

\- പൗരോഹിത്യ പരിശീലനത്തിന് വിവിധഘട്ടങ്ങൾ കഴിഞ്ഞ CMI സന്യാസ സഭയിലെ അഞ്ചുപേർക്ക് വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ വച്ച് ഡീക്കൻ പട്ടം നൽകി.

\- അമൽജ്യോതി എൻജിനീയറിങ് കോളേജിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ഹോളിക്രോസ് സന്യാസസഭയുടെ സിസ്റ്റേഴ്സിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

6 ആനിക്കാട് ഇടവകയിൽ നിര്യാതയായ ബഹുമാനപ്പെട്ട റോയി പഴയപറമ്പിൽ അച്ചന്റെ വത്സല മാതാവ് കെ.ടി ഏലിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദേവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

\- ചേനപ്പാടി ഇടവകയിൽ ഒരു വിവാഹവാഗ്ദാന കർമ്മം നടത്തി.

8 കാരികുളം ഇടവകയിൽ നിര്യാതനായ ബഹുമാനപ്പെട്ട വിൽഫിച്ചൻ തെക്കേവയലിലിന്റെ വത്സല പിതാവ് ശ്രീ. ദേവസ്യയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

10 KSSF - ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വെബിനാറിൽ പങ്കെടുത്തു.

11 തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് പൊടിമറ്റം SH പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ പരേതനായ ബഹുമാനപ്പെട്ട മാത്യു പിണമറുകിൽ അച്ചന്റെ നാല്പത്തി യൊന്നാം ചരമ ദിനത്തോടനുബന്ധിച്ച് കുഴിമാടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

\- കോതമംഗലം രൂപതയിലെ വൈദികരുടെ മാസധ്യാനം ഓൺലൈനിൽ നടത്തി.

14 അമൽ ജ്യോതി കോളേജിന്റെ ഗവേണിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

\- കൊല്ലമുള ഇടവകയിൽ വിശുദ്ധ യൗസേപ്പിന്റെ വർഷാചരണത്തോടനുബന്ധിച്ച് പണികഴിപ്പിച്ച ഒരു ഭവനം വെഞ്ചിരിച്ചു.

15 കാഞ്ഞിരപ്പള്ളി കർമ്മലീത്ത മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

\- മേജർ സെമിനാരിക്കാരുടെ സൂം മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

16 ഡോക്ടറിനൽ കമ്മീഷന്റെ വെബ്ബിനാറിൽ പങ്കെടുത്തു.

17 LRC-യുടെ വെബ്ബിനാറിൽ പങ്കെടുത്തു.

18 ദീപികയുടെ വെബ്ബിനാറിൽ പങ്കെടുത്തു.

20 പൈക ഇടവകയിൽ നിര്യാതനായ ശ്രീ ഔസേപ്പച്ചൻ ഉള്ളാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദേവാലയത്തിലെ കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

21 പാസ്റ്ററൽ സെന്ററിലെ സുദീർഘമായ സേവനത്തിനുശേഷം സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട മാർട്ടിൻ വെള്ളിയാകുളം അച്ചന്റെയും തോമസ് നരിപ്പാറ അച്ചന്റെയും യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

22 സേവ് എ ഫാമിലിയും തിരുഹൃദയ സന്യാസിനി സമൂഹവും സംയുക്തമായി പണികഴിപ്പിച്ച ഭവനത്തിന്റെ താക്കോൽ ദാനകർമ്മം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി.

23 പാസ്റ്ററൽ സെന്ററിൽ നിന്നും സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട മാർട്ടിൻ വെള്ളിയാകുളം അച്ചനോടും തോമസ് നരിപ്പാറ അച്ചനോടും ചേർന്ന് കൃതജ്ഞതാബലി അർപ്പിച്ചു.

24 കോട്ടയത്ത് വച്ച് നടന്ന ദീപിക അപ്പക്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

25 KSSF - ന്റെ വെബ്ബിനാറിൽ പങ്കെടുത്തു.

\- സെൻ മേരീസ് ഹൈസ്കൂളിന്റെ സുവനീയർ പ്രകാശനം ചെയ്തു.

27 ചെത്തിപ്പുഴ ഇടവകയിൽ പരേതയായ എൽസമ്മ മാത്യു പുല്ലുകാട്ടിന്റെ ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

28 പെരുവന്താനം ഇടവകയിൽ പരേതനായ നോബിൾ കീരഞ്ചിറയുടെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

\- വിളക്കുമാടം ഇടവകയിൽ പരേതനായ ശ്രീ മൈക്കിൾ കള്ളിവയലിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

29 മലയാറ്റൂരിലെ ക്ലോയിസ്റ്റർഡ് കോൺവെന്റിൽ ഒരു സന്യാസാർത്ഥിനിക്ക് സന്യാസ വസ്ത്രം നൽകുകയും പ്രഥമ വ്രതവാഗ്ദാനത്തിൽ മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു.

30 ആനിക്കാട് ഇടവകയിൽ നിര്യാതയായ ബഹു. തോമസ് മുണ്ടി

യാനിക്കൽ അച്ചന്റെ വത്സലമാതാവ് റോസമ്മ തോമസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സിറ്റാഡൽ സ്കൂളിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
- ഇഞ്ചിയാനി സ്നേഹദീപത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

## മാർ മാത്യു അറയ്ക്കൽ

### മേയ് 2021

1 ഇടുക്കി രൂപതാ മുൻമെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ഇടുക്കി രൂപതാ AKCC സംഘടിപ്പിച്ച ഓൺലൈൻ അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നൽകി.

3 പരേതനായ ബഹുമാനപ്പെട്ട മാത്യു പിണമറുകിൽ അച്ചനുവേണ്ടി മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ എത്തി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

4 ബഹുമാനപ്പെട്ട മാത്യു പിണമറുകിൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ വിശുദ്ധ കുർബാനയ്ക്കിടെ മുഖ്യസന്ദേശം നൽകി. മൃതസംസ്ക്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

12 പെരുവന്താനം സെന്റ് ജോസഫ് ഫൊറോനാപ്പള്ളിയിൽ പരേതനായ കെ.ജെ. സ്കറിയ കണിയാംപറമ്പിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

13 ചങ്ങനാശ്ശേരി രൂപതയിലെ ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

- പരേതനായ ബഹുമാനപ്പെട്ട ജോസഫ് ചെരുവിലച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് മുഖ്യകാർമ്മികത്വം

വഹിച്ചു.

19 മരിയൻ കോളേജിലെ ദീർഘവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട ജെയിംസ് കോഴിമല അച്ചനും, അദ്ധ്യാപനവൃത്തിയിൽ നിന്ന് വിരമിക്കുന്ന ബഹുമാനപ്പെട്ട സാബു സാറിനും മരിയൻ കുടുംബം ഓൺലൈനായി നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

20 13-ാം കേരളാ ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

23 ഏലപ്പാറ സെന്റ് അൽഫോൻസാ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

28 പരേതനായ ബഹുമാനപ്പെട്ട ജോസഫ് തൂങ്കുഴിയച്ചനുവേണ്ടി പാലമ്പ്ര ഗത്സെമനി ഇടവകയിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

\- സ്വപിതാവിന്റെയും ജേഷ്ഠസഹോദരവൈദികന്റെയും ചരമവാർഷികത്തോടനുബന്ധിച്ച് എരുമേലി അസംപ്ഷൻ ഫൊറോനാപ്പള്ളി സെമിത്തേരിയിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

29 പരേതനായ ബഹുമാനപ്പെട്ട തൂങ്കുഴിയച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് അണക്കര സെന്റ് തോമസ് ഫൊറോനാപ്പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 പരേതനായ ജോസഫ് തൂങ്കുഴിയച്ചനുവേണ്ടി തൂങ്കുഴികുടുംബയോഗം ഓൺലൈനായി നടത്തിയ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്ത് മുഖ്യസന്ദേശം നൽകി.

31 കോട്ടയം അതിരൂപതാംഗവും സഹപാഠിയുമായ പരേതനായ ബഹുമാനപ്പെട്ട ജോൺ ചേത്തല്ലിൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലെ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ 2021**

5 കത്തീഡ്രൽ ഇടവകയിൽ പരേതനായ ഔസേപ്പച്ചൻ മാളിയേക്കലിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ

കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- ആനിക്കാട് സെന്റ് മേരീസ് ഇടവകയിൽ പരേതയായ ഏലിയാമ്മ പഴേപറമ്പിലിനുവേണ്ടി ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

7 കാരികുളം ഫാത്തിമമാതാ ഇടവകയിൽ പരേതനായ റ്റി.ജെ. ദേവസ്യ തെക്കേവയലിനുവേണ്ടി ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് കുട്ടിക്കാനം എസ്.എച്ച്. ഹോസ്റ്റലിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 രൂപതാ കേന്ദ്രത്തിലെ സുദീർഘമായ ശുശ്രൂഷയ്ക്കുശേഷം പൊടിമറ്റം സെന്റ് മേരീസ് ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന ബഹു. മാർട്ടിൻ വെള്ളിയാംകുളം അച്ചന് പാസ്റ്ററൽ സെന്ററിൽ വച്ച് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

28 ചങ്ങനാശ്ശേരി അതിരൂപത ചെത്തിപ്പുഴ തിരുഹൃദയ ഇടവകയിലെ എൽസമ്മ മാത്യു പുല്ലുകാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദേവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

- പരേതനായ ശ്രീ മൈക്കിൾ കള്ളിവയലിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങളിൽ പങ്കെടുത്ത് ദേവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

29 ആനിക്കാട് സെന്റ് മേരീസ് ഇടവകയിൽ പരേതയായ റോസമ്മ മുണ്ടിയാനിയുടെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 സീറോ മലബാർ ബിഷപ്പ്സിനായി നടത്തിയ ഓൺലൈൻ മാസധ്യാനത്തിൽ പങ്കെടുത്തു.

- ആനിക്കാട് സെന്റ് മേരീസ് ഇടവകയിൽ പരേതനായ ടി.ടി ജോസ് തോട്ടുപുറത്തിന്റെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## July - 2021

| Date | Programme | Place | Time |
|---|---|---|---|
| 03 | Holy Qurbana | Cathedral | 8.00 am |
| - | Webinar | - | 10.30 am |
| - | Jubilee Inauguration | Penuel Ashram | 11.30 am |
| - | Zoom Meeting | - | 6.00 pm |
| 8 | Baptism | Kattappana | 4.30 pm |
| 10 | Webinar | - | 10.00 am |
| 18-23 | Retreat | Alapuzha | |
| 27 | Webinar | - | 6.00 pm |

# HOMAGE TO
## A GREAT VISIONARY AND PHILANTHROPIST



## Sri. Michael A. Kallivayalil
### (1924 – 2021)

"I have experienced much joy and comfort
from your love, my brother,
because your kindness has so often refreshed
the hearts of God's people." (Philemon 1:7)

Saluting your great strides towards the betterment of the people in the high ranges.

MMT HOSPITAL MUNDAKAYAM
KALLIVAYALIL PAPPAN MEMORIAL TRUST NALLATHANNY
MARIAN COLLEGE KUTTIKKANAM (Autonomous)
PEERMADE DEVELOPMENT SOCIETY

MUNDAKAYAM MEDICAL TRUST HOSPITAL
KPMS TRUST
MARIAN COLLEGE KUTTIKKANAM (AUTONOMOUS) MAKING COMPLETE
Peermade Development Society

# 2021 ജൂലൈ
# ശ്ലീഹാ-കൈത്താ കാലങ്ങൾ

| | | |
|---|---|---|
| 1 | വ്യാഴം | റോമാ. 11:1-10, മർക്കോ. 10:46-52 |
| 2 | വെള്ളി | റോമാ. 13:1-6, മത്താ 22:15-22 |
| 3 | ശനി | **മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**<br>ഉത്പ 2:8-17, സുഭാ 4:10-18,<br>എഫേ 2:19-22, യോഹ. 20:24-29 |
| **4** | **ഞായർ** | **✠ ശ്ലീഹാ ഏഴാം ഞായർ**<br>നിയ 4:10-14, ഏശ. 5:8-20,<br>1 കോറി. 16:1-14, ലൂക്കാ. 13:22-30 |
| 5 | തിങ്കൾ | 2 കോറി. 2:5-11, മത്താ. 12:38-42 |
| 6 | ചൊവ്വ | റോമാ. 13:7-10, മർക്കോ. 1:29-34 |
| 7 | ബുധൻ | 1 കോറി. 7:17-24, ലൂക്കാ 16:9-17 |
| 8 | വ്യാഴം | 2കോറി. 4:1-6, മത്താ. 23: 13-22 |
| 9 | വെള്ളി | റോമാ. 8:28-39, മത്താ. 10:37-42 |
| 10 | ശനി | 1 കോറി. 7:8-16, മത്താ. 19:1-12 |
| **11** | **ഞായർ** | **✠ കൈത്താ ഒന്നാം ഞായർ**<br>1 രാജാ. 18:30-39, ശ്ലീഹ. 5:12-20,<br>1 കോറി. 1:9-16, ലൂക്കാ. 14:7-14 |
| 12 | തിങ്കൾ | 1 കോറി. 11:17-22, മത്താ 21:28-32 |
| 13 | ചൊവ്വ | 1 കോറി. 14:20-25, ലൂക്കാ 19:11-27 |
| 14 | ബുധൻ | 1 തിമോ. 6:11-16, യോഹ. 10:22-28 |
| 15 | വ്യാഴം | 1 കോറി. 14:13-19, യോഹ. 8:48-59 |
| 16 | വെള്ളി | 2 കോറി. 10:3-11, ലൂക്കാ 12:4-12 |
| 17 | ശനി | 2 കോറി. 6:14-18, മർക്കോ. 2:1-12 |
| **18** | **ഞായർ** | **✠ കൈത്താ രണ്ടാം ഞായർ**<br>നിയ. 4:32-40, ഏശ. 4:2-6,<br>2 കോറി. 3:4-12, ലൂക്കാ. 15:11-32 |
| 19 | തിങ്കൾ | യാക്കോ. 1:12-18, മത്താ. 7:21-28 |
| 20 | ചൊവ്വ | യാക്കോ. 4:1-7a, ലൂക്കാ 6:20-26 |
| 21 | ബുധൻ | 2 കോറി. 4:14-5:1, യോഹ 12:23-28 |
| 22 | വ്യാഴം | യാക്കോ. 1:2-8, മർക്കോ. 11:12-14, 20-26 |
| 23 | വെള്ളി | 1 കോറി. 15:1-11, യോഹ. 20:19-29 |
| 24 | ശനി | യാക്കോ. 2:1-8, ലൂക്കാ. 14:15-24 |
| **25** | **ഞായർ** | **✠ കൈത്താ മൂന്നാം ഞായർ**<br>നിയ 5:6-16 (5:1-16), ഏശ. 5:1-7,<br>2 കോറി. 7:1-11, യോഹ. 9:1-12, 35-38 |
| 26 | തിങ്കൾ | യാക്കോ. 2:21-26, മത്താ. 23:34-39 |
| 27 | ചൊവ്വ | യാക്കോ. 3:13-18, ലൂക്കാ 4:25-30 |
| 28 | ബുധൻ | ഗലാ 2:19-21, യോഹ 12:20-26 |
| 29 | വ്യാഴം | യാക്കോ. 5:13-20, മത്താ 10:5-15 |
| 30 | വെള്ളി | എഫേ 3:14-21, മർക്കോ 8:22-26 |
| 31 | ശനി | യാക്കോ. 4:13-17, ലൂക്കാ. 9:49-56 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850    Printing : Amala offset Kanjirapally 204654